# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഓഗസ്റ്റ് 11 | ദീപം 55 | നാളം 23 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## സ്വാതന്ത്ര്യം മഹാത്മജി തെളിച്ചിട്ട മോക്ഷമാർഗം



ഡോ. കുര്യാസ് കുമ്പളക്കുഴി

ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം പിറന്നാൾ പിന്നിടുകയാണ്. 1947 ഓഗസ്റ്റ് 14 അർദ്ധരാത്രിക്ക് ഇന്ത്യയുടെ നെഞ്ചിൽനിന്ന് യൂണിയൻ ജായ്ക്കിന്റെ ഭാരം ഒഴിയുകയും തൽസ്ഥാനത്ത് ദേശീയ പതാക ഉയരുകയും ചെയ്തു. 1757 ലെ പ്ലാസിയുദ്ധപരാജയത്തിലൂടെ ഇന്ത്യയുടെ തോളിൽ വയ്ക്കപ്പെട്ട അടിമത്തത്തിന്റെ നുകം എടുത്തുമാറ്റപ്പെട്ടു. ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ ഇന്ത്യയ്ക്കും ശിരസ്സുയർത്തിനില്ക്കാമെന്നായി.

ഇന്ത്യയിലെ ജനങ്ങൾ ഒന്നടങ്കം സ്വാതന്ത്ര്യത്തെ ഹൃദയം തുറന്നു വരവേറ്റു എന്നു പറയാമോ? ഇന്ത്യയിലെ അധഃസ്ഥിതവിഭാഗങ്ങൾക്കു കടുത്ത ഉത്കണ്ഠയുണ്ടായിരുന്നു. ജാതിഭേദങ്ങളെയും അവയുടെ അടിസ്ഥാനത്തിൽ ഇവിടെ നടമാടിയിരുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ബ്രിട്ടീഷ് ഭരണകൂടം അംഗീകരിച്ചിരുന്നില്ലെന്നു മാത്രമല്ല, രാജാറാം മോഹൻറോയിയെപ്പോലുള്ളവരുടെ നേതൃത്വത്തിൽ ഉയർന്നുവന്ന നവോത്ഥാനസംരംഭങ്ങളെ അവർ പരോക്ഷമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇതിന്റെ പ്രത്യാശാവഹമായ മികച്ച ഉദാഹരണമായിരുന്നു 1829 ലെ സതിനിരോധനം.

എന്നാൽ, ബ്രിട്ടീഷുകാർ അധികാരമൊഴിയുന്നതോടെ പഴയ സവർണമേധാവിത്വവും ജാതികൃതമായ അനാചാരങ്ങളും മടങ്ങിവരുമോ എന്ന് അധഃസ്ഥിതവിഭാഗങ്ങൾ ഭയപ്പെട്ടു. മലയാളത്തിന്റെ മഹാകവി കുമാരനാശാന്റെ,

എന്തിന്നു ഭാരതധരേ,
കരയുന്നു പാര-
തന്ത്ര്യം നിനക്കു
വിധികല്പിതമാണു തായേ!
ചിന്തിക്ക ജാതി
മദിരാന്ധരടിച്ചു തമ്മി-
ലന്തപ്പെടും തനയ,
രെന്തിനയേ സ്വരാജ്യം?

എന്ന വരികളിൽ ഉള്ളടങ്ങുന്നത് ഈ ഭയമാണ്.

പക്ഷേ, ഈ ഭയം ആവശ്യമുണ്ടായിരുന്നില്ലെന്ന് പില്ക്കാലഭാരതം തെളിയിച്ചു. നിരവധി ഉത്തേജനപരിപാടികളിലൂടെ ഇന്ത്യയിലെ അധഃസ്ഥിതവിഭാഗങ്ങളുടെ വികസനക്കുതിപ്പിനു ശക്തിപകരാൻ നമ്മുടെ രാഷ്ട്രനേതാക്കൾക്കു കഴിഞ്ഞു. അല്ലായിരുന്നെങ്കിൽ, സ്വാതന്ത്ര്യത്തിന്റെ ഏഴാം ദശകത്തിൽ ദ്രൗപദി മുർമു എന്ന ഗോത്രവർഗവനിത ഇന്ത്യൻ രാഷ്ട്രപതിയുടെ കിരീടം ചൂടുമായിരുന്നില്ല; കേരളത്തിലെ പിന്നാക്കസമുദായങ്ങളിലൊന്നിൽനിന്നു പഠിച്ചുയർന്ന കെ.ആർ. നാരായണൻ 1992-97 കാലത്ത് ഇന്ത്യയുടെ ഉപരാഷ്ട്രപതിയും 1997-2002 കാലത്ത് ഇന്ത്യയുടെ രാഷ്ട്രപതിയും ആകുമായിരുന്നില്ല.

1947 ൽ കൈമാറി വാങ്ങിയ സ്വാതന്ത്ര്യം ഇന്ത്യ ഫലപ്രദമായി പ്രയോജനപ്പെടുത്തിയതിന്റെ ഉന്നതരാഷ്ട്രീയ ഉദാഹരണങ്ങളാണ് കെ.ആർ. നാരായണനും ദ്രൗപദി മുർമുവും. അവസരസമത്വം ജാതിഭേദമോ സാമ്പത്തികഭേദമോ ഇല്ലാതെ എല്ലാവർക്കും കൈയെത്തിപ്പിടിക്കാവുന്നതാണെന്ന് ലോകത്തിന്റെ മുമ്പിൽ ഇന്ത്യ തെളിയിച്ചു.

▶ 9



ഡോ. ജോർജ് ഓണക്കൂർ

ജീവിതാവസ്ഥകളിൽ ഏറ്റവും നിന്ദ്യവും ആത്മനിന്ദയുളവാക്കുന്നതുമാണ് അടിമത്തം. വ്യക്തിജീവിതത്തിലും സാമൂഹികബന്ധങ്ങളിലും ഒക്കെത്തന്നെ അടിമത്തം വിധിയാകുമ്പോൾ ആത്മാഭിമാനം തകർന്നുവീഴുന്നു; ജീവിതത്തിന്റെ അധോതലങ്ങളിലേക്കു ചവിട്ടിത്താഴ്ത്തപ്പെടുന്നു. ജാതിയുടെയും മതത്തിന്റെയും സാമൂഹികമായ ഉച്ചനീചത്വങ്ങളുടെയുമൊക്കെപ്പേരിൽ അടിമത്തം തങ്ങളുടെ വിധിയാണെന്നു കരുതിപ്പോന്ന എത്രയോ പാവങ്ങൾ നമ്മുടെ ചരിത്രത്തിലുണ്ട്!

ജാതീയമായ അടിമത്തമാണ് ഒരുപക്ഷേ, ഏറ്റവും ക്രൂരമായി അനുഭവപ്പെടുന്നത്. ചില സമുദായങ്ങളിൽ ജനിച്ചുപോയി എന്നതുകൊണ്ട് അവർ അടിമവേല ചെയ്യാൻ വിധിക്കപ്പെട്ടിരിക്കുന്നു. ഉയർന്ന വർഗക്കാരുടെ അനുശാസനങ്ങൾക്കു വിധേയരാകാൻ ബാധ്യതപ്പെട്ടവരാണ് തങ്ങളെന്ന് അവർ കരുതുന്നു. തങ്ങളുടെ കർമഫലമാണ് ഇതൊക്കെ എന്നുപോലും കരുതിപ്പോന്ന സാധുക്കളായ മനുഷ്യർ നമ്മുടെ സമൂഹത്തിലുണ്ട്. അങ്ങനെ, അടിമകളെ സൃഷ്ടിച്ച് അടിമത്തം വിധിയാണെന്നു വിശദീകരിച്ച ആ പൂർവകാലത്തിന്റെ ഓർമകളെ വലിച്ചെറിയാൻ പിൽക്കാലത്ത് രാഷ്ട്രതന്ത്രജ്ഞരും സാമൂഹികപരിഷ്കർത്താക്കളുമൊക്കെ പ്രത്യേകമായി ശ്രദ്ധിച്ചിട്ടുണ്ട്.

## അമ്മഭാരതമേ അഭിമാനിനി നീ

സംഘടിച്ചു ശക്തരാവുകയും അടിമത്തത്തിന്റെ നുകത്തിൽനിന്നു മോചനം നേടുകയും വേണമെന്ന് ഉദ്ബോധിപ്പിച്ച ശ്രീനാരായണ ഗുരു വർത്തമാനകാലത്തും ശ്രദ്ധേയനാണ്. അതുപോലെ, മഹാത്മാ അയ്യൻകാളി ഒരു ജനതയുടെ അടിച്ചേല്പിക്കപ്പെട്ട അടിമത്തത്തെ തകർക്കാൻ ശ്രമിച്ച ജനനേതാവാണ്. ജാതിഭേദവും മതദ്വേഷവും മനുഷ്യരല്ലാതാക്കിയ ഒരു വിഭാഗം ജനങ്ങളെ വിദ്യകൊണ്ടു പ്രബുദ്ധരാക്കാൻ ശ്രമിച്ച മഹാത്മാക്കളെ നമുക്കറിയാം. ഓരോ പള്ളിയോടൊപ്പവും പള്ളിക്കൂടം വേണമെന്നു നിർബന്ധം പിടിച്ച ചാവറ കുര്യാക്കോസ് ഏലിയാസച്ചനും വിദ്യകൊണ്ടു പ്രബുദ്ധരാകാനുപദേശിച്ച ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളുമൊക്കെ അവരിൽ പ്രമുഖരാണ്. വാസ്തവത്തിൽ, ചരിത്രം കൊണ്ടാടേണ്ട മഹാപുരുഷന്മാർ എന്ന് നമുക്ക് ഇവരെക്കുറിച്ചു പറയാൻ കഴിയും.

▶ 12



മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 55 – ാം വർഷം

# ലോകചതുരംഗക്കളിയിലെ ഇന്ത്യൻപ്രതീക്ഷകൾ

## ഇന്ത്യ ആദ്യമായി ആതിഥേയരാകുന്ന ലോക ചെസ് ഒളിമ്പ്യാഡിന് ചെന്നൈയിൽ ആവേശോജ്ജ്വലമായ തുടക്കം



ജിസ്മോൻ മാത്യു

ചെന്നൈ മുതൽ മഹാബലിപുരം വരെ ഏകദേശം അമ്പതു കിലോമീറ്റർ. എയർപോർട്ട് മുതൽ മഹാബലിപുരത്തെ 'ഫോർ പോയിന്റ് ഷെറാട്ടൺ' റിസോർട്ടുവരെയുള്ള റോഡുകളും പാലങ്ങളും നിറയെ ചതുരംഗക്കളങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. അതിലെ ചീറിപ്പായുന്ന വാഹനങ്ങൾ കണ്ടാൽ ആന, കുതിര, കാലാൾ, തേരുകളാണെന്നു തോന്നിപ്പോകും. തമിഴ്നാട്ടിലെ ഈ ഒരുക്കങ്ങളും ചിട്ടയായ കരുനീക്കങ്ങൾതന്നെ. ഇതു വർഷങ്ങൾ നീണ്ട മുന്നൊരുക്കത്തിന്റെ ഫലസമാപ്തിയാണെന്നു കരുതിയാൽ നിങ്ങൾക്കു തെറ്റി. വെറും നാലു മാസം മുമ്പാണ് ലോക ചെസ് ഫെഡറേഷൻ ഭൂമുഖത്തെ ഏറ്റവും വലിയ ചെസ് മാമാങ്കമായ 'ചെസ് ഒളിമ്പ്യാഡ്' ഇന്ത്യയ്ക്കു നൽകുന്നത്. യുദ്ധവും മറ്റു രാഷ്ട്രീയസാഹചര്യങ്ങളും കാരണം, മോസ്കോയിൽനിന്ന് ഈ മഹാചെസ് മേള ഇന്ത്യയിലെത്തി. നാല്പത്തിനാലു വർഷത്തെ ചെസ് ഒളിമ്പ്യാഡിന്റെ ചരിത്രത്തിലാദ്യമായി ഭാരതം ഒളിമ്പ്യാഡ് വേദിയാക്കപ്പെട്ടു.

അഖിലേന്ത്യാ ചെസ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ഭരത് സിങ് ചൗഹാൻ, തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിനെക്കണ്ട് ഈ വിവരം പറഞ്ഞപ്പോൾത്തന്നെ ഇതിന്റെ വേദി തമിഴ്നാട് എന്നു തീരുമാനിക്കപ്പെട്ടു. വിശ്വനാഥൻ ആനന്ദ് എന്ന ലോകചാമ്പ്യനു ജന്മംകൊടുത്ത തമിഴ്നാട് എന്തുകൊണ്ടും ഇതിനു യോജിച്ചതുതന്നെ. തമിഴ്നാട് സർക്കാർ ഇതിന്റെ ചെലവിലേക്കായി 94 കോടി രൂപ അനുവദിച്ചു. പിന്നീടത് 104 കോടിയായി ഉയർത്തി. കൂടാതെ, ഇന്ത്യൻ ടീമിനു മാത്രമായി ഒരുകോടി രൂപയുടെ മറ്റൊരു സ്പോൺസറിങ്ങും.

ഇദംപ്രഥമമായി ഭാരതത്തിൽ നടക്കുന്ന ലോക ചെസ് ഒളിമ്പ്യാഡിന് ഒട്ടേറെ സവിശേഷതകളുണ്ട്. ഇത്രയധികം രാജ്യങ്ങൾ മാറ്റുരയ്ക്കുന്നത് ഇതാദ്യം. 187 രാജ്യങ്ങൾ... ഒളിമ്പിക് ടോർച്ച് റാലിയും ഇതാദ്യം. ഭാരതത്തിലെ പ്രധാന നഗരങ്ങളടക്കം എഴുപത്തെട്ടു കേന്ദ്രങ്ങളിൽ ദീപശിഖയുമായി ഗ്രാൻഡ്മാസ്റ്റർമാരെത്തി.

ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ ജൂലൈ 28 ന് ഭാരതത്തിന്റെ പ്രധാനമന്ത്രി നരേന്ദ്ര മോദി ദീപം തെളിച്ചതോടെ നാല്പത്തിനാലാം ചെസ് ഒളിമ്പ്യാഡിനു തുടക്കമായി. വനിതാവിഭാഗത്തിൽ 162 ടീമുകളും ഓപ്പൺ വിഭാഗത്തിൽ 188 ടീമുകളും മത്സരിക്കുന്നുണ്ട്.

ആതിഥേയരാജ്യമെന്ന നിലയിൽ ഇന്ത്യ മൂന്നു ടീമുകളെ വീതം ഇരുവിഭാഗങ്ങളിലും ഇറക്കിയിട്ടുണ്ട്. 11 റൗണ്ട് മത്സരങ്ങളാണ് ഒളിമ്പ്യാഡിനുള്ളത്. ഒരു ടീമിൽ അഞ്ചുപേർ വീതം. അതിൽ നാലുപേരാണ് ഓരോ റൗണ്ടിലും കളിക്കേണ്ടത്. ശേഷിക്കുന്നയാൾ റിസർവ് കളിക്കാരനായി പുറത്തിരിക്കും. ഓരോ ടീമിലും ഒരു ക്യാപ്റ്റൻ ഉണ്ടായിരിക്കണം. ക്യാപ്റ്റൻ കളിക്കാരനായിരിക്കണം എന്നില്ല. 'നോൺ പ്ലേയിങ് ക്യാപ്റ്റനും' അനുവദനീയമാണ്. ആദ്യറൗണ്ട് മത്സരങ്ങൾ തുടങ്ങിയ ജൂലൈ 29 ന് രാവിലെ പത്തു മണിക്ക് ഓരോ ബോർഡിലും കളിക്കേണ്ട കളിക്കാർ ആരൊക്കെയെന്ന് ഓരോ രാജ്യവും തീരുമാനിച്ച് അതിന്റെ ലിസ്റ്റ് ചീഫ് ആർബിറ്ററെ (റഫറി) ഏല്പിച്ചുകഴിഞ്ഞു. ഒന്നുമുതൽ അഞ്ചുവരെ അഞ്ചു കളിക്കാരെ ലിസ്റ്റു ചെയ്തുകഴിഞ്ഞാൽ മത്സരങ്ങൾ അവസാനിക്കുന്നതുവരെ ഇതിന്റെ 'ഓർഡർ' മാറ്റാനാവില്ല. ഉദാഹരണത്തിന് ഇന്ത്യൻ എ ടീം 1. പി. ഹരികൃഷ്ണ 2. വിദ്യുത് ഗുജറാത്തി 3. അർജുൻ എരിഗാസി 4. എസ്. എൽ. നാരായണൻ 5. കെ. ശശികിരൺ എന്നിങ്ങനെയാണ് 'ബോർഡ് ഓർഡർ.' ഇതിൽ ഒന്നാം ബോർഡിൽ കളിക്കുന്ന ഹരികൃഷ്ണയ്ക്ക് ഒന്നാം ബോർഡിൽ മാത്രമേ കളിക്കാനാവൂ. അദ്ദേഹം ഒന്നാം ബോർഡിൽനിന്നു മാറിയാൽ രണ്ടാം ബോർഡിലെ ഗുജറാത്തി ഒന്നാം ബോർഡിലും, മൂന്നാം ബോർഡിലെ അർജുൻ രണ്ടാം ബോർഡിലും; നാലാം ബോർഡിലെ നാരായണൻ മൂന്നാം ബോർഡിലും, അഞ്ചാം ബോർഡിലെ ശശികിരൺ നാലാം ബോർഡിലും കളിക്കണം. അടുത്ത റൗണ്ടിൽ വീണ്ടും ആദ്യത്തെ ജനറൽ ബോർഡ് ഓർഡർ പ്രകാരം ഒന്നുമുതൽ അഞ്ചുവരെ. അതിൽനിന്ന് ഒരാൾക്ക് റിസർവാകാം. അപ്പോഴും ബോർഡ് ഓർഡർ തെറ്റാതെ ബാക്കി കളിക്കാർ ഇരിക്കേണ്ടതാണ്. ഇപ്രകാരം 'ജനറൽ ബോർഡ് ഓർഡറും' ഓരോ റൗണ്ടിനും 'റൗണ്ട് ബോർഡ് ഓർഡറും' ഉണ്ടായിരിക്കണം. റൗണ്ട് ബോർഡ് ഓർഡർ തന്നിട്ടില്ലെങ്കിൽ ആ ടീം ജനറൽ ബോർഡ് ഓർഡറിലായിരിക്കും, അതായത്, അഞ്ചാമൻ റിസർവ്.

ഒരാൾ ഒരു കളി ജയിച്ചാൽ ഒരു പോയിന്റും സമനിലയായാൽ അര പോയിന്റും തോറ്റാൽ പൂജ്യം പോയിന്റും നേടും. അങ്ങനെ നാലുപേരും വിജയിച്ചാൽ ആ ടീമിന് ഗയിം പോയിന്റ് നാല്. മാച്ച് ജയിച്ചതിനാൽ മാച്ച് പോയിന്റ് 2 എന്നിങ്ങനെ പോയിന്റുകൾ കിട്ടുന്നു. ഒരു ടീമിലെ നാലു പേർ മറ്റേ ടീമിലെ നാലു പേരോട് നാലു വ്യത്യസ്ത ബോർഡിലാണ് ഏറ്റുമുട്ടുന്നത്. അവർക്കു പരസ്പരം യാതൊരു വിധത്തിലുള്ള ആശയവിനിമയവും പാടില്ല. കളിക്കുന്നതും ജയിക്കുന്നതും ഒറ്റയ്ക്കുതന്നെ. എന്നാൽ, പോയിന്റു കൂട്ടുന്നത് ടീമിനു മൊത്തമായിട്ടായിരിക്കും.

ഒരു ടീം ആ റൗണ്ട് മാച്ച് ജയിക്കാൻ നാലിൽ രണ്ടര പോയിന്റ് മതി. രണ്ടര, മൂന്ന്, മൂന്നര, നാല് ഇവയിൽ ഏതു പോയിന്റ് ടീം നേടിയാലും മാച്ച് പോയിന്റ് 2 കിട്ടുന്നു. ഒരു ടീം സമനിലയിലായാൽ (2-2 സ്കോർ) രണ്ടു ടീമിനും മാച്ച് പോയിന്റ് ഒന്നു വീതം കിട്ടും. ആകെയുള്ള പതിനൊന്ന് റൗണ്ടുകളിൽ ഏറ്റവും കൂടുതൽ മാച്ച് പോയിന്റ് കിട്ടുന്ന ടീമാണ് വിജയിക്കുക. മാച്ച് പോയിന്റ് തുല്യമായാൽ 'ഗെയിം പോയിന്റ്' (ഓരോ കളിക്കാരനും വ്യക്തിപരമായി നേടിയ ആകെ പോയിന്റുകൾ) നോക്കും. അതും തുല്യമായാൽ മറ്റ് ടൈ ബ്രേക്ക് സ്കോറുകൾ നോക്കി വിജയിയെ നിശ്ചയിക്കും.

ഓപ്പൺവിഭാഗത്തിൽ ആകെ 937 കളിക്കാർ. വനിതാവിഭാഗത്തിൽ 800 കളിക്കാർ. ഇവരെ നിയന്ത്രിക്കാൻ ഇരുനൂറോളം ആർബിറ്റർമാർ, നാനൂറ് വോളണ്ടിയേഴ്സ്, 84 ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ, നാനൂറു പോലീസുകാർ വേന്യുവിൽ മാത്രം. ഇത്രയുംപേർക്ക് വിവിധങ്ങളായ ഭക്ഷണം പാകം ചെയ്യാൻ നിരവധി പാചകവിദഗ്ധർ. ഇത്രയും സന്നാഹങ്ങൾ മഹാബലിപുരത്തുമാത്രം ഒരുക്കിയിരിക്കുന്നു. കേന്ദ്രസംസ്ഥാന മന്ത്രിമാരുടെ സാന്നിധ്യവും അവിടെയുണ്ട്.

ഓപ്പൺ വിഭാഗത്തിൽ ഒന്നാം സീഡ് അമേരിക്കയാണ്. വ്യക്തിഗത റേറ്റിങ് നോക്കിയാൽ 2, 3, 4, 7, 10 സ്ഥാനങ്ങൾ വരുന്നത് അമേരിക്കക്കാരാണ്. ഒന്നാം സ്ഥാനത്ത് വ്യക്തിഗത റേറ്റിങ് ഉള്ള ലോകചാമ്പ്യൻ മാഗ്നസ് കാൾസണ് പക്ഷേ, സഹകളിക്കാരുടെ അധികപിന്തുണ ലഭിക്കാതെ വരുന്നു. അതുകൊണ്ട്, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയ്ക്കുതന്നെയാണ് വിജയസാധ്യത. നക്കാമുറ, വെസ്ലിസോ എന്നിവർ ഉൾക്കൊള്ളുന്ന ഉജ്ജ്വലടീമാണ് അമേരിക്ക.

ഓപ്പൺ വിഭാഗത്തിൽ രണ്ടാം സീഡ് 'ഇന്ത്യ എ' ആണ്. അതിനാൽ, ഇന്ത്യൻ ടീമിനും മെഡൽ പ്രതീക്ഷയുണ്ട്.

വനിതാവിഭാഗത്തിൽ ഒന്നാം സീഡ് ഇന്ത്യയാണ്. വ്യക്തിഗത റേറ്റിങ് ഏറ്റവും കൂടുതലുള്ള ഗ്രാൻഡ് മാസ്റ്റർ കൊണേരു ഹമ്പിതന്നെയാണ് ഇന്ത്യൻ വനിതാ ടീമിന്റെ തുറുപ്പുചീട്ട്. വനിതാവിഭാഗത്തിലും ഇന്ത്യ മെഡൽ പ്രതീക്ഷ വച്ചുപുലർത്തുന്നു.

എന്നാൽ, ചെസ് പ്രവചനാതീതമാണ്. കളിയിൽ എന്തും സംഭവിക്കാം. ഇന്ത്യയുടെ അദ്ഭുതബാലൻ മലയാളിയായ നിഹാൽ സരിൻ, പ്രഗ്നാനന്ദ എന്നിവർ 'ഇന്ത്യ ബി' ടീമിൽ ഇറങ്ങുന്നുണ്ട്. ശൂന്യതയിൽനിന്ന് അദ്ഭുതങ്ങൾ സൃഷ്ടിക്കുന്ന ഇവർ ചെസ് ബോർഡിൽ എന്തും ചെയ്യും. മലയാളിയായ എസ്.എൽ. നാരായണൻ 'ഇന്ത്യ എ' ടീമിലുമുണ്ട്. ഓഗസ്റ്റ് 9 ന് അറിയാം ഏതു ടീം ട്രോഫിയിൽ മുത്തമിടുമെന്ന്. 'ഹാമിൽട്ടൺ റസ്സൽ' ട്രോഫി ഓപ്പൺ വിഭാഗത്തിലും 'വേരാ മെഞ്ചിക്' ട്രോഫി വനിതാവിഭാഗത്തിലും ആരു നേടും എന്നും അന്നറിയാം.

*(ലേഖകൻ ഇന്റർനാഷണൽ ആർബിറ്ററും, ചെയറും കേരള ആർബിറ്റർ കമ്മീഷൻ ചെയർമാനുമാണ്)*



കൊണേരു ഹമ്പി



എസ്.എൽ. നാരായണൻ



നിഹാൽ സരിൻ



പ്രഗ്നാനന്ദ


# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്രോഗങ്ങൾ
- വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# അട്ടപ്പാടിയുടെ നഞ്ചമ്മ ആയിരങ്ങളുടെ പാട്ടമ്മ

**മികച്ച ഗായികയ്ക്കുള്ള ദേശീയ ചലച്ചിത്രപുരസ്കാരം നേടിയ അട്ടപ്പാടിയിലെ ആദിവാസി കലാകാരി നഞ്ചിയമ്മ പുതിയ ചരിത്രമെഴുതി. ക്യാമറയ്ക്കു മുന്നിൽ നഞ്ചിയമ്മ ആദ്യമായി പാടുകയും അഭിനയിക്കുകയും ചെയ്ത ആദിവാസി ഭാഷയിലെ ലഘുസിനിമയായ 'അഗ്ഗെദ് നായാഗ'യുടെ സംവിധായിക സിന്ധു സാജൻ നഞ്ചിയമ്മയുമായി നടത്തിയ അഭിമുഖം.**



സിന്ധു സാജൻ

◊ *'അയ്യപ്പനും കോശിയും' എന്ന ചിത്രത്തിൽ നഞ്ചിയമ്മ പാടിയ 'കളക്കാത്ത സന്ദനമേറെ' എന്ന പാട്ടാണല്ലോ നാലു കോടിയിലേറെ ആളുകൾ കേട്ടത്. എന്തായിരിക്കും ഈ പാട്ട് ഇത്രയേറെ ജനകീയമാകാൻ കാരണം? ഇരുളഭാഷയുടെ അർത്ഥമറിയാഞ്ഞിട്ടുപോലും കൊച്ചുകുട്ടികളടക്കം ഈ പാട്ട് പാടിയും ആടിയും നെഞ്ചേറ്റിയല്ലോ?*

അതാണ് ഞങ്ങളുടെ പാട്ടിന്റെ പ്രത്യേകത. ഞങ്ങളുടെ ഇരുളഭാഷയിലെ പാട്ടാണ് അത്. അതിന്റെ അർത്ഥം കേൾക്കുമ്പോൾ സന്തോഷമല്ലേ? ഞങ്ങളുടെ എല്ലാ പാട്ടുകളും അങ്ങനെയാണ്. പാട്ടിനെക്കാൾ അതിന്റെ താളത്തിനാണു പ്രാധാന്യം. ഞങ്ങളുടെ പാട്ടുകൾ വെറുതെ പാടി ആസ്വദിക്കാനുള്ളതല്ല; പാട്ടിനൊപ്പം കളിക്കാനുള്ളതാണ്. അതു കേൾക്കുമ്പോ ആരുടെയും ഹൃദയം ഒന്നു തുള്ളിപ്പോകും. വിരലുകൾ അറിയാതെ താളം പിടിക്കും. കാലുകൾ ചുവടുവയ്ക്കും. അതുകൊണ്ടൊക്കെയാവും എല്ലാവർക്കും ഇഷ്ടമായത്.

◊ *അട്ടപ്പാടിയുടെ പാട്ടുകൾക്കും സംഗീതത്തിനുമുള്ള മറ്റു പ്രത്യേകതകൾ എന്തൊക്കെയാണ്?*

അട്ടപ്പാടിയിൽ മൂന്നുവിഭാഗം ആദിവാസികളുണ്ട്. ഇരുളർ, മുഡുഗർ, കുറുമ്പർ. മൂന്നു കൂട്ടർക്കും ഓരോ ഭാഷയുണ്ട്. പക്ഷേ, ഞങ്ങളുടെ ഭാഷയ്ക്ക് എഴുത്തുരൂപം (ലിപി) ഇല്ല. ഞങ്ങൾക്ക് എഴുതാനും വായിക്കാനും അറിയില്ലായിരുന്നു. അതുകൊണ്ട് ഞങ്ങൾ പാരമ്പര്യമായി ഞങ്ങളുടെ ചരിത്രവും അറിവുകളും സന്തോഷങ്ങളുമൊക്കെ അടുത്ത തലമുറയ്ക്കു പകർന്നുനൽകിയിരുന്നത് പാട്ടിലൂടെയായിരുന്നു. പാടിപ്പാടി ഓരോ കാര്യവും ഞങ്ങളുടെ മനസ്സിലങ്ങ് ഉറയ്ക്കും. അത് ഞങ്ങൾ പാട്ടിലൂടെ ഞങ്ങളുടെ മക്കൾക്കും പകർന്നുകൊടുക്കും.

മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധമാണ് പല പാട്ടുകളുടെയും ജീവൻ. പിന്നെ പക്ഷിമൃഗാദികളെക്കുറിച്ച്, അമ്മയും കുട്ടിയും ചേർന്ന പാട്ടുകൾ, കാമുകീകാമുകന്മാരെക്കുറിച്ചുള്ളവ ഒക്കെ ഞങ്ങൾക്കുമുണ്ട്. കൃഷിസമയത്ത് വിത്തിറക്കുന്നതിനും വിളവെടുക്കുന്നതിനുമൊക്കെയായി ഇഷ്ടംപോലെ കൃഷിപ്പാട്ടുകളും ഞങ്ങൾക്കുണ്ട്. പാടത്ത് കാവലിരിക്കുമ്പോൾ കിളിയെ ഓടിക്കാനായും പാട്ടുകളുണ്ട്.

മുമ്പൊക്കെ ഞങ്ങടെ മുത്തച്ഛന്മാർ കാവൽമാടങ്ങൾ കെട്ടി രാത്രിയും കൃഷിക്കു കാവലിരിക്കും. പന്നിയും ആന, കരടി തുടങ്ങിയ കാട്ടുമൃഗങ്ങളും ശല്യം ചെയ്യാതിരിക്കാൻ അവർ ഉറക്കെ പാട്ടുപാടും. ഇങ്ങനെ ഓരോരോ സന്ദർഭത്തിനായി പലപല പാട്ടുകൾ ഞങ്ങൾക്കുണ്ട്.

◊ *എന്തൊക്കെ വാദ്യോപകരണങ്ങളാണ് പാട്ടിന് അകമ്പടിയായി ഉപയോഗിക്കാറുള്ളത്?*

പ്രധാനമായും നാല് വാദ്യോപകരണങ്ങളാണുള്ളത്. പെറെ, ദെവില്, കൊഗാല്, ജാൽറ എന്നിവയാണത്. ഇതിൽ പെറെയും ദെവിലും കൊട്ടാനുള്ളതാണ്. കൊഗാല് എന്നാൽ ഒരു പീപ്പിയാണ്. ഇലത്താളംപോലെ താളം പിടിക്കാനുള്ളതാണ് ജാൽറ.

ഞങ്ങളുടെ പാട്ടുകളധികവും എല്ലാവരും ചേർന്ന് ആട്ടമാടാനുള്ളതാണ്. ആണും പെണ്ണും ഇടവിട്ട് വട്ടത്തിൽനിന്നാണ് ഞങ്ങളുടെ കളി. അതിന്റെ നടുക്കാണ് കൊട്ടുകാരും പാട്ടുകാരും നിൽക്കുക.




കൊഗാല് വായിക്കാനാണ് ഏറ്റവും പ്രയാസം. ശ്വാസനിയന്ത്രണമാണ് കൊഗാലുവായനയുടെ മുഖ്യാകർഷണം. ചെറുപ്പംമുതൽ പ്രത്യേക പരിശീലനം ലഭിച്ചുവന്ന മൂപ്പന്മാരാണ് കൊഗാല് വായിക്കുന്നത്. പുതിയ കുട്ടികൾക്കൊന്നും അതറിയില്ല എന്നത് ഒരു വിഷമമാണ്.

◊ *നഞ്ചിയമ്മയുടെ പ്രകൃതിയോടിണങ്ങിയ ജീവിതത്തെക്കുറിച്ച് ഒന്നു പറയാമോ?*

ഞങ്ങൾ ആദിവാസികളാണ്. കൃഷിയാണ് ഞങ്ങളുടെ തൊഴിലും ജീവിതവും എല്ലാം. അട്ടപ്പാടി തമിഴ്നാട് അതിർത്തിയിലെ ആലാങ്കണ്ടി പുതൂരിലാണ് എന്റെ വീട്. ചെറുപ്പത്തിൽ എന്റച്ഛനും കൂട്ടുകാരുമൊക്കെ ആട്ടംപാട്ടു നടത്തുമ്പോൾ ഞാനും പോയി കണ്ടുനിന്നു കേട്ടുകേട്ടു പഠിച്ചതാണ് ഈ പാട്ടുകളൊക്കെ. പിന്നീട് അഗളിയിൽ നക്കുപ്പതി ഊരിലെ നഞ്ചപ്പനെ കല്യാണം കഴിച്ചാണ് അട്ടപ്പാടിയിൽ എത്തുന്നത്.

ആദിവാസി ആചാരപ്രകാരം കല്യാണം കഴിഞ്ഞ് കുടുംബമാകുന്നവർക്ക് കാരണവന്മാർ ആടുകളെ സമ്മാനിക്കും. ഞങ്ങളുടെ സമ്പാദ്യമാണ് ആടുകൾ. അങ്ങനെ ഞങ്ങൾക്കും അന്ന് കുറെ ആടുകളെ കിട്ടി. ഞാനും നഞ്ചപ്പനും രാവിലെ ആടുകളെ മേയ്ക്കാൻ പോകും. നഞ്ചപ്പൻ പറമ്പിൽ കൃഷിപ്പണി ചെയ്യുമ്പോൾ ഞാൻ ആടുകളെ മേയ്ക്കും. ഇതായിരുന്നു വർഷങ്ങളോളം ഞങ്ങളുടെ ജീവിതം.

നഞ്ചപ്പൻ നല്ല കൊട്ടുകാരൻകൂടിയായിരുന്നു. പാട്ടുകൾ വലിയ ഇഷ്ടവുമാണ്. കൃഷിപ്പണി ചെയ്തു മടുക്കുമ്പോൾ കുന്നിൻപുറത്തിരുന്ന് ഞാൻ പാടും. നഞ്ചപ്പൻ താളംകൊട്ടും. ഇതായിരുന്നു ഞങ്ങളുടെ രസം. നഞ്ചപ്പന് ആദിവാസി കലാകാരനുള്ള ഗവൺമെന്റ് അവാർഡ് കിട്ടിയിട്ടുണ്ട്, 2009 ൽ ആണെന്നു തോന്നുന്നു. ഏഴു വർഷം മുമ്പ് അദ്ദേഹം മരണപ്പെട്ടു. പാട്ടിന്റെ വഴിയിൽ ഞാൻ തനിച്ചായി.

◊ *നഞ്ചപ്പനുവേണ്ടി മാത്രം പാടിയിരുന്ന നഞ്ചിയമ്മയുടെ പാട്ടുകൾ എപ്പോൾ മുതലാണ് ആളുകൾ കേട്ടുതുടങ്ങിയത്?*

ഊരിലെ കമ്മ്യൂണിറ്റി സെന്ററിന്റെ ഒരു പരിപാടിക്ക് എല്ലാവരും ചേർന്ന് എന്നെ പാടാൻ നിർബന്ധിച്ചു. പുറത്തു പാടാനൊക്കെ എനിക്കു വളരെ പേടിയായിരുന്നു. മൈക്ക് കിട്ടിയാലേ ഞാൻ വെറയ്ക്കും. അങ്ങനെ ഞാനവിടെ പാടി. അന്ന് എല്ലാവർക്കും പാട്ട് നന്നായി പിടിച്ചു.

എന്റെ അമ്മായിയച്ഛൻ സ്നേഹമുള്ള മനുഷ്യനായിരുന്നു. പാട്ടുകേട്ടിട്ട് 'ആഹാ എന്റെ മരുമകള് നന്നായി പാടുന്നുണ്ടല്ലോ' എന്നൊക്കെ ആള് പറഞ്ഞ്.

പിന്നെയാണ് പഴനിസ്വാമിയും കുറച്ചു പേരും ചേർന്ന് ആഹാഡ്സിൽ (AHADS) 'ആസാദ് കലാസംഘം' എന്ന പേരിൽ ഒരു ആട്ടം - പാട്ട് ഗ്രൂപ്പ് ഉണ്ടാക്കിയത്. പിന്നെ അതിൽ പാടാൻ അവർ എന്നെ വിളിച്ചു. അങ്ങനെ ഞാൻ ഒരു പാട്ടുകാരിയായി.

◊ *പിന്നീടെപ്പോഴാണ് പാട്ടുമായി നഞ്ചിയമ്മ അട്ടപ്പാടിക്കു പുറത്തേക്കു പോയിത്തുടങ്ങിയത്?*

അഹാഡ്സിൽ ഉണ്ടായിരുന്ന വി.എച്ച്. ദിരാർ സർ ആണ് ഞങ്ങളുടെ ആസാദ് കലാസംഘം എന്ന ഗ്രൂപ്പിന് പല പരിപാടികളും ഏല്പിച്ചുതന്നത്. കേരളത്തിന്റെ എല്ലാ ജില്ലയിലും ആദിവാസി നാടൻ കലാമേളകളിലും കീർത്താഡ്സ്, കില തുടങ്ങിയ പരിശീലനകേന്ദ്രങ്ങളുടെ വിവിധ പരിപാടികളിലും ഞങ്ങൾ ആട്ടം - പാട്ട് അവതരിപ്പിക്കാൻ പോകും. ആണും പെണ്ണുമൊക്കെയായി പത്തുപതിനാറു പേരുണ്ടാകും ഗ്രൂപ്പിൽ.

◊ *ഇത്തരം യാത്രാനുഭവങ്ങൾ ഒരു പങ്കുവയ്ക്കാമോ?*

ഞങ്ങളിൽ പലർക്കും അക്കാലത്ത് ബസിലും ട്രെയിനിലും കേറിയും ഹോട്ടലീന്നു ഭക്ഷണം കഴിച്ചും പതിവില്ലായിരുന്നു. പലപ്പോഴും അത്തരം ഭക്ഷണമൊന്നും ഞങ്ങൾക്കു പിടിക്കില്ല. ഹോട്ടൽമുറികളിലെ സായിപ്പിന്റെ കക്കൂസായിരുന്നു വേറേ ഒരു പ്രശ്നം. പിന്നെപ്പിന്നെ അതൊക്കെ ഞങ്ങളും ശീലിച്ചു. ആദ്യകാലത്ത് ട്രെയിനിലൊക്കെയുള്ള ദീർഘദൂര പരിപാടികൾക്കു ഞങ്ങളെയുംകൊണ്ടു പോകുന്നതിന് പഴനിസ്വാമി കുറെ കഷ്ടപ്പെട്ടിട്ടുണ്ട്. എന്നിട്ടും യാതൊരു മടുപ്പും പ്രയാസവുമില്ലാതെ കിട്ടാവുന്ന പരിപാടികളൊക്കെ പഴനിസ്വാമി ഏറ്റെടുത്തു.

കേരളത്തിനു പുറത്തുള്ള ആദ്യയാത്ര മുംബൈയിലെ 'പാട്ടോളം' പരിപാടിയായിരുന്നു. ശ്രീ. ഞെരളത്ത് ഹരിഗോവിന്ദൻവഴിയാണ് ഞങ്ങൾ പാട്ടോളത്തിനെത്തിയത്. ട്രെയിനിൽ രണ്ടുദിവസത്തെ യാത്രയായിരുന്നു. പരിചയമില്ലാത്ത ഞങ്ങളെല്ലാം നന്നേ ബുദ്ധിമുട്ടി. എന്നാൽ, എത്ര കഷ്ടപ്പെട്ടാണെങ്കിലും പരിപാടി കഴിഞ്ഞു മടങ്ങുമ്പോഴും പഴനിസ്വാമി ഞങ്ങളോടു പറയും: നമ്മൾ മടുക്കരുത്. നമുക്ക് ഒരു നല്ല കാലം വരും. നമ്മുടെ നാടും ഭാഷയും ആട്ടവും പാട്ടുമെല്ലാം ലോകം അംഗീകരിക്കും. അങ്ങനെ ഞങ്ങൾ പതിനാറു വർഷം ഈ പരിപാടി കൊണ്ടുനടന്നു.

◊ *പിന്നീടെങ്ങനെയാണ് നഞ്ചിയമ്മ സിനിമയിലേക്ക് എത്തിയത്?*

എനിക്ക് സിനിമ എന്താണെന്നോ, സിനിമാക്കാർ ആരെല്ലാമാണെന്നോ അഭിനയം എന്താണെന്നോ ഒന്നും അറിയില്ലായിരുന്നു. ഇവിടെ ഗൂളിക്കടവിൽ ഒരു സിനിമാ ടാക്കീസ് ഉണ്ട്. തമിഴ് സിനിമകളാണ് കൂടുതൽ വരിക. വല്ലപ്പോഴുമൊക്കെ സിനിമയ്ക്കു പോകാറുണ്ട്. എന്നാലും ഞാൻ നേരത്തേ ഒന്നുരണ്ടു സിനിമകളിൽ പാടുകയും അഭിനയിക്കുകയും ചെയ്തിട്ടുണ്ട് കേട്ടോ.

ആദ്യമായി അഭിനയിച്ചതും പാടിയതും ഞങ്ങളുടെ സിന്ധുറ്റീച്ചറിന്റെ പടത്തിലാണ്. ആദ്യമായി തിയേറ്ററിൽ വലിയ സ്ക്രീനിൽ എന്നെ കണ്ടിട്ട് അന്ന് എനിക്ക് വലിയ അദ്ഭുതവും സന്തോഷവും തോന്നി. ഞങ്ങടെ ഗൂളിക്കടവ് തീയേറ്ററിൽ ആ സിനിമ കാണിച്ചിരുന്നു.

അഗളി സ്കൂളിലെ അധ്യാപകരും കുട്ടികളും ചേർന്നു ചെയ്ത സിനിമയാണത്. 'അഗ്ഗെദ് നായാഗ' എന്നാണു പേര്. അതിന്റെ അർത്ഥം ഞങ്ങടെ ഭാഷയിൽ അമ്മയുടെ മൊഴി എന്നാണ്. അത് ഞങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള സിനിമയായിരുന്നു. ഞാനും കാടമൂപ്പത്തിയും ഊരിലെ ആളുകളുമെല്ലാം അതിൽ ഉണ്ടായിരുന്നു. അതുകൊണ്ട് അഭിനയിക്കുന്നപോലെ പേടി ഒന്നും തോന്നിയില്ല. ആ സിനിമയ്ക്ക് അക്കൊല്ലം ഗവൺമെന്റിന്റെ അവാർഡ് കിട്ടിയെന്നു ടീച്ചർ പറഞ്ഞപ്പോ ഞങ്ങൾക്കു വലിയ സന്തോഷമായിരുന്നു.

*ശേഷം 10-ാം പേജിൽ*

# തകടിയേൽവീട്ടിലെ ആൺപെരുമ






ആഷ്‌ലി ടെസ് ജോൺ



*പാലാ അമ്പാറനിരപ്പേൽ തകടിയേൽ ജോണിയും ലൈനമ്മയും മക്കളും*

ആകാശവും പ്രകാശവും കയറിയിറങ്ങി നടക്കുന്ന ഒരു വീട്. അവിടെ താമസിക്കുന്നവരുടെ മനസ്സുപോലെ വിശാലമായ ഇടനാഴികളും ഇടങ്ങളും. ഇതിന്റെ രൂപരേഖ മെനഞ്ഞെടുത്തത് മൂത്ത മകനാണെന്നു പറയുമ്പോൾ കണ്ണുകൾ വിടരുന്ന ഒരു അപ്പനെയും അമ്മയെയും കാണണമെങ്കിൽ പാലായിലെ അമ്പാറനിരപ്പേൽ 'തകടിയേൽ' വീട്ടിലേക്കു പോരൂ. ജോണിയും ലൈനമ്മയും 1994 ൽ സ്നേഹം കൊണ്ട് അടിത്തറ കെട്ടി പണിതുയർത്തിയ ഒരു കൊച്ചുവീടിന്റെ 2022 വെർഷൻ. ആൺമക്കളിൽ മൂത്തയാളായ സച്ചു എന്നു വിളിക്കുന്ന തോമസാണിതിന്റെ ആർക്കിടെക്റ്റ്.

"വിവാഹം കഴിക്കുമ്പോൾ കൂടുതൽ കുട്ടികൾ വേണമെന്ന തീരുമാനമൊന്നും എന്റെ മനസ്സിലുണ്ടായിരുന്നില്ല. ഏഴു മക്കളുള്ള വീട്ടിലെ ആറാമനായാണു ഞാൻ വളർന്നത്. കഷ്ടപ്പാടുകളും സന്തോഷങ്ങളും ഒരുപോലെ കൈനീട്ടി വാങ്ങാനുള്ള കൃപ ഞങ്ങൾക്കെല്ലാവർക്കും കിട്ടിയിട്ടുണ്ട്. ഇന്നും എല്ലാ ഞായറാഴ്ചയും ഞങ്ങളെല്ലാവരും തറവാട്ടിൽ ഒരുമിച്ചുകൂടും, ഭക്ഷണം കഴിക്കും. അതൊരു സ്പിരിറ്റാണ്. ഒരാളുടെ ആവശ്യത്തിന് എല്ലാവരും ഒപ്പമുണ്ടാകും. വലിയ കുടുംബം നൽകുന്ന നന്മകൾ എണ്ണിയാൽ തീരില്ല. ചേട്ടന്മാരുടെ തണലിലാണ് ഞാൻ വളർന്നത്. ചേച്ചി ഡൽഹിയിലുണ്ടായിരുന്നതുകൊണ്ട്, അവിടെ ബിസിനസ് ആരംഭിച്ചു. പത്തുവർഷത്തോളം ഡൽഹിയിലുണ്ടായിരുന്നു. ആ സമയത്തായിരുന്നു വിവാഹവും മൂത്ത രണ്ടു മക്കളുടെ ജനനവുമെല്ലാം. പക്ഷേ, മനസ്സെപ്പോഴും നാട്ടിലായിരുന്നു. 2000 ൽ തിരിച്ചുപോന്നു. ഇവിടെയിപ്പോൾ ഈരാറ്റുപേട്ടയിൽ 'സൈബർ ടെക് സിസ്റ്റംസ്' എന്ന കംപ്യൂട്ടർ ഷോപ്പ് നടത്തുകയാണ്." എല്ലാം നേരത്തേ നിശ്ചയിച്ചുറപ്പിച്ചുള്ള ജീവിതം, എത്രമാത്രം വിഡ്ഢിത്തമാണെന്ന സത്യം തിരിച്ചറിയുന്ന ചുരുക്കം ചിലരുണ്ട്. വിപത്കരമായി ജീവിച്ച് തങ്ങളുടെ ജീവിതത്തെ അർത്ഥപൂർണമാക്കുന്നവർ. ജോണിയുടെ വാക്കുകൾ അവരെ ഓർമിപ്പിച്ചു.

"ദൈവം തന്ന മക്കളെ രണ്ടു കൈയും നീട്ടി സ്വീകരിച്ചു. ലൈനമ്മയും ഞാനും അക്കാര്യത്തിൽ സമാനചിന്താഗതിക്കാരായിരുന്നു. ഡൽഹിയിൽനിന്നു തിരിച്ചുവന്നതിനുശേഷം പ്ലാശനാലിൽ താമസമാരംഭിച്ചു. മൂത്ത രണ്ടുപേരൊഴിച്ച് ബാക്കി മക്കളെല്ലാം ആ കൊച്ചുവീട്ടിലാണ് വളർന്നത്. അമിതമായി ലാളിക്കാറില്ല. ആഡംബരങ്ങളെ പ്രോത്സാഹിപ്പിക്കാറുമില്ല. ആൺകുട്ടികളല്ലേ? ചെറിയ കുസൃതികൾ, പരുക്കുകൾ, അപകടങ്ങളൊക്കെ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ എന്റെ അമ്മ എന്നോടു പറഞ്ഞത് എപ്പോഴും ഓർമയിലുണ്ട്: നീയൊന്നുകൊണ്ടും പേടിക്കേണ്ട. കുഞ്ഞുങ്ങൾക്കു സുരക്ഷിതത്വം കൊടുക്കുന്നത് ദൈവമാണ്. മൂന്നാമത്തെയും അഞ്ചാമത്തെയും മക്കൾ വൈദികവിദ്യാർത്ഥികളാണ്. ദൈവം തൊടുമ്പോൾ എല്ലാം മനോഹരമായിത്തീരുന്നതുപോലെ മക്കളെല്ലാം ആ സ്നേഹത്തിൽ പുലരണമെന്നു മാത്രമേ ഞങ്ങൾ ആഗ്രഹിക്കാറുള്ളൂ."

ജോണി പറഞ്ഞുനിറുത്തിയിടത്തുനിന്ന് ലൈനമ്മ തുടങ്ങി: "മാത്സിൽ എം.എസ്.സിയുണ്ട്. ബിഎഡും എടുത്തിരുന്നു. വിവാഹം കഴിഞ്ഞു കുട്ടികളായ ശേഷം ജോലിക്കു പോവാൻ തോന്നിയിട്ടില്ല. പഠിപ്പിക്കൽ വീട്ടിൽത്തന്നെ ആവശ്യത്തിനുണ്ടല്ലോ. അതെനിക്കിഷ്ടവുമാണ്. ഈ ഏഴ് പുരുഷജന്മങ്ങളുടെ ഇടയിൽ എങ്ങനെയുണ്ട് ജീവിതം എന്നു പലരും ചോദിക്കാറുണ്ട്: എനിക്കൊരിക്കലും ഒരു ബുദ്ധിമുട്ടും തോന്നിയിട്ടില്ല.

ജോണി വളരെ വിശാലമായ ജീവിതദർശനങ്ങളുള്ള ഒരാളാണ്. എന്നോടെന്നല്ല ആരോടും അങ്ങനെ ദേഷ്യപ്പെടാറില്ല. ഞങ്ങളൊരിക്കലും പിണങ്ങിയിരുന്നിട്ടുമില്ല. കുട്ടികളുടെ കാര്യമുൾപ്പെടെ എല്ലാറ്റിലും ഫുൾ സപ്പോർട്ടും തരും. കുഞ്ഞുങ്ങളെ വളർത്തുന്ന കാര്യത്തിൽ ജോണിയുടെ ചേട്ടന്മാരും അവരുടെ ഭാര്യമാരുമൊക്കെ ഒത്തിരി സഹായിച്ചിട്ടുണ്ട്. എല്ലാവരുമൊരുമിച്ചു തറവാട്ടിലുള്ള ഒത്തുകൂടൽ ഇന്നത്തെക്കാലത്ത് അപൂർവമല്ലേ. പെൺകുട്ടികളെ ഇഷ്ടമായിരുന്നു. പക്ഷേ, ഇല്ലാത്തതിന്റെ കുറവൊന്നും ഒരിക്കലും തോന്നിയിട്ടില്ല. ആൺകുട്ടികളാണെന്നും പറഞ്ഞ് ഒരു കാര്യത്തിലും അവർ മാറിനിന്നിട്ടില്ല, മാറ്റിനിർത്താറുമില്ല. ഭക്ഷണം വിളമ്പാനും പാത്രം കഴുകാനും തുണികൾ വൃത്തിയാക്കാനും തറ തുടയ്ക്കാനുമെല്ലാം അവർ കൂട്ടിനുണ്ട്."

ലൈനമ്മ പഠിപ്പിച്ച സ്വയം പര്യാപ്തതയുടെ പാഠങ്ങൾ മക്കളെ ഉറപ്പായും സഹായിക്കും, കൂടുതൽ ഉയരത്തിൽ, കൂടുതൽ വേഗത്തിൽ പറക്കാൻ...

"ഇനി മക്കളെപ്പറ്റി പറയാം. മൂത്ത മകൻ 'സച്ചു' എന്നു വിളിക്കുന്ന തോമസ് ആർക്കിടെക്റ്റാണ്. എല്ലാക്കാര്യത്തിലും അവന് ഉറച്ച തീരുമാനങ്ങളുണ്ട്. രണ്ടാമത്തെയാൾ മാത്യു ഡിഗ്രി കഴിഞ്ഞ് യുകെയിൽ ഉപരിപഠനത്തിനൊരുങ്ങുകയാണ്. സ്പോർട്സിനോട് ഏറ്റവും കൂടുതൽ കമ്പം മത്തായിച്ചനാണ്. പ്ലാശനാല്, കുടുംബത്തിലെ പിള്ളേരെല്ലാം കൂടി നിർമിച്ചിരിക്കുന്ന ഫുട്ബോൾ ടർഫിന്റെ മേൽനോട്ടവും മാത്യുവാണ്. മൂന്നാമത്തെ മോൻ ജോൺസൺ (ജോ), ഇപ്പോൾ സി.എസ്.ടി. ആശ്രമത്തിൽ അഞ്ചാം വർഷ വൈദികവിദ്യാർത്ഥിയാണ്. നാലാമൻ ജോസഫ്, ഞങ്ങൾ യൗസേപ്പച്ചനെന്നു വിളിക്കും, എൽഎൽബിക്കു പഠിക്കുന്നു. സാമൂഹികബന്ധങ്ങളുടെ കാര്യത്തിൽ ഏറ്റവും സ്ട്രോങ് ജോസഫാണ്. അഞ്ചാമൻ അബ്രാഹം. ഞങ്ങളുടെ അവരാച്ചൻ. ജോൺ മരിയ വിയാനിയെപ്പോലൊരു അച്ചനാവുകയാണവന്റെ സ്വപ്നം. വർത്തമാനം കുറവും പ്രാർത്ഥന കൂടുതലുമുള്ള അവൻ മൂന്നാം വർഷ വൈദികവിദ്യാർത്ഥിയാണ്. ആറാമൻ എമ്മാനുവേൽ, പത്താംക്ലാസ് വിദ്യാർത്ഥിയാണ്. എല്ലാറ്റിനും നല്ല സ്പീഡാണ്. വീട്ടിലെ ജംബോജെറ്റ്." ലൈനമ്മ പറഞ്ഞുനിർത്തി.

■

# സ്വാതന്ത്ര്യത്തിന്റെ സ്വാദ്



ലിന്റാമോൾ ആന്റണി

മൂന്നക്ഷരങ്ങളാൽ ചിട്ടപ്പെടുത്തിയെടുത്ത കേവലം ഒരു വാക്കല്ല സ്വാതന്ത്ര്യം. ജീവന്റെ പുതുനാമ്പുകൾ കൈക്കൊണ്ട് ഭൂമിയുടെ മാറിലേക്കു പിറന്നുവീഴുന്ന ഓരോ ജീവനും അനുഭവിക്കാനും ആഘോഷിക്കാനും അവകാശമുള്ളതെന്തോ അതാണ് സ്വാതന്ത്ര്യം.

ജീവനിലേക്കുള്ള വഴി ഇടുങ്ങിയതായിരിക്കുന്നുവെങ്കിൽ തീർച്ചയായും സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയും ഇടുങ്ങിയതുതന്നെ. നമ്മുടെ നേർക്കു നീട്ടപ്പെടുന്ന ചില നുകങ്ങളെ വേണ്ടെന്നു വയ്ക്കാനുള്ള ധൈര്യമോ ചിലതു ലഘൂകരിക്കാനുള്ള നന്മയോ ഉണ്ടാകുന്നിടത്തുനിന്നു സ്വാതന്ത്ര്യത്തിലേക്കുള്ള തുറവ് ആരംഭിക്കുകയായി. സ്വാതന്ത്ര്യം കണ്ടെത്തുന്നതിനു മാത്രമല്ല നിലനിറുത്തുന്നതിനും നാം അധ്വാനിക്കേണ്ടിയിരിക്കുന്നു.

നന്മയോ തിന്മയോ എന്തു തിരഞ്ഞെടുക്കണമെന്ന സ്വാതന്ത്ര്യം നമുക്കുണ്ട്. അത്തരമൊരു തിരഞ്ഞെടുപ്പിന്റെ ഫലമായാണ് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ദിവ്യരക്ഷകനെ നമുക്കു ലഭിച്ചത്. കൈമുഷ്ടിയോളം വലുപ്പമുള്ള ഹൃദയത്തിൽ ഒരു വാൾ കടക്കുമെന്ന ശിമയോന്റെ പ്രവചനത്തിന്റെ മുമ്പിലും ചഞ്ചലപ്പെടാത്ത ഒരു തിരഞ്ഞെടുപ്പ്. 'അവർക്കു വീഞ്ഞില്ല' എന്ന രണ്ടു വാക്കുകളിൽ മകനോടുള്ള സ്വാതന്ത്ര്യം വെളിപ്പെടുത്തിത്തന്നു പരിശുദ്ധ അമ്മ. സത്യത്താൽ സ്വതന്ത്രരാക്കപ്പെടുക എന്ന ക്രിസ്തുമൊഴി, സത്യംതന്നെയാണ് സ്വാതന്ത്ര്യത്തിന്റെ മൂർത്തീഭാവമെന്നു നമ്മെ ഓർമിപ്പിക്കുന്നു.

സ്വാതന്ത്ര്യബോധത്തിന്റെ ഉറവ പൊട്ടേണ്ടത് നമ്മുടെ ഉള്ളിൽനിന്നുതന്നെയാണ്. സ്വയം ചിന്തിക്കാനുള്ള സ്വാതന്ത്ര്യം; പിന്നെ സ്വയം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം. ജീവിതം യാന്ത്രികമായിപ്പോകുന്നുവെന്നതാണ് നമ്മുടെ കാലം അനുഭവിക്കുന്ന ആന്തരികപ്രതിസന്ധി.

ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു (ലൂക്ക. 4:18). അപ്പോൾ അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടി സംസാരിക്കാനും സ്വാതന്ത്ര്യം നേടിക്കൊടുക്കാനുമുള്ള ചുമതല നമുക്കുമുണ്ടെന്നു സാരം. ആരും വിചാരിക്കരുത്, വലിയ കാര്യങ്ങൾ ചെയ്തിട്ടാണ് ചുറ്റുമുള്ളവരുടെ സ്വാതന്ത്ര്യത്തെ നമ്മൾ വീണ്ടെടുക്കാൻ പോകുന്നതെന്ന്. വളരെ ചെറിയ കരുതലുകൾക്കുപോലും സ്വാതന്ത്ര്യമെന്ന അദ്ഭുതത്തെ വീണ്ടെടുക്കാനാവും. മനുഷ്യന്റെ ശ്രേഷ്ഠതയെ ഹനിക്കുന്നതിനെക്കാൾ വലിയ പാപമോ ഇതും കടന്നുപോകുമെന്നോർമിപ്പിക്കുന്ന ഒരാളാകുന്നതിനെക്കാൾ വലിയ ശ്രേഷ്ഠതയോ ഇല്ല.

സ്വാതന്ത്ര്യത്തിന് സഹനമെന്ന ഒരു മറുവശംകൂടിയുണ്ട്. അടിമത്തത്തിന്റെ ഊരായ ഈജിപ്തിൽനിന്ന് ചെങ്കടലും മരുഭൂമിയും പിന്നിട്ട് കാനാൻദേശമെന്ന സ്വാതന്ത്ര്യത്തിന്റെ സ്വാദു നുണഞ്ഞ ഇസ്രായേൽതന്നെയാണ് ഉദാഹരണം. ഇസ്രായേൽജനം അനുഭവിച്ച പീഡനപരമ്പരയുടെയും മോചനത്തിന്റെയും കയ്പ്പും മധുരവും അറിഞ്ഞവരാണ് നമ്മൾ ഭാരതീയരും. അന്നായാലും ഇന്നായാലും പരസ്പരം കാവലാകുകയെന്നതാണ് ബന്ധങ്ങളുടെ ധർമം.

എന്നാൽ, ഇന്ന് സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുന്നുണ്ടോ? അഭിപ്രായം പറയാൻ വെമ്പുന്ന നാവിനു സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. എഴുതാൻ വെമ്പുന്ന തൂലികത്തുമ്പിനു സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. ചില നനഞ്ഞ മിഴികൾപോലും പെയ്തൊഴിയാത്തതിനു കാരണം സ്വാതന്ത്ര്യക്കുറവുതന്നെ. മസിലുപിടിത്തക്കാരെന്നു നമ്മൾ വിചാരിക്കുന്ന ചിലരുടെ സ്വാതന്ത്ര്യംപോലും മറ്റു പലരുടെയും നിയന്ത്രണത്തിലാവാം.

എവിടെയാണു നമുക്കു തെറ്റുന്നത്? സ്വന്തം സ്വാതന്ത്ര്യത്തിനായി വാദിക്കുന്ന നമുക്ക് എന്തുകൊണ്ടാണ് അന്യന്റെ സ്വാതന്ത്ര്യത്തെ മാനിക്കാൻ കഴിയാത്തത്? നമ്മെയല്ലാതെ മറ്റാരെയും മനസ്സിലാക്കാൻ കഴിയാത്തവിധം നമ്മുടെ ഭാഷ വികലമായിപ്പോയോ? കേവലം പ്രഭാഷണത്തിൽ ഒതുക്കാതെ നമ്മുടെ ഭാഷയിൽ സ്നേഹത്തിന്റെ വ്യാകരണംകൂടി ചേർക്കാൻ നമുക്കാവില്ലേ? അഹിംസ മുറുകെപ്പിടിച്ചു ഗാന്ധിജി മുന്നിൽനിന്നു നേടിത്തന്ന സ്വാതന്ത്ര്യം സംരക്ഷിക്കാൻ നമുക്കു കടമയുണ്ട്. സ്നേഹവും സ്വാതന്ത്ര്യവുംകൊണ്ട് ഊടും പാവും നെയ്ത താളബദ്ധവും ശ്രുതിശുദ്ധവുമായ ക്രിസ്തുവിന്റെ ജീവിതത്തെക്കാൾ നല്ലൊരു പാട്ട് നമുക്കു പാടിപ്പഠിക്കാനില്ല.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ജ്ഞാനത്തിൽ മനസ്സുറപ്പിച്ചു ബുദ്ധിപൂർവം ചിന്തിക്കുന്നവൻ അനുഗൃഹീതൻ.

പ്രഭാഷകൻ 14:20

**എഡിറ്റോറിയൽ**

# ജനാധിപത്യത്തിലുണ്ടാകണം സംവാദത്തിന്റെ സ്വാതന്ത്ര്യം

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികവേളയിൽ നമ്മുടെ പാർലമെന്ററിജനാധിപത്യത്തിന്റെ മഹത്ത്വവും യശസ്സും വാനോളം ഉയർത്തിയുദ്ഘോഷിക്കുമ്പോഴും സംവാദങ്ങളോടും വിമർശനങ്ങളോടും കടുത്ത അസഹിഷ്ണുത പുലർത്തുന്ന ഭരണപക്ഷനയങ്ങൾ രാജ്യമൊട്ടാകെ തുറന്ന സംസാരത്തിനും പ്രതിഷേധത്തിനും കാരണമായിരിക്കുന്നു. മൃഗീയഭൂരിപക്ഷത്തിന്റെ ബലത്തിൽ തീരുമാനങ്ങൾ ഏകപക്ഷീയമായി എടുക്കാമെന്നു ഭരണകൂടം ധരിച്ചുവശായാൽ അതു ഭാരതത്തിന്റെ ആത്മാവും ഹൃദയവുമായ പാർലമെന്ററിജനാധിപത്യത്തെ കൂച്ചുവിലങ്ങിടുന്നതിനു തുല്യമായിരിക്കും. പ്രതിപക്ഷാംഗങ്ങളുടെ സംഖ്യ എത്ര ചെറുതായാലും അവരുടെ ശബ്ദത്തിനു ചെവികൊടുക്കുകയും ആവശ്യങ്ങൾ പരിഗണിക്കുകയും നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്യണമെന്ന പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ദർശനങ്ങൾ ഇന്നു നമ്മുടെ പാർലമെന്റിലും നിയമസഭകളിലുമൊക്കെ പഴങ്കഥകൾമാത്രമായോ എന്നു വിമർശനബുദ്ധ്യാ നിരീക്ഷിക്കുന്നതിൽ തെറ്റില്ല.

പാർലമെന്റിന്റെ വർഷകാലസമ്മേളനം ജൂലൈ 18 ന് തുടങ്ങിയതുമുതൽ പ്രതിപക്ഷം പ്രഥമപരിഗണന നല്കി ഇരുസഭയിലും ആവശ്യപ്പെട്ടത് നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനയും ഭക്ഷ്യോത്പന്നങ്ങളുടെ ജി.എസ്.ടി. വർദ്ധനയും സംബന്ധിച്ച് അടിയന്തരചർച്ച വേണമെന്നാണ്. രാജ്യം നേരിടുന്ന ജീവൽപ്രധാനമായ പ്രശ്നം ചർച്ചചെയ്യാൻ സർക്കാർ ഉദാസീനത പ്രകടിപ്പിച്ചപ്പോഴാണ് പ്രതിപക്ഷം സഭാതലത്തിൽ പ്ലക്കാർഡുയർത്തി മുദ്രാവാക്യം വിളിച്ചു പ്രതികരിച്ചത്.

വിമർശനസൂചകമായ ചില വാക്കുകളുടെ നിരോധനത്തിനൊപ്പം പ്ലക്കാർഡുവിലക്കു മേർപ്പെടുത്തിയതിന്റെ ബലത്തിൽ പ്രതിപക്ഷാംഗങ്ങളെ സസ്പെൻഡു ചെയ്ത നടപടി അങ്ങേയറ്റം ക്രൂരവും പ്രതിഷേധാർഹവുമാണ്. രാജ്യസഭയിൽനിന്ന് കേരളീയരായ എ.എ. റഹിം, വി. ശിവദാസൻ, പി. സന്തോഷ്കുമാർ അടക്കം ഇരുപതുപേരെ ഓഗസ്റ്റ് അഞ്ചുവരെ സസ്പെൻഡു ചെയ്തു. ലോക്സഭയിലാകട്ടെ, കേരളത്തിൽനിന്നുള്ള ടി.എൻ. പ്രതാപനും രമ്യാ ഹരിദാസും മറ്റു രണ്ടുപേരും പ്ലക്കാർഡുയർത്തി മുദ്രാവാക്യം വിളിച്ചതിന്റെ പേരിൽ സമ്മേളനം തീരുന്നതുവരെ സസ്പെൻഡു ചെയ്തു പുറത്താക്കിയത് നിർഭാഗ്യകരമായെങ്കിലും, ഓഗസ്റ്റ് ഒന്നിന് ഉച്ചയോടെ സസ്പെൻഷൻ പിൻവലിക്കാൻ സ്പീക്കർ തയ്യാറായത് സ്വാഗതാർഹമാണ്.

രൂക്ഷമായ പണപ്പെരുപ്പവും നികുതിവർദ്ധനയും പാർലമെന്റിൽ ഒന്നാം പരിഗണനയോടെ പ്രതിപക്ഷം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടത് അത് അത്രമേൽ ജനജീവിതത്തെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ടുതന്നെയാണ്. ജനകീയവിഷയങ്ങൾ അവതരിപ്പിക്കാൻ അവസരം നിഷേധിക്കപ്പെടുമ്പോൾ പ്രതിഷേധമുയർത്തുന്നത് പാർലമെന്ററിപ്രവർത്തനത്തിന്റെ ഭാഗമാണ്.

"ഈ സർക്കാർ വിമർശിക്കപ്പെടണമെന്ന് ഞാനാഗ്രഹിക്കുന്നു. വിമർശനം ജനാധിപത്യത്തെ ശക്തിപ്പെടുത്തും." രണ്ടാമതും അധികാരത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ട്വിറ്ററിൽ കുറിച്ച ഈ വാക്കുകൾ ഇന്നു പ്രഹസനമായിരിക്കുകയാണ്. ഭരണപക്ഷത്തിന്റെ ചോദ്യം ചെയ്യപ്പെടാനാവാത്ത സംഖ്യാബലത്തിൽ മാത്രം സർക്കാർ ചർച്ച കൂടാതെ ബില്ലുകളെല്ലാം പാസാക്കിയെടുക്കുമ്പോൾ അതു ജനാധിപത്യവിരുദ്ധമാണെന്നു പറയേണ്ടതില്ലല്ലോ. ജനങ്ങളുടെ അറിയാനുള്ള സ്വാഭാവികാവകാശത്തെയാണ് ഇവിടെ പാടേ നിഷേധിക്കുന്നത്. ഓരോ വകുപ്പും ഇഴകീറി പരിശോധിച്ചു നിയമനിർമാണം നടത്തുന്ന ജനാധിപത്യരീതികൾ നമ്മുടെ പാർലമെന്റിലും നിയമസഭകളിലും ഇല്ലാതായിക്കൊണ്ടിരിക്കുന്നത് പൊതുസമൂഹം ഗൗരവമായി വിലയിരുത്തേണ്ടതാണ്. പൗരന്മാരുടെ അഭിപ്രായസ്വാതന്ത്ര്യത്തെ കശാപ്പുചെയ്യുന്ന ഇത്തരം പ്രവൃത്തികൾ ജനാധിപത്യത്തിന്റെ പരാജയമാണു വിളിച്ചറിയിക്കുന്നത്. പ്രതിപക്ഷം ന്യൂനപക്ഷമാണെങ്കിൽ അവർക്കു വോട്ടെടുപ്പിലൂടെ അംഗീകാരം നേടാനാവില്ലെങ്കിലും അവരുടെ വിമർശനത്തെയും അഭിപ്രായസ്വാതന്ത്ര്യത്തെയും നിസ്സാരമായിക്കാണാൻ പക്വതയുള്ള ഒരു ഭരണപക്ഷത്തിനാവില്ല.

വർഷകാലസമ്മേളനം അവസാനിക്കാൻ ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. കഴിഞ്ഞ വർഷത്തെ വർഷകാലസമ്മേളനത്തിൽ മുൻകൂട്ടി നിശ്ചയിച്ചതിന്റെ നാലിലൊന്നു സമയംപോലും ചർച്ചകൾ നടന്നിരുന്നില്ല എന്നോർക്കണം. ഒട്ടേറെ ബില്ലുകൾ പാസാക്കാനുള്ളതിനാൽ സഭ നടത്തിക്കൊണ്ടുപോകാൻ ഭരണപ്രതിപക്ഷമെന്യേ എല്ലാവരുടെയും കൂട്ടായ സഹകരണം ആവശ്യമാണ്. പാർലമെന്റുനടപടികൾ തടസ്സമില്ലാതെ നടക്കേണ്ടത് ജനങ്ങളുടെ ആവശ്യമാണെന്നു ബന്ധപ്പെട്ട എല്ലാവരും ഉത്തരവാദിത്വത്തോടെ മനസ്സിലാക്കണം. സസ്പെൻഷനും നടപടികളുമൊന്നുമല്ല, ഹൃദയംതുറന്നുള്ള ചർച്ചകളിലൂടെ അനുരഞ്ജനവും സമവായവുമാണ് നാടിന്റെ വികസനമാഗ്രഹിക്കുന്ന നേതാക്കൾക്കുണ്ടാകേണ്ടത്. ആയതിനാൽ, ഇനിയുള്ള ദിവസങ്ങളിലെങ്കിലും ലോക്സഭയും രാജ്യസഭയും പൂർണസമയവും ചേരുന്നതിനു പ്രതിപക്ഷം സഹകരിക്കുന്നതോടൊപ്പം പ്രതിപക്ഷബഹുമാനത്തോടെ പെരുമാറാൻ ഭരണപക്ഷവും തയ്യാറാകുമെന്നു പ്രതീക്ഷിക്കാം. ■

# ഇരട്ടിപ്പിനു വഴങ്ങാത്ത വിസർഗ്ഗം

**ഡോ. സി. ടി. ഫ്രാൻസീസ്**

ഓഗസ്റ്റ് നാലിലെ ദീപനാളത്തിൽ ഡോ. ഡേവിസ് സേവ്യർ എഴുതിയ 'അനുസ്വാരവും വിസർഗ്ഗവും സ്വരാക്ഷരങ്ങളോ?' എന്ന ലേഖനം വിജ്ഞാനപ്രദമാണ്. എങ്കിലും അതിൽ ചില കൂട്ടിച്ചേർക്കലുകൾ നന്നായിരിക്കുമെന്നു തോന്നുന്നു.

പൊതുവിൽ മലയാളം, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിലെ അക്ഷരമാല പഠിക്കുന്ന സന്ദർഭത്തിൽ, സ്വരാക്ഷരങ്ങൾക്കൊടുവിൽ കാണുന്ന അനുസ്വാരവിസർഗ്ഗങ്ങൾ പ്രത്യേകം സ്വരങ്ങളായും, വ്യഞ്ജനങ്ങൾക്കൊടുവിൽ കാണുന്ന 'ക്ഷ' ഒരു സ്വതന്ത്രവ്യഞ്ജനമായും കണക്കാക്കുന്നവർ വളരെയാണ്. എന്നാൽ, ഈ വർണങ്ങൾ ഉപലക്ഷണം (സൂചന) ആയാണ് അതതു സ്ഥാനങ്ങളിൽ സന്നിവേശിച്ചിരിക്കുന്നതെന്നു നാം തിരിച്ചറിയുന്നില്ലെന്നതാണു സത്യം. സ്വരങ്ങൾക്കു പിന്നിൽ അനുസ്വാരവും വിസർഗ്ഗവും കാണിച്ചിരിക്കുന്നതിന്നർത്ഥം അനുസ്വാരവിസർഗ്ഗങ്ങൾ സ്വരങ്ങൾക്കു പിന്നിലേ വരൂ എന്നാണ്. വ്യഞ്ജനങ്ങൾക്കൊടുവിൽ ക്ഷ കാണിച്ചതിന്നർത്ഥം വ്യഞ്ജനാക്ഷരങ്ങൾ, ഇടയ്ക്കു സ്വരമില്ലാതെ കൂടിച്ചേർന്നു കൂട്ടക്ഷരങ്ങൾ ഉണ്ടാകുമെന്നുമാണ്. അം, അഃ എന്നീയക്ഷരങ്ങൾ പ്രത്യേകം സ്വരങ്ങളായെണ്ണിയാൽ ഇം, ഇഃ എന്നിവയും ഉം, ഉഃ എന്നിവയും ഇതുപോലെ മറ്റു സ്വരങ്ങളും അനുസ്വാരവിസർഗ്ഗങ്ങളോടു ചേർന്നുണ്ടാകുന്ന അക്ഷരങ്ങളും വെവ്വേറെ സ്വരങ്ങളായി എണ്ണേണ്ടിവരും. സ്വരങ്ങൾ വ്യഞ്ജനങ്ങളോടു ചേർന്നിരിക്കുന്നതിന്നു പിന്നിലും അനുസ്വാരവിസർഗ്ഗങ്ങൾ വരുമല്ലോ! ഇത് അക്ഷരമാലയിലെ സ്വരാക്ഷരങ്ങളുടെ സംഖ്യ അനിയതമാണെന്നു പറയാൻ കാരണമാകും.

ക്ഷകാരം ഒരു സ്വതന്ത്രവ്യഞ്ജനമായെണ്ണുന്നപക്ഷം മറ്റു കൂട്ടക്ഷരങ്ങളെയും ഇപ്രകാരം എണ്ണേണ്ടതായി വരും. ക്ക, ച്ച, ട്ട എന്നിങ്ങനെ എത്രയെത്ര കൂട്ടക്ഷരങ്ങളാണ് അപ്പോൾ ഭാഷയിലുണ്ടാവുക? അങ്ങനെയായാൽ വ്യഞ്ജനാക്ഷരങ്ങളുടെയും സംഖ്യ നിയതമല്ലെന്നാകും. ചുരുക്കത്തിൽ, ഭാഷയിലെ അക്ഷരങ്ങൾ അസംഖ്യങ്ങളാണെന്നു പറയേണ്ട ഗതികേടാണ് ഇതുമൂലം വന്നുചേരുക! അതിനാൽ, ഈ വിഷയം നമുക്കിങ്ങനെ നിർണ്ണയിക്കാം - സ്വരത്തിന്നു പിന്നിൽ വരുന്ന മകാരമാണ് അനുസ്വാരം; അതിൽ സ്വരമില്ല; സ്വരം ചേർന്നാൽ അത് മ മാ മി മീ എന്നിങ്ങനെ അതതു സ്വരങ്ങളോടു ചേർന്നു ശ്രവണയോഗ്യമാകും; സ്വരമെന്നാൽ സ്വരിപ്പിക്കുന്നത് അഥവാ ശബ്ദിപ്പിക്കുന്നത് എന്നാണർത്ഥം. ഒട്ടും സ്വരമില്ലാതെ വ്യഞ്ജനങ്ങളെ ഉച്ചരിക്കാൻ സാധ്യമല്ല. അതുകൊണ്ടാണ് വ്യഞ്ജനം മാത്രമായി ഉച്ചരിക്കേണ്ടിടത്ത് സ്വരസംവരണമായി ചന്ദ്രക്കല ചേർത്ത് സ്വരത്തെ നാം ഭാഗികമായെങ്കിലും ഉച്ചരിക്കുന്നത്. സ്വരസംവരണത്തെ സംവൃതോകാരമെന്നു പറയുന്നതുപോലും ശരിയാണെന്നു തോന്നുന്നില്ല. സംവൃതോകാരമെന്നാൽ സംവൃതമായ ഉകാരം എന്നാണല്ലോ അർത്ഥം. ഈ ചിഹ്നം ഉപയോഗിക്കുന്നത് ഉകാരത്തെ മാത്രം സംവരണം ചെയ്യാനല്ല, അകാരത്തെയുംകൂടി സംവരണം ചെയ്യാനാണ്. ആകാശ് എന്ന പദത്തിൽ സംവരണം ചെയ്യപ്പെടുന്നത് ആകാശ എന്നതിലെ ശകാരത്തിലെ അകാരമാണ്. എന്നാൽ, കടുക് എന്ന ശുദ്ധദ്രാവിഡപദത്തിൽ



പ്രതികരണം

സംവരണം ചെയ്യപ്പെടുന്നത് കു എന്നതിലെ ഉകാരമാണ്. അപ്പോൾ ആകാശു് എന്നത് തെറ്റും ആകാശ് ശരിയുമാകുന്നു; കടുക് എന്നത് തെറ്റും കടുകു് ശരിയുമാകുന്നു!

സ്വരത്തിന്നു പിന്നിലേ വിസർഗ്ഗം വരൂ; സ്വരമില്ലാത്ത വ്യഞ്ജനത്തിന്നു പിന്നിൽ വിസർഗ്ഗം ഉച്ചാരണയോഗ്യമല്ല; ഉദാ - 'അവൻഃ' എന്നതിലെ വിസർഗ്ഗം ഉച്ചരിക്കാൻ കഴിയുമോ എന്നു നോക്കുക. സ്വരങ്ങളോടു കൂടാതെ വ്യഞ്ജനങ്ങൾ ചേർന്ന് ക്ഷ, ത്ര, ജ്ഞ, ക്ക മുതലായ കൂട്ടക്ഷരങ്ങളുമുണ്ടാകും എന്നതിനാൽ, ക്ഷകാരം പ്രത്യേകം വ്യഞ്ജനമായി എടുക്കേണ്ടതില്ല; ഇങ്ങനെ നിർണ്ണയിക്കുന്നപക്ഷം ഈ വിഷയത്തിലുള്ള സന്ദേഹങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

സംസ്കൃതത്തിലെ വിസർഗ്ഗം നാനാരൂപങ്ങളിലാണു പദങ്ങളിൽ കാണപ്പെടുന്നത്. സകാരവും രേഫവും വിസർഗ്ഗമായി പരിണമിക്കുന്നുണ്ട്. ഉദാ: മനസ് + ശാസ്ത്രം= മനഃശാസ്ത്രം. അന്തർ + സത്ത=അന്തഃസത്ത. വിസർഗ്ഗം ശകാര ഷകാര - സകാരങ്ങളായും ചിലപ്പോൾ രേഫമായും (ർ) മാറും. ഉദാഹരണം - മനഃ + ശാസ്ത്രം = മനശ്ശാസ്ത്രം അഥവാ മനഃശാസ്ത്രം. ചതുഃ + ഷഷ്ടി = ചതുഷ്ഷഷ്ടി അഥവാ ചതുഃഷഷ്ടി (അറുപത്തിനാല് എന്നർത്ഥം). മനഃ + സാന്നിധ്യം = മനസ്സാന്നിധ്യം അഥവാ മനഃസാന്നിധ്യം. ഗുരുഃ + ദേവഃ =ഗുരുർ ദേവഃ. വിസർഗ്ഗംതന്നെ പല മാറ്റങ്ങൾക്കു വിധേയമായി ഓകാരമായിത്തീരുന്നുമുണ്ട്. ഉദാ - ദേവഃ + മഹേശ്വരഃ = ദേവോ മഹേശ്വരഃ.

വിസർഗ്ഗം ശ, ഷ, സ എന്നീ വർണ്ണങ്ങളായി മാറുമെന്നത് വിസർഗ്ഗത്തിന്നു പിന്നിൽ വരുന്ന വർണ്ണം ഇരട്ടിക്കുമെന്ന ഒരു ധാരണയ്ക്കു കാരണമായിട്ടുണ്ട്. എന്നാൽ, വിസർഗ്ഗത്തിന്നു പിന്നിൽ ഒരു വർണ്ണവും ഇരട്ടിക്കുന്നില്ല. മനശ്ശാസ്ത്രം, അന്തസ്സാരം മുതലായ പദങ്ങളിൽ പശുക്കുട്ടി മുതലായ പദങ്ങളിൽ കകാരാദികൾക്കു സംഭവിക്കുന്നതുപോലെ ശകാരാദികൾ ഇരട്ടിക്കുകയല്ല, മറിച്ച്, വിസർഗ്ഗം അതതു വർണ്ണങ്ങളായി മാറുകയാണ്. അതിനാൽ അന്തഃപുരം, അധഃകരണം, തപഃഫലം, ദുഃഖം മുതലായ പദങ്ങളിൽ വിസർഗ്ഗത്തിന്നു പകരം പിന്നിലെ വർണ്ണങ്ങൾ ഇരട്ടിപ്പിച്ച് അന്തപ്പുരം അധക്കരണം മുതലായ രൂപങ്ങൾ എഴുതുന്നത് വലിയ തെറ്റുതന്നെയാണെന്ന് നാം അറിഞ്ഞിരിക്കണം. ■

# ജനാധിപത്യത്തിൽ പ്രതിഷേധങ്ങളെ ഭയക്കുന്നത് എന്തിന്?



പ്രഫ. റോണി കെ. ബേബി

ജനാധിപത്യത്തിന്റെ അന്തഃസത്തയായ സംവാദങ്ങളോടും വിമർശങ്ങളോടും അസഹിഷ്ണുത പുലർത്തുന്ന നിരവധി സംഭവങ്ങളാണ് ഇന്ത്യയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. വിലക്കയറ്റവും മറ്റു ജനകീയ വിഷയങ്ങളും ഉയർത്തി പ്രതികരിക്കുന്ന എം പി മാരെ കൂട്ടമായി പാർലമെന്റിൽ നിന്നു പുറത്താക്കുന്നത് ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. ലോക്സഭയിലെ ഏറ്റവും മുതിർന്ന അംഗങ്ങളിൽ ഒരാളും രാജ്യത്തെ ഏറ്റവും വലിയ പ്രതിപക്ഷപാർട്ടിയുടെ നേതാവുമായ സോണിയഗാന്ധിക്കു നേരേപോലും പാർലമെന്റിനുള്ളിൽ അവഹേളനം ഉണ്ടായി. ഇന്ത്യയുടെ ആത്മാവും ഹൃദയവുമായ പാർലമെന്ററിജനാധിപത്യത്തെ പടിപടിയായി കൊല്ലുകയാണ് ഭരണകൂടം ഇതിലൂടെ ചെയ്യുന്നത്.

പാർലമെന്റിൽ ചർച്ചകൾ കൂടാതെ ബില്ലുകൾ പാസ്സാക്കുന്നതും അംഗങ്ങൾ ആവശ്യപ്പെട്ടാലും ബില്ലുകളിന്മേൽ വോട്ടെടുപ്പിനു തയ്യാറാകാത്തതുമായ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പാർലമെന്ററി ജനാധിപത്യത്തിന്റെ തകർച്ചയെ സൂചിപ്പിക്കുന്നതിന്, ഭരണഘടനയുടെ ആർട്ടിക്കിൾ 370 അസ്ഥിരപ്പെടുത്തി കാശ്മീരിന്റെ സ്വയംഭരണം അട്ടിമറിച്ച ഒറ്റ ഉദാഹരണം മാത്രം മതി. പാർലമെന്ററി ജനാധിപത്യത്തിൽ സംവാദങ്ങളുടെ മഹത്വത്തെക്കുറിച്ച് പ്രധാനമന്ത്രി വാചാലനായതിനു തൊട്ടുപിന്നാലെയാണ് കാർഷികനിയമങ്ങൾ പിൻവലിക്കാനുള്ള ബില്ല് പാർലമെന്റിൽ ചർച്ചകൂടാതെ പാസ്സാക്കിയത് എന്നതു ശ്രദ്ധേയമാണ്.

"ഈ സർക്കാർ വിമർശിക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. വിമർശനം ജനാധിപത്യത്തെ ശക്തിപ്പെടുത്തും." രണ്ടാമതും അധികാരത്തിൽ വന്നതിനു ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ട്വിറ്ററിൽ കുറിച്ച വാക്കുകളാണിത്. എന്നാൽ, ഇതേ പ്രധാനമന്ത്രിയുടെ കീഴിലാണ് വിമർശനവും പ്രതിഷേധവും ഉയർത്തുന്ന പാർലമെന്റംഗങ്ങൾക്കെതിരേ വിവേചനപരമായ നടപടികൾ ഉണ്ടാകുന്നത്. സർക്കാരിനെ ജനാധിപത്യപരമായി വിമർശിക്കാനും തിരുത്താനുമുള്ള വേദിയാണ് പാർലമെന്റ്. ഇതിന് പ്രതിപക്ഷത്തെ അനുവദിക്കാത്തത് പാർലമെന്ററി ജനാധിപത്യ സംവിധാനത്തോടുള്ള അവഹേളനമാണ്. വിലക്കയറ്റം, ജി.എസ്.ടി ഉൾപ്പെടെയുള്ള ജനകീയവിഷയങ്ങൾ ഉയർത്തി പ്രതികരിച്ച ടി.എൻ പ്രതാപൻ, രമ്യ ഹരിദാസ്, മാണിക്യം ടാഗോർ, ജ്യോതി മണി എന്നീ കോൺഗ്രസ് എം പിമാരെ ലോക്സഭയിൽ നിന്നു പുറത്താക്കിയത് കഴിഞ്ഞ ദിവസമാണ്. വിലക്കു മറികടന്ന് വിലക്കയറ്റത്തിനെതിരേ പാർലമെന്റിൽ പ്ലക്കാർഡ് ഉയർത്തി പ്രതിഷേധിച്ചതിനാണ് നാല് എം. പിമാരെ ലോക്സഭയിൽനിന്ന് സ്പീക്കർ ഓം ബിർല പുറത്താക്കിയത്. ഇതിന് തൊട്ടുപിന്നാലെ രാജ്യസഭയിലെ ഇരുപത് എം പിമാരെയാണ് ഒറ്റയടിക്കു പുറത്താക്കിയത്.

പ്രധാനമന്ത്രി പാർലമെന്റിലെത്തി വിലക്കയറ്റത്തെക്കുറിച്ചുള്ള തങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്ന് എം.പിമാർ ആവശ്യപ്പെട്ടതിനു പിന്നാലെയാണ് പുറത്താക്കൽ ഉണ്ടായത്. പ്രതിപക്ഷപ്രതിഷേധങ്ങളോടും ജനകീയവിഷയങ്ങളോടും ഭരണപക്ഷം പുലർത്തുന്ന അവഗണനയുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഈ പുറത്താക്കൽ. ഏകപക്ഷീയവും ജനാധിപത്യവിരുദ്ധവുമാണ് ജനാധിപത്യത്തിന്റെ ശ്രീകോവിലായ പാർലമെന്റിൽ സംഭവിക്കുന്നത് എന്ന് അടിവരയിട്ടു പറയേണ്ടിയിരിക്കുന്നു. ജനകീയ വിഷയങ്ങളിൽ സർക്കാരിന്റെ കണ്ണുതുറപ്പിക്കാൻ പ്രതിഷേധത്തിലൂടെ പാർലമെന്റംഗങ്ങൾക്ക് അവകാശമില്ലെങ്കിൽ ഇവർ മറ്റ് എവിടെപ്പോയി പ്രതിഷേധിക്കും, പരാതി പറയും? ഇവർ ആരും പാർലമെന്റിന്റെ മേൽക്കൂര പൊളിച്ച് സഭയിൽ ഇറങ്ങി വന്നവരല്ല. ജനകീയകോടതികളിലെ ജനവിധി നേടി തിരഞ്ഞെടുക്കപ്പെട്ടുവന്നവരാണ്.

ഇനി പാർലമെന്റിനു പുറത്തേക്കു വന്നാൽ ക്രൂരമായ അടിച്ചമർത്തലാണ് പ്രതിപക്ഷ എം.പിമാർക്കു നേരേ ഉണ്ടാകുന്നത്. ജനപ്രതിനിധികളാണ് എന്നയാതൊരുവിധ പരിഗണനകളും ഇല്ലാതെയാണ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കളെ തെരുവിൽ വേട്ടയാടിയത്. സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശം മൗലികാവകാശമായി പ്രഖ്യാപിക്കപ്പെട്ട ഇന്ത്യയിലാണ് വിലക്കയറ്റത്തിനെതിരെയും രാജ്യത്തെ ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടിയുടെ അധ്യക്ഷയെ കേന്ദ്ര അന്വേഷണ ഏജൻസികൾ അകാരണമായി ചോദ്യം ചെയ്യുന്നതിനെതിരേയും പ്രതിഷേധിച്ച എം പിമാരെ ക്രൂരമായി വേട്ടയാടി തുറുങ്കുകളിൽ അടച്ചത്. ജനാധിപത്യപരമായി പ്രതിഷേധിക്കാനുള്ള അവകാശം രാഹുൽ ഗാന്ധിക്കും മറ്റ് എം പിമാർക്കും ഇല്ലേ ? അറസ്റ്റു ചെയ്യാനും തുറുങ്കിലടയ്ക്കാനും രാഹുൽ ഗാന്ധി ചെയ്ത തെറ്റ് എന്താണ് ? കലാപത്തിന് ആഹ്വാനം ചെയ്തോ? പൊതുമുതൽ നശിപ്പിച്ചോ? കാരണം പോലും പറയാതെയാണ് ഡൽഹി പോലീസ് രാഹുൽ ഗാന്ധിയെയും കോൺഗ്രസ് എം പിമാരെയും കസ്റ്റഡിയിൽ എടുത്തത്.

ഇന്ത്യയുടെ ജനാധിപത്യത്തിന്റെ നെടുംതൂണുകളെല്ലാം ഭരണകൂടത്തിന്റെ ജനാധിപത്യവിരുദ്ധമായ നടപടികൾ മൂലം ദുർബലപ്പെടുകയാണ്. ജനാധിപത്യമെന്നാൽ തിരഞ്ഞെടുപ്പുകളിലെ ഭൂരിപക്ഷം മാത്രമല്ല പ്രതിപക്ഷബഹുമാനം കൂടിയാണ് എന്ന യാഥാർഥ്യത്തെ മനഃപൂർവ്വം വിസ്മരിക്കുകയാണ്. ഭാവിയിൽ ഇതിന് കൊടുക്കേണ്ടിവരുന്ന വില വലുതായിരിക്കും.

# മറന്നതല്ല; ഓർക്കാതിരിക്കുന്നതാണ്



രാജേഷ് കെ. പുതുമന

1984-മാണ്ട് മകരമാസം ഒന്നാംതീയതി ഒരു സിംഹഗർജനം ഭാരതം കേട്ടു. ദേശിങ്ങനാട്ടിൽ നിന്നായിരുന്നു അതെങ്കിലും ഇന്ത്യയെ തളച്ചുകെട്ടിയ ഇംഗ്ലീഷുകാരൻ ഒന്നുവിറയ്ക്കുകതന്നെ ചെയ്തു. എന്നാൽ, പിന്നീട് കുണ്ടറ വിളംബരം എന്ന പേരിൽ ആ ശബ്ദം ചരിത്രപുസ്തകത്താളുകളിലെ അക്ഷരക്കൂട്ടം മാത്രമായി. ബ്രിട്ടീഷുകാരന്റെ സ്പർശം സ്വന്തം ശരീരത്തിലുണ്ടാകുംമുമ്പേ ആത്മാഹുതിയിലൂടെ വീരസ്വർഗം പൂകിയ വേലുത്തമ്പി മലയാളിക്ക് ഒരു പ്രതിമ മാത്രമായി മാറി. ഓർത്തെടുക്കാൻ പ്രയാസമുള്ള പേരുകളിലൊന്ന്.

സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികം രാഷ്ട്രം സമുചിതമായി കൊണ്ടാടുമ്പോൾ ആവർത്തിച്ചുകേൾക്കുന്ന മഹത്ത്വമാർന്ന ഏതാനും പേരുകൾക്കപ്പുറം നമ്മൾ മലയാളികൾ നിരവധി പേരെ മറന്നുപോകുന്നു.

തിളയ്ക്കുന്ന രാഷ്ട്രസേവനത്തിലൂടെ ജീവത്യാഗവും ജീവിതത്യാഗവും ചെയ്ത മലയാളികളായ സ്വാതന്ത്ര്യസമരവീരർ നമുക്കിന്ന് അന്യരാണ്. ചരിത്രം പഠിക്കാനുപയോഗിക്കുന്ന പാഠപുസ്തകങ്ങളിലൊന്നിലും അവരില്ല. വർത്തമാനകാലകേരളത്തിൽ അവരെക്കുറിച്ചു ചർച്ചകളൊന്നും നടന്നുകാണുന്നുമില്ല.

കുഞ്ഞാലി മരയ്ക്കാർമാരും വീരപഴശ്ശിയും സിനിമയും പുസ്തകവുമായി പുറത്തുവരുന്നത് ആശ്വാസം നൽകുന്നു. പ്രസ്തുത മാധ്യമങ്ങളുടെ പ്രത്യക്ഷമായ പൂർണതയ്ക്കായി ചരിത്രത്തിനു ചില വളവൊടിവുകൾ സംഭവിക്കുന്നെങ്കിൽപ്പോലും ആ പേരുകൾ അന്തരീക്ഷത്തിൽ അലയടിക്കുന്നുണ്ടല്ലോ, ഭാഗ്യം.

1897 ൽ കോൺഗ്രസിന്റെ പ്രസിഡന്റായി പ്രവർത്തിച്ച സർ സി. ശങ്കരൻനായർ ആ പദവിയിലെത്തിയ ഏക മലയാളിയെന്ന സ്ഥാനത്തുതന്നെയാണ് ഇന്നും. പക്ഷേ, രാഷ്ട്രീയമായിട്ടെങ്കിലും ആ വലിയ മനുഷ്യനെ പൂജിക്കേണ്ടവർക്ക് സി. ശങ്കരൻ നായർ അത്ര പരിചയമില്ലാത്ത ഒരാളായി മാറിക്കഴിഞ്ഞിട്ടു നാളുകളേറെയായി.

വിദ്യാഭ്യാസത്തിനായി ജർമനിയിലെത്തിയിട്ടും പെറ്റുവീണ മണ്ണിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ആഹ്വാനം ചെയ്യാനും ആശയപ്രചരണം നടത്താനും 'പ്രോ ഇന്ത്യ' എന്ന പത്രം ആരംഭിച്ച തിരുവനന്തപുരത്തുകാരൻ ചെമ്പകരാമൻപിള്ളയെ ആരാധനയോടെയോ അല്ലാതെയോ ഓർക്കുന്നവർ എത്ര പേരുണ്ട്?

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വോളന്റിയറായി സേവനം ചെയ്ത് ഉപ്പുസത്യാഗ്രഹത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ലാഹോറിലെ റാവി കടൽത്തീരത്ത് ഉപ്പു വറ്റിച്ച, സൈമൺ കമ്മീഷനെതിരേയുള്ള പ്രകടനത്തിൽ പങ്കെടുത്തു ലാത്തിയടി ഏറ്റുവാങ്ങിയ, ലാഹോറിലെ മീനാംവാലാ ജയിലിൽ തൂക്കിലേറ്റാനായി കൊണ്ടുവന്ന ധീരഭഗത്സിങ്ങിന് അഭിവാദ്യങ്ങളർപ്പിച്ച കോട്ടയംകാരൻ നാരായണൻ നായർ എന്ന പണ്ഡിറ്റ് നാരായണദേവിനെ കുടുംബാംഗങ്ങളല്ലാതെ ആരെങ്കിലും ഓർക്കുന്നുണ്ടോ? അദ്ദേഹം ഹിന്ദി അധ്യാപകനായി സേവനമനുഷ്ഠിച്ച കോട്ടയം നഗരപ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ ദേവ്ജിയുടെ ഒരു ചിത്രംപോലും ഇല്ലായെന്ന് എത്ര സങ്കടകരമാണ്!

സ്മരിപ്പിൻ ഭാരതീയരേ<br>
നമിപ്പിൻ മാതൃഭൂമിയെ<br>
മുലപ്പാൽ തന്നൊരമ്മയെ<br>
എന്നാളും ഹാ! മറക്കുമോ?

എന്ന വരികളടക്കം സ്വാതന്ത്ര്യസമരപ്രവർത്തനങ്ങൾക്കു വേഗവും ശക്തിയും സമ്മാനിച്ച കവി കാസർഗോഡുകാരൻ വിദ്വാൻ പി. കേളുനായർ ഏതെങ്കിലും പാഠപുസ്തകത്തിലോ ചരിത്രപുസ്തകത്തിലോ ഇടം പിടിച്ചിട്ടുണ്ടോ? സംശയമാണ്.



പണ്ഡിറ്റ് നാരായണദേവ്



സി. ശങ്കരൻ നായർ



ചെമ്പകരാമൻപിള്ള



പി. കേളു നായർ



ഡോ. ലക്ഷ്മി



ആനി മസ്ക്രീൻ



വൈക്കം അബ്ദുൾ ഖാദർ മൗലവി



അക്കാമ്മ ചെറിയാൻ

തടവിൽ കൊണ്ടുപോയ ഭർത്താവിനെ ജാമ്യത്തിൽ വിട്ടുകിട്ടാൻ കെട്ടുതാലി ജാമ്യവസ്തുവായി ആവശ്യപ്പെട്ട ഓഫീസറെ ആട്ടിയകറ്റിയ കമലാബായി എന്ന രക്തനക്ഷത്രം എവിടെയോ മറഞ്ഞു പോയിരിക്കുന്നു.

റമളാൻ മാസത്തിലെ ഏഴാം ദിവസമായ വെള്ളിയാഴ്ച രാവിലെ അഞ്ചുമണിക്കും ആറുമണിക്കും മധ്യേ ഞാൻ മരിക്കുന്നു എന്നതടക്കം അവസാനത്തെ കത്തിലൂടെ വാപ്പയെയും ഉമ്മയെയും അറിയിച്ച് ബ്രിട്ടീഷുകാരന്റെ കൊലക്കയറിലേക്കു നടന്നുകയറിയ ഐഎൻഎ സമരഭടൻ വക്കം ഖാദറിനെ മറക്കാമോ നമ്മൾ?

ഐഎൻഎയുടെ ക്യാപ്റ്റൻ പദവിയിലെത്തിയ ഡോ. ലക്ഷ്മി, അതിരുകളും അതിർത്തികളുമില്ലാത്ത പ്രക്ഷോഭങ്ങളിൽ കൈമെയ് മറന്നു പോരാടിയ ആനി മസ്ക്രീൻ, അക്കാമ്മ ചെറിയാൻ, കെ.മാധവൻനായർ, എൻ.വി. കുറുക്കൾ, എൻ.സി. ശേഖർ, സ്വാതന്ത്ര്യസമര വിജയത്തിനായി ആഭരണങ്ങളെല്ലാം സംഭാവന ചെയ്ത കൗമുദി എന്ന കൗമുദി റ്റീച്ചർ, ടി.എസ്. തിരുമുമ്പ്, അൽ അമീൻ പത്രത്തെ ആയുധമാക്കി പോരാട്ടങ്ങൾക്ക് ആവേശം പകർന്ന മുഹമ്മദ് അബ്ദു റഹിമാൻ ഇങ്ങനെയിങ്ങനെ എത്രയോപേർ വിസ്മൃതിയിലായിരിക്കുന്നു! നന്ദികേടാണിത്, കടുത്ത നന്ദികേട്.

വാർത്താമാധ്യമങ്ങളും പ്രസ്ഥാനങ്ങളുമൊക്കെ ഓർത്തെടുക്കുന്നവർ ചിലരെങ്കിലുമുണ്ടെന്നത് കടുത്ത വേനലിലെ ഉറവ തന്നെയാണ്. എങ്കിലും ഭാരതസ്വാതന്ത്ര്യത്തിനു നൂറാണ്ടു തികയുന്നതിനുമുമ്പ് സമഗ്രമായ ഒരു ചരിത്രാന്വേഷണം മലയാളക്കരയിൽ അവശ്യം ഉണ്ടാകേണ്ടിയിരിക്കുന്നു. കണക്കുപറയാനല്ല, കരളു തുടിക്കുന്ന അഭിമാനത്തെ കരളുറപ്പാക്കാൻ.

■




**ഓഗസ്റ്റ് 14**
**കൈത്താക്കാലം**
**നാലാം ഞായർ**

**നിയ 6 : 1 – 9**
**എസെ 3 : 16 – 21**
**2 തെസ 2 : 13 – 17**
**മത്താ 13 : 44 – 52**



# രക്ഷയുടെ ആദ്യഫലങ്ങൾ വിശ്വാസികൾതന്നെ



**ഡോ. ജോസഫ് കരികുളം**

**വ**ചനത്തിന്റെ ഫലപ്രാപ്തിയെ ദൈവം കാത്തിരിക്കുന്ന കൈത്താക്കാലത്തിന്റെ നാലാമത്തെ ഞായറാഴ്ച വചനപ്രഘോഷണത്തിന്റെ ഫലം എന്താണെന്നുള്ള കൃത്യമായ സൂചനകളും നല്ല ഫലം പുറപ്പെടുവിക്കാനുള്ള ചില മാർഗനിർദേശങ്ങളും സഭാമാതാവ് കൈത്താക്കാലം നാലാം ഞായറാഴ്ചത്തെ വായനകളിലൂടെ നമുക്കു നല്കുന്നു.

നല്ല ഫലം ഉണ്ടാകേണ്ടതിനു പാലിക്കേണ്ട ഒന്നാമത്തെ കാര്യത്തെക്കുറിച്ചാണ് ഒന്നാം വായന (നിയമാ. 6:1–9). ഇന്നും യഹൂദരുടെ ദൈവവിശ്വാസത്തിന്റെയും പ്രായോഗിക ജീവിതത്തിന്റെയും കേന്ദ്രബിന്ദുവായ കല്പനയാണത്. “ഇസ്രായേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്” (6:4). ദ ഷേമാ എന്നറിയപ്പെടുന്ന, യഹൂദജനത്തിന്റെ പ്രതിദിനവിശ്വാസപ്രഖ്യാപനമാണിത്. നാമൊക്കെ ‘കർത്താവിന്റെ മാലാഖ’ എന്ന പ്രാർത്ഥന ദിവസം മൂന്നു പ്രാവശ്യം ചൊല്ലുന്നതുപോലെ യഹൂദജനം ദിവസവും ഉച്ചത്തിൽ ആവർത്തിക്കുന്ന വിശ്വാസപ്രഖ്യാപനം. ‘ഷേമാ ഇസ്രായേൽ’ എന്ന ഹീബ്രുവാചകത്തിന് ‘ഇസ്രായേലേ കേൾക്കുക’ എന്നാണർത്ഥം. ഏകദൈവവിശ്വാസത്തിൽ അടിയുറച്ചുനില്ക്കാൻ ഇന്നും യഹൂദജനത്തെ പ്രാപ്തരാക്കുന്ന ദൈവത്തിന്റെ ഉറപ്പാണ് ഈ കല്പന നല്കുന്നത്.

ദൈവം മോശയ്ക്കു നൽകുകയും, മോശ ഇസ്രായേൽജനത്തിനു കൈമാറുകയും ചെയ്ത കല്പനകളുടെ പട്ടികയിൽ ആദ്യത്തേതാണിത്. ഈ കല്പന പറയുന്നതിനുമുമ്പ്, ദൈവത്തിന്റെ കല്പനകൾ ശ്രദ്ധാപൂർവം അനുഷ്ഠിച്ചാൽ ജനത്തിനുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ദൈവം സൂചന നൽകുന്നുണ്ട്. രണ്ടു കാര്യങ്ങളാണു കല്പന കാക്കുന്നതിന്റെ ഫലങ്ങൾ: ദീർഘായുസ്സും (6:2), സന്താനപുഷ്ടിയും (6:3). ശരാശരി മനുഷ്യൻ ഏറ്റവും ആഗ്രഹിക്കുന്ന രണ്ടു ജീവിതസാഫല്യങ്ങളാണവ. ഈ ലോകത്തിലെ ജീവിതം കൂടുതൽ അനുഭവിക്കുന്നതിനു ദീർഘായുസ്സ് സഹായിക്കുന്നു. സന്താനപുഷ്ടിയാകട്ടെ, ഒരു മനുഷ്യന്റെ പിന്തുടർച്ച ഭൂമിയിൽ ഉറപ്പാക്കുന്നു. ഭൗതികമായ ലോകജീവിതത്തെ സംബന്ധിച്ച് പ്രസ്തുത നേട്ടങ്ങൾ കരഗതമാകണമെങ്കിൽ തികച്ചും ആധ്യാത്മികവും ലോകജീവിതവുമായി ബന്ധമില്ലാത്തതുമായ ദൈവികജീവിതത്തെ മനുഷ്യൻ ആഗ്രഹിക്കണം. ദൈവവുമായുള്ള ബന്ധം ശരിയായി നിലനിറുത്തിക്കൊണ്ടുമാത്രമേ ലോകജീവിതത്തിലെ സൗഭാഗ്യങ്ങളെ ശരിയായി ആസ്വദിക്കാനും സങ്കടങ്ങളെ അതിജീവിക്കാനും മനുഷ്യനു കഴിയൂ.

“നിങ്ങളുടെ ദൈവമായ കർത്താവ് ഒരേയൊരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കണം” (6:4–5). ദൈവത്തിന്റെ സ്വന്തജനമായ ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടേറിയ കാര്യമാണോ ഇത്? ഒറ്റനോട്ടത്തിൽ എളുപ്പമാണെന്നു തോന്നാം. എന്നാൽ, ഈ കല്പന പ്രായോഗികജീവിതത്തിൽ നടപ്പാക്കുമ്പോൾ മനുഷ്യൻ ചെയ്യേണ്ട ശൂന്യവത്കരണത്തിന്റെ ആഴം വലുതാണ്. എല്ലാം ഞാനുണ്ടാക്കി എന്ന ചിന്തയിൽനിന്ന് ദൈവമാണ് എല്ലാത്തിന്റെയും സ്രഷ്ടാവെന്ന് ഞാൻ അംഗീകരിക്കണം. എനിക്കെല്ലാം സാധ്യമാണെന്ന അഹങ്കാരത്തിൽനിന്ന് ദൈവത്തിനു മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്ന എളിമയിലേക്കു ഞാനിറങ്ങണം. വലിയൊരു സഹനവും ഇല്ലാതാകലും എളിമയും ഈ കല്പന ആവശ്യപ്പെടുന്നുണ്ട്. പക്ഷേ, ഈ കല്പനയുടെ നടപ്പാക്കൽ മാത്രമാണ് മനുഷ്യന്റെ സ്വസ്ഥമായ, ഫലദായകമായ ജീവിതത്തിനടിസ്ഥാനം.

ദൈവത്തിന്റെ പ്രഥമവും പ്രധാനവുമായ സ്ഥാനത്തെക്കുറിച്ചു കല്പന നൽകപ്പെടുന്ന കാലത്തെ ജനം മാത്രം അറിഞ്ഞാൽ മതിയാകില്ല. മറിച്ച്, ജാഗരൂകതയോടെ (ഈ വചനങ്ങൾ) നിങ്ങളുടെ മക്കളെ പഠിപ്പിക്കണം, അവയെപ്പറ്റി സംസാരിക്കണം (6:7), ഈ വചനങ്ങൾ കൈയിൽ അടയാളമായും നെറ്റിത്തടത്തിൽ പട്ടമായും അണിയണം, വീടുകളിൽ എഴുതണം (6:8). കൃത്യമായിപ്പറഞ്ഞാൽ ദൈവത്തെ സ്നേഹിക്കണം, ദൈവത്തെ അറിയണം, ദൈവത്തെക്കുറിച്ച് എഴുതണം. ജീവിതത്തിന്റെ സകല പ്രവൃത്തികളിലും ദൈവമുണ്ടായിരിക്കണം. ഇതാണ് ദൈവം ഇസ്രായേൽജനത്തോടാവശ്യപ്പെടുന്നത്. ലോകത്തിൽ സ്വസ്ഥത അനുഭവിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതും ദൈവകേന്ദ്രീകൃതമായ ജീവിതമാണ്. നല്ല ഫലം പുറപ്പെടുവിക്കാനുള്ള ഏറ്റവും നല്ല മാർഗം ദൈവത്തെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാക്കുക എന്നതാണ്.

നല്ല ഫലം പുറപ്പെടുവിക്കുന്നതിന്, ദൈവത്താൽ മനുഷ്യരിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരുടെ പങ്കിലേക്ക് രണ്ടാം വായന വിരൽ ചൂണ്ടുന്നു (എസ. 3: 16–21). ‘ഇസ്രായേൽ ഭവനത്തിന്റെ’ കാവൽക്കാരനായിരിക്കുക എന്നതാണ് എസക്കിയേലിന്റെ ദൗത്യം (3:17). ദൈവം തന്റെ ജനത്തിനു സാന്ത്വനവും അനുഗ്രഹങ്ങളുമാണു നല്കുന്നതെങ്കിൽ അവ പ്രവാചകൻ ജനത്തെ അറിയിക്കണം. ദൈവം ജനത്തിനു താക്കീതും ശാസനയും ശിക്ഷയുമാണു നല്കുന്നതെങ്കിൽ അതും പ്രവാചകൻ ജനത്തെ അറിയിക്കണം. ജനത്തിന്റെ സന്തോഷത്തിനനുസരിച്ചു പ്രവർത്തിക്കേണ്ടവനല്ല പ്രവാചകൻ; അവൻ ദൈവത്തിന്റെ സ്വരമാകേണ്ടവനാണ്. സഭയുടെ ഇന്നത്തെ അവസ്ഥയിൽ ഈ നിരീക്ഷണത്തിനു വലിയ പ്രാധാന്യമുണ്ട്. മിശിഹായുടെ സഭയിൽ മിശിഹായുടെയും സഭയുടെയും സ്വരമാകേണ്ടവനാണ് വൈദികൻ. സഭയ്ക്കോ ദൈവവചനത്തിനോ എതിരായി സംസാരിക്കാൻ വൈദികർക്ക് അധികാരമില്ല. ഈശോയുടെ, സഭയുടെ വാക്കുകൾ അതേപടി പാലിക്കുക എന്നതു മാത്രമാണ് വൈദികർ ചെയ്യേണ്ടത്. അതിനപ്പുറമുള്ള എന്തും വൈദികർക്ക് അനുസരണക്കേടും അച്ചടക്കമില്ലായ്മയുമാണ്. ദൈവവചനവും സഭയുടെ പഠനങ്ങളും ശ്രദ്ധയോടെ ജനത്തിനു കൈമാറുന്ന പ്രവാചകനായ ഒരു വൈദികന്റെ ഇടവകയിൽ വചനവിത്തിന്റെ ഫലങ്ങൾ ധാരാളമായുണ്ടാകും.

സുവിശേഷപ്രഘോഷണത്തിനുണ്ടാകേണ്ട യഥാർത്ഥ ഫലം എന്താണെന്നു മത്തായിയുടെ സുവിശേഷത്തിൽനിന്നുള്ള വായന (മത്താ. 13:44–52) സൂചിപ്പിക്കുന്നു. സ്വർഗരാജ്യത്തെ കണ്ടെത്തുക, അതിൽ പ്രവേശിക്കുക എന്നതാണ് ആ ഫലം. ദൈവത്തിന്റെ വചനം പ്രഘോഷിക്കപ്പെടുന്നത് ലോകം മുഴുവനെയും സ്വർഗരാജ്യത്തിലേക്കു ക്ഷണിക്കുന്നതിനാണ്. ദൈവവചനമായ ഈശോമിശിഹായും നിത്യജീവനാകുന്ന പിതാവും ഒന്നുതന്നെയാണ്. അതായത്, വചനവും നിത്യജീവനും സ്വർഗരാജ്യവും ദൈവരാജ്യവും എല്ലാം ഒന്നുതന്നെ. മനുഷ്യനായി അവതരിച്ച വചനത്തെ ജീവിതത്തിൽ സ്വീകരിച്ചു പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ ആ മനുഷ്യൻ നിത്യജീവനിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. പക്ഷേ, വചനത്തെ സ്വജീവിതത്തിൽ സ്വീകരിക്കാൻ ആ വചനത്തെ തിരിച്ചറിയണം. അങ്ങനെ തിരിച്ചറിയുന്നവർ സ്വയം ഇല്ലാതാക്കി ഭൗതികമായ നേട്ടങ്ങളും സമ്പത്തും ത്യജിച്ച് സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കണം.

സുവിശേഷപ്രഘോഷണത്തിന്റെ ആത്യന്തികഫലം സ്വർഗരാജ്യമാണെങ്കിലും സുവിശേഷപ്രഘോഷണംവഴിയുള്ള രക്ഷയുടെ ആദ്യഫലങ്ങൾ ഓരോ വിശ്വാസിയുമാണെന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു (തെസ 2:13). നാം നേരത്തേ കണ്ടതുപോലെ വചനത്തെ തിരിച്ചറിഞ്ഞു വചനമാകുന്ന ഈശോയിൽ വിശ്വസിക്കുന്നവർ നിത്യജീവനിലേക്കു പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. “ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ” (യോഹ 17:3). അങ്ങനെയെങ്കിൽ, വിശ്വാസം പ്രഖ്യാപിച്ച് മാമ്മോദീസാ സ്വീകരിച്ച എല്ലാവരും വചനവിത്തിന്റെ ഫലപ്രാപ്തിയുടെ അടയാളങ്ങളാണ്. ഈ തിരിച്ചറിവ് ദൈവജനത്തിനുണ്ടാകണമെന്ന് തിരുസ്സഭ ആഗ്രഹിക്കുന്നു. മാമ്മോദീസായിലൂടെ വിശ്വാസം സ്വീകരിച്ചവർ രക്ഷയുടെ ഫലങ്ങൾതന്നെയാണെന്നു തിരിച്ചറിയുകയും രക്ഷയുടെ ആത്യന്തികഫലമായ നിത്യജീവനിലേക്ക്/ദൈവത്തിലേക്കുള്ള യാത്ര യഥോചിതം തുടരുകയും വേണം. ■

# മിശിഹായുടെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരും



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

*കർദിനാൾ റോബർട്ട് സറായുടെ "എന്നന്നേക്കും" (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ അവലോകനം.*

1939 മുതൽ 1958 വരെ പത്രോസിന്റെ നൗകയെ നയിച്ച ധന്യനായ പന്ത്രണ്ടാംപീയൂസ് മാർപാപ്പാ, ദക്ഷിണ ഇറ്റലിയിലെ 'പൂലിയ്യാ' പ്രവിശ്യയിലെ റീജനൽ മേജർ സെമിനാരിയുടെ സുവർണജൂബിലിയുടെ ഭാഗമായി അവർക്ക് അനുവദിച്ചിരുന്ന സന്ദർശനാവസരത്തിൽ നടത്താനായി തയ്യാറാക്കിയ പ്രഭാഷണത്തിൽനിന്നുള്ള ഭാഗങ്ങളാണ് ഈ അധ്യായത്തിൽ ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നത്. 1958 ഒക്ടോബർ മാസം 19-ാം തീയതി ഞായറാഴ്ചയായിരുന്നു ഈ കൂടിക്കാഴ്ച നിശ്ചയിച്ചിരുന്നത്. എന്നാൽ, അതിനു പത്തുദിവസംമുമ്പ് ഒക്ടോബർ 9-ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ദിവംഗതനായി. പാപ്പാ ഈ പ്രഭാഷണം നടത്തിയില്ലെങ്കിലും വത്തിക്കാൻ ഇതു പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലെ പ്രധാനപ്പെട്ട ആശയങ്ങളാണ് ചുവടെ ചേർക്കുന്നത്.

**1. വൈദികപരിശീലനം ഒരു പൗരോഹിത്യഹൃദയത്തിനു രൂപംകൊടുക്കലാണ്**

ദൈവത്തിന്റെ പ്രത്യേകമായ സ്നേഹത്താൽ തിരഞ്ഞെടുക്കപ്പെട്ടവരുമായി അവിടുന്ന് ഏർപ്പെടുന്ന നിത്യമായ ഉടമ്പടിയാണ് പൗരോഹിത്യം എന്ന കൂദാശ. സ്നേഹത്തിന്റെയും വിശുദ്ധിയുടെയും ഒരു പ്രത്യുത്തരമാണ് തിരഞ്ഞെടുക്കപ്പെട്ടവർ ദൈവത്തിനു നല്കേണ്ടത്. ദൈവതിരുമനസ്സിനു സമ്പൂർണമായി വിധേയമായിക്കൊണ്ട് നിത്യപുരോഹിതനായ മിശിഹായുടെ ഹൃദയത്തിന് അനുരൂപമായ ഒരു ഹൃദയമാണ് വൈദികവിദ്യാർത്ഥിയിൽ രൂപപ്പെടേണ്ടത്. സെമിനാരിപരിശീലനത്തിന്റെ ലക്ഷ്യം ഈ രൂപാന്തരീകരണമാണ്.

**2. മിശിഹായുടെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരും**

"മിശിഹായുടെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായിട്ടാണ് പരിഗണിക്കേണ്ടത് (1 കൊറി. 4:1) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾക്കനുസൃതം വൈദികവിദ്യാർത്ഥി ഭാവിപ്രവർത്തനങ്ങൾക്കായി ഒരുങ്ങണം. "ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ് " (1 കൊറി. 3:9).

ഋജുവും പരിശുദ്ധവുമായ നിയോഗങ്ങളുടെ മനുഷ്യനായിരിക്കണം ഓരോ പുരോഹിതനും. തന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ സ്വാർത്ഥത കലരാൻ അവൻ അനുവദിക്കരുത്. വൈദികന്റെ മുഖ്യപ്രവർത്തനം കണിശമായും പൗരോഹിത്യാത്മകമായിരിക്കണം. അതായത്, ദൈവത്തിനും മനുഷ്യർക്കുമിടയിൽ മധ്യസ്ഥനായി വർത്തിച്ചുകൊണ്ട് പുതിയ ഉടമ്പടിയുടെ ബലി ദൈവത്തിന് അർപ്പിക്കാനും ദൈവവചനം പ്രഘോഷിക്കാനും കൂദാശകൾ പരികർമ്മം ചെയ്യാനും പുരോഹിതൻ ശ്രദ്ധാലുവായിരിക്കേണ്ടതാണ്.

**3. ദൈവതൃക്കരങ്ങളിലെ ഉപകരണങ്ങൾ**

തന്റെ രക്ഷാകരവേലയിൽ സഹായികളായി തിരഞ്ഞെടുക്കപ്പെടുന്നവരുടെ വലിയ ഗുണകാംക്ഷിയാണ് ദൈവം. സ്വന്തം നിലയിലല്ല, പിന്നെയോ, ദൈവത്തിന്റെ ഉപകരണങ്ങളായാണ് വൈദികർ പ്രവർത്തിക്കുന്നത്. സ്വാതന്ത്ര്യവും വ്യക്തിത്വവും നഷ്ടമാകാത്ത ഉത്തരവാദിത്വമുള്ള ശുശ്രൂഷികളാണവർ. മനുഷ്യഹൃദയങ്ങളിൽ ദൈവത്തിന്റെ പ്രതിച്ഛായ രൂപപ്പെടുത്താൻ മിശിഹായുടെ കരങ്ങളിലെ ഉപകരണമാണ് പുരോഹിതൻ. സെമിനാരിപരിശീലനത്തിന്റെ ലക്ഷ്യം കർത്താവിനുവേണ്ടി നല്ലവരും അനുസരണയുള്ളവരുമായ ഉപകരണങ്ങളായി വർത്തിക്കുന്നവർക്കുള്ള ആത്മീയപരിശീലനം നല്കുകയാണെന്ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ഉദ്ബോധിപ്പിക്കുന്നു.

**4. മിശിഹായോടും സഭയോടും വിശ്വസ്തൻ**

തിയോളജി പഠനം മിശിഹായോടും അവിടുത്തെ സഭയോടും വിശ്വസ്തത പുലർത്താൻ സെമിനാരിക്കാരെ അഭ്യസിപ്പിക്കുന്നു. വ്യക്തിപരമായ കാഴ്ചപ്പാടുകൾക്കല്ല സഭയുടെ പ്രബോധനങ്ങൾക്കാണ് വൈദികൻ പ്രാധാന്യം നല്കേണ്ടത്.

**5. അചഞ്ചലവിശ്വാസം**

നവവൈദികൻ ശുഭാപ്തിവിശ്വാസത്തോടെ ആരംഭിക്കുന്ന ശുശ്രൂഷാജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ തളരരുതെന്ന് പരിശുദ്ധപിതാവ് ഓർമിപ്പിക്കുന്നു. ഒരാധ്യാത്മികനിയന്താവിന്റെ ഉപദേശങ്ങളും നിർദേശങ്ങളും ഏറെ വിലപ്പെട്ടതാണ്. മുതിർന്നവരായ വൈദികർ യുവവൈദികരെ ഒരിക്കലും നിരുത്സാഹപ്പെടുത്തരുതെന്നും പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ഓർമിപ്പിക്കുന്നു.

അറുപത്തിനാലു വർഷം മുമ്പ് ഭാഗ്യസ്മരണാർഹനായ ധന്യൻ പന്ത്രണ്ടാം പീയൂസ് പാപ്പാ തയ്യാറാക്കിയ പ്രഭാഷണത്തിന്റെ കാലികപ്രസക്തി കർദിനാൾ റോബർട്ട് സറാ താഴെ കുറിക്കുംപ്രകാരമാണ് ചർച്ച ചെയ്യുന്നത്:

ഒന്നാമതായി, വൈദികവിദ്യാർത്ഥികളുടെ പരിശീലനം ഓരോ രൂപതാധ്യക്ഷന്റെയും പരമപ്രധാനമായ ഉത്തരവാദിത്വമാണ്. ഓരോ മെത്രാനും പരമ്പരാഗതരീതിയിലുള്ള സെമിനാരി ആരംഭിക്കാനുള്ള സ്വാതന്ത്ര്യമുണ്ടാകണം -പലയിടങ്ങളിലും തിയോളജിയുടെ യൂണിവേഴ്സിറ്റിപഠനം കൊണ്ട് തൃപ്തിപ്പെടുകയാണ്. അതുപോരാ എന്നു കർദിനാൾ സറാ തീർത്തുപറയുന്നു. സെമിനാരിക്കാരൻ ഒരു വിദ്യാർത്ഥി മാത്രമല്ല. പ്രഫസറാകാനല്ല, മിശിഹായുടെ ശുശ്രൂഷകനാകനാണ് വൈദികവിദ്യാർത്ഥികൾ പരിശീലിപ്പിക്കപ്പെടേണ്ടത്. പൗരോഹിത്യജീവിതത്തിനാവശ്യമായ വ്യക്തിഗതവും പൊതുവുമായ പ്രാർത്ഥനാനുഭവത്തിൽ വൈദികവിദ്യാർത്ഥി വളരണം. ലോകത്തോടും അതിന്റെ മാധ്യമകോലാഹലങ്ങളോടും അകലം പാലിക്കേണ്ടത് ഈ പരിശീലനകാലത്ത് അനിവാര്യമാണ്. മെത്രാനോടോ അദ്ദേഹത്തിന്റെ പ്രതിനിധിയോടോ ഉള്ള വിധേയത്വവും, സ്നേഹത്തിലും സാഹോദര്യത്തിലുമുള്ള സമൂഹജീവിതവും വൈദികപരിശീലനത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങളാണ്.

കർദിനാൾ സറാ എഴുതുന്നു:

"ഒരു സെമിനാരി പൗരോഹിത്യജീവിതത്തിന്റെ പൂർണത കരസ്ഥമാക്കാനുള്ള കളരിയായിരിക്കണം. അതിരു കടന്ന പ്രവർത്തനനിരതയും മാനസികപിരിമുറുക്കവുമല്ല പൗരോഹിത്യജീവിതത്തിന്റെ മുഖമുദ്ര. പൗരോഹിത്യജീവിതം മുഖ്യമായും നിത്യപുരോഹിതനായ മിശിഹായോടൊപ്പമുള്ള മധ്യസ്ഥപ്രാർത്ഥനയാണ്. സത്യസന്ധത, വിശ്വസ്തത, ധൈര്യം, ഔദാര്യം, ആത്മാർത്ഥത, നിസ്വാർത്ഥത തുടങ്ങിയ പുണ്യങ്ങൾ പുരോഹിതനിൽ പ്രശോഭിക്കണം. കാപട്യം പുരോഹിതന് തീർത്തും അന്യമായിരിക്കണം."

മാനുഷികബന്ധങ്ങളിലെ വൈകാരികപക്വതയും മനസ്സിന്റെ സമതുലനാവസ്ഥയും കൈവിടാതെ ജീവിക്കാൻ ഓരോ വൈദികനും പരിശീലിപ്പിക്കപ്പെടണം. രൂപതാധ്യക്ഷന്റെ നേർക്ക് തുറന്ന മനഃസ്ഥിതിയും അനുസരണവും പാലിക്കാൻ അനായാസം അവനു കഴിയേണ്ടതാണ്. സെമിനാരിക്കാരോടും വൈദികരോടും പിതൃസഹജമായ വാത്സല്യവും സ്നേഹവും പുലർത്താൻ മെത്രാന്മാർക്കു കഴിയണം. അതൊരു ഭംഗിവാക്കായാൽപ്പോരായെന്നും പിതൃസഹജമായ പെരുമാറ്റം യഥാർത്ഥ്യമായി അവർക്ക് അനുഭവപ്പെടണമെന്നും കർദിനാൾ സറാ നിരീക്ഷിക്കുന്നു.

ഈശോ ചുമതല ഏല്പിക്കുന്നത് ഒരു സ്ഥാപനത്തെയല്ല; ഒരു വ്യക്തിയെയാണ്. സഭയുടെ അടിസ്ഥാനം മെത്രാൻസമിതിയോ രൂപതാഭരണസംവിധാനങ്ങളോ അല്ല; അതു മെത്രാൻ എന്ന വ്യക്തിയിലാണ് അധിഷ്ഠിതമായിരിക്കുന്നത്.

പുരോഹിതർ വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണെന്ന കാര്യം അവർ നിരന്തരം ഓർക്കണമെന്ന, പന്ത്രണ്ടാം പീയൂസ് മാർപാപ്പായുടെ ആഹ്വാനം എടുത്തുപറഞ്ഞുകൊണ്ടാണ്, കർദിനാൾ സറാ തന്റെ പരിചിന്തനങ്ങൾ സമാപിപ്പിക്കുന്നത്. ■



പന്ത്രണ്ടാം പീയൂസ് മാർപാപ്പാ

## പാലാ രൂപത എസ്.എം.വൈ.എം. മന്ത്രി വി. ശിവൻകുട്ടിക്ക് നിവേദനം നൽകി

പാലാ: ക്രൈസ്തവ സാമൂഹികപരിഷ്കർത്താക്കളെ സ്കൂൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തണമെന്നും, കേരള സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ സുറിയാനിപാട്ടുമത്സരം ഉൾക്കൊള്ളിക്കണമെന്നും ആവശ്യപ്പെട്ട് എസ്എംവൈഎം പാലാ രൂപതയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിക്കു നിവേദനം നൽകി.

കേരളനവോത്ഥാനത്തിനു സമഗ്രസംഭാവന നൽകിയ ക്രൈസ്തവസാമൂഹികപരിഷ്കർത്താക്കൾക്കു പാഠപുസ്തകങ്ങളിൽ അർഹമായ പരിഗണന നൽകണമെന്നും, അവരുടെ സംഭാവനകൾ തമസ്കരിക്കാൻ പാടില്ലാത്തതാണെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.



ക്രൈസ്തവസാമൂഹികപരിഷ്കർത്താക്കളെ സ്കൂൾപാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് എസ്എംവൈഎം പാലാ രൂപതാസമിതി സമർപ്പിച്ച നിവേദനം രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര മന്ത്രി വി. ശിവൻകുട്ടിക്ക് കൈമാറുന്നു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, സെക്രട്ടറി ടോണി കവിയിൽ, കൗൺസിലർ ലിയ തെരേസ് ബിജു എന്നിവർ സമീപം.

# സ്വാതന്ത്ര്യം മഹാത്മജി തെളിച്ചിട്ട മോക്ഷമാർഗം

*1-ാം പേജ് തുടർച്ച*

'ഇപ്പോൾ നമുക്കു കിട്ടിയത് രാഷ്ട്രീയസ്വാതന്ത്ര്യം മാത്രമാണെന്നും ഇനി സാമ്പത്തികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ സ്വാതന്ത്ര്യങ്ങൾ നമ്മൾ സ്വയം നേടിയെടുക്കണമെന്നും മഹാത്മാഗാന്ധി 1947 ൽത്തന്നെ ഇന്ത്യൻജനതയെ ഓർമിപ്പിച്ചിരുന്നു. രാഷ്ട്രപിതാവിന്റെ വാക്കുകൾ അപ്പാടെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ലെങ്കിലും ആ വഴിക്ക് ഉറച്ച ചുവടുകൾ വയ്ക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനിക്കാൻ അവകാശമുണ്ട്.


സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യ ഒരു ദരിദ്രരാജ്യമായിട്ടാണു കരുതപ്പെട്ടിരുന്നത്. ഭക്ഷ്യകാര്യത്തിൽപ്പോലും നമുക്കു വലിയതോതിൽ അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു. 1959 ൽ, ഭക്ഷ്യകാര്യത്തിൽ ദരിദ്രരാജ്യങ്ങളെ സഹായിക്കാൻ അമേരിക്കൻ പ്രസിഡന്റ് ഐസനോവർ പ്രഖ്യാപിച്ച പി.എൽ. 480 പദ്ധതിപ്രകാരം അറുപതുകളിൽ അമേരിക്കയിൽനിന്ന് ഇന്ത്യയിലേക്ക് വൻതോതിൽ ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്തിരുന്നു. ഇതേ അറുപതുകളിൽത്തന്നെയാണ് വിഖ്യാത കാർഷികശാസ്ത്രജ്ഞൻ എം.എസ്. സ്വാമിനാഥന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ ഹരിതവിപ്ലവം ആരംഭിച്ചത്. ഇതിന്റെ ഫലമായി ഇന്ത്യയിലെ ഭക്ഷ്യോത്പാദനം പതിന്മടങ്ങു വർദ്ധിക്കുകയും 1971 ൽ പി.എൽ. 480 പ്രകാരമുള്ള സഹായം നമ്മൾ വേണ്ടെന്നു വയ്ക്കുകയും ചെയ്തു.

ഇന്നു ഭക്ഷ്യോത്പാദനത്തിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യ രണ്ടാം സ്ഥാനത്തെത്തിയിരിക്കുന്നു. അന്താരാഷ്ട്ര നാണ്യനിധിയുടെ പഠനമനുസരിച്ച് ഇപ്പോൾ ഇന്ത്യയിലെ ദാരിദ്ര്യനില ഒരു ശതമാനത്തിൽ താഴെ മാത്രമാണ്. സ്വാതന്ത്ര്യപ്രാപ്തിയുടെ നാളുകളിൽ ഇത് 70 ശതമാനമായിരുന്നു. 75 വർഷംകൊണ്ടു നമ്മൾ ഭക്ഷ്യസ്വയംപര്യാപ്തതയിലെത്തിയിരിക്കുന്നു. ഇതത്ര ചെറിയ വളർച്ചയല്ലല്ലോ. ഇന്നു വേണമെങ്കിൽ മറ്റു പല ദരിദ്രരാജ്യങ്ങളെയും ഭക്ഷ്യകാര്യത്തിൽ സഹായിക്കാൻ ഇന്ത്യയ്ക്കു കഴിയും.

**സാമ്പത്തികവളർച്ച**

സാമ്പത്തികവളർച്ചയുടെ കാര്യത്തിലും നമ്മൾ ഒട്ടും പിന്നിലല്ല. സമ്പദ്ഘടനയുടെ വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ അമേരിക്കയ്ക്കും ചൈനയ്ക്കും പിന്നിൽ മൂന്നാം സ്ഥാനത്താണു നമ്മൾ. സാമ്പത്തികശക്തി എന്ന നിലയിൽ നമ്മുടെ സ്ഥാനം അഞ്ചാമതാണ്. അമേരിക്കയും റഷ്യയും ചൈനയും ജപ്പാനുമാണ് നമുക്കു മുന്നിൽ. എങ്കിലും, മഹാത്മഗാന്ധി ആഗ്രഹിച്ച സാമ്പത്തികസ്വാതന്ത്ര്യത്തിലേക്കു നമ്മൾ പ്രവേശിച്ചു എന്നു പറയാനാവില്ല. ആരും മറ്റൊരാളെ ആശ്രയിച്ചു ജീവിക്കുന്ന സാഹചര്യമില്ല എന്നാകുമ്പോഴേ ആ ലക്ഷ്യം നമുക്കു കൈവരിക്കാനാവൂ.

വിദ്യാഭ്യാസരംഗത്തും സ്വതന്ത്രഭാരതത്തിന്റെ കുതിച്ചുചാട്ടം അഭിമാനകരമാണ്. 1947 ൽ സ്വാതന്ത്ര്യം നേടുമ്പോൾ നമ്മുടെ സാക്ഷരതാനിരക്ക് 12 ശതമാനം മാത്രമായിരുന്നു. ഇന്നത് 77.7 ശതമാനമായി ഉയർന്നിട്ടുണ്ട്. കേരളത്തിൽ അത് 100 ശതമാനമാണല്ലോ.



ഇന്ന് ഇന്ത്യയിലെ സർവകലാശാലകളുടെ എണ്ണം 100 കവിഞ്ഞിരിക്കുന്നു. കോളജുകളുടെ എണ്ണം 45000 ത്തിലധികം. 542 മെഡിക്കൽ കോളജുകളും 23 ഐ.ഐ.ടികളും 2500 എഞ്ചിനീയറിങ് കോളജുകളും വേറേ.

ഇന്നു മൂന്നുകോടി ഇരുപതു ലക്ഷം ഇന്ത്യാക്കാർ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്നാണു കണക്ക്. ഇത് ഇന്ത്യ നേടിയ വിദ്യാഭ്യാസവളർച്ചയുടെ സൂചകമാണ്. പ്രതിവർഷം വിദേശരാജ്യങ്ങളിലേക്ക് 25 ലക്ഷം പേർ തൊഴിൽ തേടിപ്പോകുന്നുമുണ്ട്. (ഇത് ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ സൂചകമാണെന്നു നിഷേധാർത്ഥത്തിൽ കാണേണ്ടതില്ല.) ഇപ്പോഴും നമ്മുടെ വിദ്യാഭ്യാസരംഗം ഏതൊരു ലോകരാഷ്ട്രത്തോടും കിടപിടിക്കത്തക്കവിധമുള്ള സത്വരവളർച്ച ആർജിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നതും ശ്രദ്ധിക്കണം.

**സാംസ്കാരികനഷ്ടം**

അപ്പോഴുമുണ്ട് ഒരു സംശയം. ഈ വിദ്യാഭ്യാസവളർച്ച നമ്മൾ നേടിയ വിദ്യാഭ്യാസസ്വാതന്ത്ര്യത്തിന്റെ സൂചകമായെടുക്കാമോ? അങ്ങനെയങ്ങ്, ഉറപ്പിച്ചുപറയാൻ കഴിയില്ല. മറിച്ചായിരുന്നെങ്കിൽ നമ്മുടെ സാംസ്കാരികസ്വാതന്ത്ര്യവും ഒപ്പം യാഥാർത്ഥ്യമാകുമായിരുന്നു.

ഇതു സംഭവിക്കാതെപോയതിന് ഒരു കാരണമുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ്, ഇന്ത്യയിൽ ആധുനികവിദ്യാഭ്യാസം പ്രചരിപ്പിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റു തീരുമാനിച്ചപ്പോൾ ഒരു സംശയമുണ്ടായി. പൗരസ്ത്യരീതിയാണോ പാശ്ചാത്യരീതിയാണോ വേണ്ടത്? ഒടുവിൽ 1834 ലെ മെക്കാളെയുടെ മിനിട്സിന്റെ അടിസ്ഥാനത്തിൽ നറുക്കു വീണതു പാശ്ചാത്യരീതിക്കായിരുന്നു. അതുകൊണ്ടൊരു തരക്കേടുണ്ടായി. പാഠ്യപദ്ധതികളിൽ പാശ്ചാത്യചരിത്രവും സംസ്കാരവും നിറഞ്ഞുതുളുമ്പി. ഇന്ത്യൻ സംസ്കാരവും ചരിത്രവും പടിക്കുപുറത്താവുകയും ചെയ്തു! 'രക്തത്തിൽ ഇന്ത്യക്കാര്യം ആത്മാവിൽ ഇംഗ്ലീഷുകാരു'മായ തലമുറയെന്നായിരുന്നു മെക്കാളെയുടെ പ്രഖ്യാപനം. ഫലമോ? ഇന്ത്യൻ പൈതൃകത്തിൽ അഭിമാനം തെല്ലുമില്ലാത്ത നാടൻ സായ്പുമാരുടെ മേൽക്കോയ്മ ഇന്ത്യൻ ജനജീവിതത്തിലുണ്ടായി.

ഇതിനു മാറ്റം വന്നാലേ വിദ്യാഭ്യാസം അടിസ്ഥാനഘടകമായി പ്രവർത്തിക്കേണ്ട സാംസ്കാരിക സ്വാതന്ത്ര്യം കൈവരിക്കാൻ നമുക്കു കഴിയൂ. രാഷ്ട്രീയാഭിപ്രായഭേദങ്ങൾ മാറ്റിവച്ചുകൊണ്ടു പറയട്ടെ, പുതിയ ഇന്ത്യൻ വിദ്യാഭ്യാസനയത്തിൽ ആ വഴിക്കുള്ള ഒരു വഴിമാറിനടക്കലിന്റെ സൂചനകൾ കാണുന്നുണ്ട്. ശുദ്ധമായ സാംസ്കാരികലക്ഷ്യത്തോടെയാണതു പ്രാവർത്തികമാകുന്നതെങ്കിൽ പ്രതീക്ഷിക്കാനവകാശമുണ്ട്.

**ജനാധിപത്യപരാജയം**

സ്വാതന്ത്ര്യത്തോടൊപ്പം നമുക്കു കൈവന്നതു മഹത്തായ ജനാധിപത്യസംവിധാനംകൂടിയാണ്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം നമുക്കു സമ്മാനിച്ചത്. അതുപക്ഷേ, ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിൽ ഇന്ത്യ വിജയിച്ചില്ല. ജനങ്ങളുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായി അഴിമതിയും സ്വജനപക്ഷപാതവും അപകടകരമായ പ്രാദേശികവാദവും ഒന്നുചേർന്നപ്പോൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖം വല്ലാതെ വികൃതമായി. സ്വാതന്ത്ര്യത്തിന്റെ സദ്ഫലങ്ങൾ അനുഭവിക്കാൻ ജനങ്ങൾക്കു കഴിയാതെപോയി എന്നതാണു ദൗർഭാഗ്യകരം.

2021 ലെ ഒരു പഠനമനുസരിച്ച് 180 രാഷ്ട്രങ്ങൾക്കിടയിൽ അഴിമതിക്കാര്യത്തിൽ ഇന്ത്യ 85-ാം സ്ഥാനത്തായിരുന്നു. 2009 ലെ ഒരു പഠനം വെളിപ്പെടുത്തിയ ഞെട്ടിക്കുന്ന ഒരു വസ്തുത, നമ്മുടെ 542 പാർലമെന്റംഗങ്ങളിൽ 120 പേർ പലവിധത്തിലുള്ള അഴിമതിക്കേസുകളിൽപ്പെട്ടിരുന്നു എന്നതാണ്. വേലിതന്നെ വിളവുതിന്നുന്ന അത്യന്തം അപകടകരമായ അവസ്ഥ!

രാജാക്കന്മാരുടെ ഭരണകാലത്ത് ഉദ്യോഗസ്ഥർക്കിടയിൽ വ്യാപകമായിരുന്ന അഴിമതിയും സ്വജനപക്ഷപാതവും ജനവിരുദ്ധതയും ജനാധിപത്യം കൈവരുമ്പോൾ ഇല്ലാതാകുമെന്നായിരുന്നു ജനങ്ങളുടെ പ്രതീക്ഷ. പക്ഷേ, അനുഭവം അമ്പേ, കടകവിരുദ്ധമായിരുന്നു. ഭരണസംവിധാനത്തിൽ അടിമുടി അഴിമതിയുടെ ദുർഗന്ധമാണു നമുക്കിന്നനുഭവപ്പെടുന്നത്. അധികാരം അഴിമതിക്കുള്ള മാർഗമായി പരിണമിച്ചതാണു പുതിയ പ്രതിഭാസം. കേന്ദ്രഭരണംമുതൽ താഴെത്തട്ടിൽ ജനങ്ങളോട് ഏറ്റവും അടുത്തുനിൽക്കുന്ന പഞ്ചായത്തുതലംവരെ അഴിമതിയുടെ നീരാളിപ്പിടിത്തത്തിലാണ്.

**അഴിമതിയുടെ വഴികൾ**

പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾത്തന്നെ അഴിമതിക്കുള്ള പഴുതുകളും ഉറപ്പാക്കുന്നുവെന്നതാണു ഭയജനകം. നൂറുശതമാനംവരെ അധികച്ചെലവു വരാവുന്ന രീതിയിലാണ് പദ്ധതിച്ചെലവുകൾ കണക്കാക്കുന്നത്. അധികാരത്തിന്റെ ഭിന്നശ്രേണികളിൽ അഴിമതി ഏറ്റക്കുറച്ചിലോടെ രാഷ്ട്രത്തിന്റെ പൊതുസ്വത്തു കവർന്നെടുക്കുന്നു.

അഴിമതി അനുവദിക്കില്ല, അഴിമതിക്കാരെ കർശനമായി ശിക്ഷിക്കും എന്നൊക്കെ മാറിമാറി വരുന്ന ഭരണസംവിധാനങ്ങൾ ആവർത്തിക്കാറുണ്ട്. എന്നാൽ, 'അഴിമതി ആഗോളപ്രതിഭാസമാണ്' എന്നു കൈകഴുകുന്ന അധികാരികളും ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്. അഴിമതിക്കു മരണശിക്ഷവരെ വിധിക്കുന്ന കമ്യൂണിസ്റ്റുചൈനയിൽപ്പോലും അഴിമതി വ്യാപകമാണെന്നറിയുമ്പോൾ നമുക്കെങ്ങനെയാണ് ആശ്വസിക്കാൻ കഴിയുക?

പൊതുമുതലിന്റെ കാവല്ക്കാരായിരിക്കേണ്ടവർതന്നെ അതിന്റെ അപഹർത്താക്കളായി മാറുന്ന ഹൃദയഭേദകമായ ദൃശ്യമാണ് ഇന്ത്യൻ പൊതുസ്ഥാപനങ്ങളും സംരംഭങ്ങളും വ്യാപകമായി തുറന്നിടുന്നത്. നമ്മുടെ ഭരണസംവിധാനമാകെ കുറുക്കന്മാർ നടത്തുന്ന കോഴിഫാമായി മാറിക്കഴിഞ്ഞിരിക്കുന്നു!

**മഹാത്മജിയെ മറന്നുപോയി!**

രാഷ്ട്രപിതാവിന്റെ നിർമലമായ ഉദ്ബോധനങ്ങളും പവിത്രമായ ജീവിതമാതൃകയും നമ്മൾ വിസ്മരിച്ചതാണു ദുരന്തകാരണമെന്നു പറയാം. അദ്ദേഹത്തിന്റെ ബലിദാനംപോലും നമുക്കിന്നു പഴങ്കഥയായിക്കഴിഞ്ഞിരിക്കുന്നു. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വദിനത്തിൽ പ്രധാനമന്ത്രി നെഹ്റു പ്രവചിച്ചത്, 'വിളക്കു കെട്ടു, പക്ഷേ, വെളിച്ചം ഒരിക്കലും അണഞ്ഞുപോകില്ല' എന്നായിരുന്നു. എന്നാൽ, പില്ക്കാല ഭരണാധികാരികൾ ആ വെളിച്ചംകൂടി മായ്ച്ചുകളയാൻ മത്സരിക്കുന്ന കാഴ്ചയാണു നമ്മൾ കണ്ടത്. മഹാത്മാഗാന്ധിക്കു മുകളിൽ പലരെയും നിക്ഷിപ്തതാത്പര്യങ്ങളോടെ പ്രതിഷ്ഠിക്കാനുള്ള ആത്മനാശകമായ ശ്രമം ചിലർ തുടർന്നുകൊണ്ടേയിരിക്കുന്നു.

1986 ൽ ഇന്ത്യാസന്ദർശനത്തിനെത്തിയ ജോൺപോൾ രണ്ടാമൻ മാർപാപ്പാ മഹാത്മജിയെപ്പറ്റി സാക്ഷ്യപ്പെടുത്തിയത്, 'ലോകത്തിന്റെ മുഴുവൻ പ്രശ്നങ്ങൾക്കും ഏകപരിഹാരം മഹാത്മാഗാന്ധിയാണ്' എന്നായിരുന്നല്ലോ. സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാംവാർഷികത്തിൽ ഓരോ ഇന്ത്യക്കാരനും ആത്മാവിൽ കുറിച്ചിടുന്ന ആദർശവാക്യം ഇതായിരിക്കട്ടെ: മഹാത്മജി നമുക്കുപദേശിച്ചു തന്ന മോക്ഷമാർഗമാണു സ്വാതന്ത്ര്യം. ■



*വത്സാ ജോസ് കാപ്പിൽ രചിച്ച 'വഴിവിളക്ക്' എന്ന ഗ്രന്ഥം പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിലിനു നൽകി പ്രകാശനം ചെയ്യുന്നു. പി.ജെ. ജോസഫ് പണ്ടാരക്കാപ്പിൽ, ഗ്രന്ഥകർത്രി, റോസമ്മ മുരിക്കൻ എന്നിവർ സമീപം.*

# പുതിയ വെല്ലുവിളിയായി മങ്കിപോക്സ്



ഡോ. ജെസ്‌ലിൻ ജോഷി

കൊവിഡ് മഹാമാരിയെ ഒരു പരിധിവരെ തടഞ്ഞുനിറുത്തിയെന്ന് ആശ്വസിക്കുമ്പോഴാണ് പുതിയ വെല്ലുവിളി ലോകത്തിനു മുമ്പിൽ എത്തിയിരിക്കുന്നത് - മങ്കിപോക്സ് അഥവാ കുരങ്ങുവസൂരി. മനുഷ്യരിൽനിന്നു മനുഷ്യരിലേക്കു പകരുന്ന ഒരു വൈറസ്‌രോഗമാണ് മങ്കിപോക്സ്. മുൻകാലങ്ങളിൽ വസൂരിരോഗികളിൽ കണ്ടതിനു സമാനമായ ലക്ഷണങ്ങൾ തന്നെയാണ് ഈ രോഗികളിലും കാണുന്നത്. മങ്കിപോക്സ് വൈറസിന് ഇരയാകാൻ സാധ്യതയുള്ളത് കുരങ്ങ്, അണ്ണാൻ, എലി വർഗങ്ങളിൽപ്പെട്ട ജീവികളാണ്. ആഫ്രിക്കൻ രാജ്യങ്ങളിലാണ് കൂടുതലായും ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

1970 ൽ ആഫ്രിക്കൻരാജ്യമായ കോംഗോയിലാണ് ആദ്യമായി മനുഷ്യനിൽ മങ്കിപോക്സ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. പിന്നീട് ആഫ്രിക്കൻഭൂഖണ്ഡങ്ങളിലെ വിവിധ രാജ്യങ്ങളിലും ഈ രോഗം മുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ വർഷം മേയിലാണ് ഫിലിപ്പീൻസിൽ മങ്കിപോക്സ് ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇതിനകം കാനഡയും അമേരിക്കയും മറ്റു യൂറോപ്യൻ രാജ്യങ്ങളും ഉൾപ്പെടെ 72 രാജ്യങ്ങളിലായി 21,000 ത്തിലധികം ആളുകൾക്കു രോഗം ബാധിച്ചുകഴിഞ്ഞു. ഇന്ത്യയിൽ നിലവിൽ രോഗം സ്ഥിരീകരിച്ച ഒൻപതു പേരിൽ മൂന്നു പേർ കേരളത്തിൽനിന്നുള്ളവരാണ് (ഓഗസ്റ്റു 4 ലെ റിപ്പോർട്ടു പ്രകാരം).



പനി, തലവേദന, നടുവേദന, പേശിവേദന, കഴലവീക്കം എന്നിവയാണു ലക്ഷണങ്ങൾ. ശരീരത്തു ദ്രാവകം നിറഞ്ഞ കുമിളകൾ പ്രത്യക്ഷപ്പെടും. ആറു മുതൽ 13 വരെ ദിവസമാണ് കുരങ്ങുപനിയുടെ ഇൻകുബേഷൻ (അണുബാധമുതൽ രോഗലക്ഷണങ്ങൾ പ്രകടമാകുന്നതുവരെയുള്ള സമയം) കാലയളവ്. ലക്ഷണങ്ങൾ 14 മുതൽ 21 വരെ ദിവസം നീണ്ടുനിൽക്കാം. രോഗബാധിതനായ മനുഷ്യരിൽനിന്നു മറ്റു മനുഷ്യരിലേക്കു രോഗം പകരും. ചുമയ്ക്കുകയോ മൂക്കുചീറ്റുകയോ ചെയ്യുമ്പോൾ വായുവിലൂടെ രോഗം മറ്റുള്ളവരിലേക്കു പകരുന്നു.

രോഗം ബാധിച്ച മൃഗങ്ങളുടെ രക്തം, ശരീരദ്രവങ്ങൾ എന്നിവയിൽനിന്നാണു രോഗം മനുഷ്യരിലേക്കു പകരുന്നത്. രോഗികളായ മനുഷ്യരിൽനിന്നു സമ്പർക്കംവഴി മറ്റു മനുഷ്യരിലേക്കും. രോഗം ബാധിച്ച മൃഗങ്ങളുടെ മാംസം കഴിക്കുന്നതും മൃഗങ്ങളുടെ കൊഴുപ്പോ മറ്റു ശരീരഭാഗങ്ങളോ ഉപയോഗിച്ചു തയ്യാറാക്കുന്ന ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതും രോഗപ്പകർച്ചയ്ക്കു കാരണമാകും. വനമേഖലയിലോ സമീപപ്രദേശങ്ങളിലോ താമസിക്കുന്ന ആളുകൾക്കു രോഗബാധിതമായ മൃഗങ്ങളുമായി പരോക്ഷമായി സമ്പർക്കം ഉണ്ടാകാൻ സാധ്യതയുണ്ട്.

**എങ്ങനെ പ്രതിരോധിക്കാം?**

കുരങ്ങ് ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുമായി സമ്പർക്കം ഒഴിവാക്കുക, മൃഗങ്ങളുടെ കടിയോ മറ്റോ ഏറ്റാലും അവയെ സ്പർശിച്ചാലും സോപ്പും വെള്ളവും ഉപയോഗിച്ച് 15 മിനിറ്റ് കഴുകുക, സാനിറ്റൈസർ ഉപയോഗിക്കുക, അസുഖമുള്ള ആളുകളിൽ നിന്നും മൃഗങ്ങളിൽ നിന്നും കൃത്യമായ അകലം പാലിക്കുക എന്നിവയാണ് പ്രതിരോധമാർഗങ്ങൾ.

വസൂരിക്കെതിരായ വാക്സിനേഷൻ കുരങ്ങുപനി തടയുന്നതിൽ 85 ശതമാനം ഫലപ്രദമാണെന്നു പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, നിലവിൽ വസൂരി വാക്സിൻ പൊതുജനങ്ങൾക്കു ലഭ്യമല്ല. 2019 ൽ മങ്കിപോക്സ് തടയുന്നതിനായി പരീക്ഷിച്ച വാക്സിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ, ഇതിന്റെയും ലഭ്യത പരിമിതമാണ്.

രോഗബാധിതരുടെ മരണനിരക്ക് 3-6% ആണെന്നു സമീപകാലത്തെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ആശങ്കാജനകമായ ഒരു സാഹചര്യം നിലവിലില്ല എന്നത് ആശ്വാസകരമാണ്.

■

# അട്ടപ്പാടിയിലെ വാനമ്പാടി

3-ാം പേജ് തുടർച്ച

പിന്നെ റാസിമുഹമ്മദ് സാറിന്റെ 'വെളുത്ത രാത്രികൾ' എന്ന സിനിമയ്ക്കുവേണ്ടി അഞ്ചു പാട്ടുകൾ പാടി. യൂട്യൂബിലൊക്കെ ഉണ്ട് ആ പാട്ടുകൾ. അതിലെ പാട്ട് റെക്കോർഡ് ചെയ്യാൻവേണ്ടി ഞങ്ങൾ തിരുവനന്തപുരത്തു പോയി. റാസി സാറിന്റെ വീട്ടിലാണ് താമസിച്ചത്. ആ സിനിമയ്ക്കും അക്കൊല്ലം അവാർഡ് കിട്ടിയിരുന്നു.

◊ *സച്ചിസാറിന്റെ സിനിമയിൽ വരുന്നത് എപ്പോഴാണ്? സച്ചിസാറുമായുള്ള സൗഹൃദം, ആ സിനിമയിലെ അനുഭവം ഒക്കെ വിശദീകരിക്കാമോ? സിനിമയുടെ ടീസറിൽ പൃഥിരാജിനെയും ബിജുമേനോനെയും അറിയില്ല എന്ന് നഞ്ചിയമ്മ പറയുന്ന വീഡിയോ വൈറലായിരുന്നുവല്ലോ? അപ്പോൾ എന്തു തോന്നി?*

അയ്യോ ശരിയാണ്. അത് അങ്ങനെയൊക്കെ പറഞ്ഞുപോയി. സത്യമായും എനിക്കവരെ അറിയില്ലായിരുന്നു. സച്ചിസാറിന്റെ സിനിമയ്ക്ക് ഒരു പാട്ട് കൊടുക്കണമെന്നുപറഞ്ഞ് പഴനിസ്വാമിയാണ് ഞങ്ങളെ എറണാകുളത്തു കൊണ്ടുപോയത്. അവിടെ ഒരു പാട്ട് പാടിക്കൊടുത്തു.

ആ പാട്ട് ഞാൻ പാടുന്നതു കേട്ടപ്പോഴേ അവർക്കൊക്കെ വലിയ സന്തോഷമായി. അതു പിന്നെ സച്ചിസാറിനെ കേൾപ്പിച്ചപ്പോഴാണ് അത് സിനിമയിലെ പ്രധാനപാട്ടായിട്ട് എടുക്കാൻ പൃഥിരാജ് സാറും സച്ചിസാറും ബിജുമേനോൻ സാറുമൊക്കെ തീരുമാനിച്ചത്.

സിനിമയിൽ ബിജുസാറിന്റെ അമ്മായിയമ്മ ആയിട്ടാണ് ഞാൻ അഭിനയിച്ചത്. എല്ലാവർക്കും എന്നെ വലിയ സ്നേഹമായിരുന്നു. സച്ചിസാറിന് കൂടുതൽ ഇഷ്ടം.

◊ *സച്ചിസാറിന്റെ മരണം നഞ്ചിയമ്മയ്ക്കു വലിയ ആഘാതമായി എന്നത് അന്നത്തെ വാർത്തകളിൽ വന്നിരുന്നു. പത്രങ്ങളുടെയൊക്കെ ഒന്നാം പേജിൽ നഞ്ചിയമ്മയുടെ കരയുന്ന മുഖം അച്ചടിച്ചുവന്നതാണ് ഇപ്പോഴോർമ്മ വരുന്നത്. എങ്ങനെയാണ് ആ ദിനം അതിജീവിച്ചത്?*

സച്ചിസാറിന്റെ മരണമാണ് ഞങ്ങളെ ശരിക്കും സങ്കടപ്പെടുത്തിയത്. എത്ര കഴിവുള്ള മനുഷ്യൻ. എത്ര ചെറുപ്പം. മറ്റൊരാളുടെ മരണത്തിലും ഞാൻ ഇത്ര വിഷമിച്ചിട്ടില്ല. ഏഴുവർഷം മുമ്പ് നഞ്ചപ്പന്റെ മരണശേഷം എന്നെ ഇത്രയേറെ സങ്കടപ്പെടുത്തിയത് സച്ചിസാറിന്റെ മരണമാണ്. സച്ചിസാർ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ പുതിയ സിനിമ എടുത്തുകാണുമായിരുന്നു. ഞങ്ങൾ പിന്നെയും പുതിയ സിനിമയിൽ പാടുകയും അഭിനയിക്കുകയും ചെയ്യുമായിരുന്നു.

◊ *സച്ചിസാറിന്റെ സിനിമയിലൂടെയാണല്ലോ നഞ്ചിയമ്മ വൈറലാകുന്നത്? ഇപ്പോൾ എന്തു തോന്നുന്നു?*

അതേ. ഞാനും എന്റെ പാട്ടും വൈറലാകുന്നു എന്നത് ഞങ്ങടെ ആസാദ് കലാസംഘത്തിലെ എല്ലാർക്കുമുള്ള സന്തോഷമാണല്ലോ. അത് ഞങ്ങടെ അട്ടപ്പാടിക്കും, ഇവിടെ ആർക്കും വേണ്ടാതായിപ്പോയ ഞങ്ങടെ ഇരുളഭാഷയ്ക്കുമുള്ള അംഗീകാരമായാണ് ഞാൻ കരുതുന്നത്.

ആ സിനിമയ്ക്കുശേഷം ഞങ്ങൾക്കു നിറയെ സ്റ്റേജ് ഷോകളും ചാനൽ പരിപാടികളും പിന്നെ ഇന്ത്യയ്ക്കു പുറത്ത് പല പരിപാടികളുമൊക്കെ കിട്ടിയിരുന്നു. ആദ്യവിമാനയാത്രയ്ക്കുള്ള ആവേശത്തിലിരിക്കുമ്പോഴാണ് എല്ലാത്തിനും മീതെ ലോക്ഡൗൺ വീണത്.



എന്റെ വയസ്സുകാലത്ത് എനിക്കു കിട്ടിയ ഈ അംഗീകാരത്തിൽ എല്ലാവരും സന്തോഷിച്ചു. പക്ഷേ, കൊറോണ മഹാമാരി ഞങ്ങളുടെയൊക്കെ സ്വപ്നങ്ങൾ ശരിക്കും തകർത്തു.

◊ *നഞ്ചിയമ്മയുടെ ഫേസ്ബുക്ക്, യൂട്യൂബ് ചാനൽ വിശേഷങ്ങളൊക്കെ പറയാമോ? ഇതിലൂടെ നഞ്ചമ്മയും ന്യൂജൻ ആയതിൽ സന്തോഷമുണ്ടോ?*

ഫേസ് ബുക്ക് അക്കൗണ്ട് തുടങ്ങി മൂന്നുനാലു ദിവസംകൊണ്ട് 5000 ഫ്രണ്ട്സ് തികഞ്ഞു. പിന്നെ പേജ് തുടങ്ങി. അതും ആളുകൾ നന്നായി ശ്രദ്ധിക്കുന്നുണ്ട്. കൊറോണ ഒന്ന് ഒതുങ്ങിക്കഴിഞ്ഞപ്പോ പിന്നെ ചാനൽ പരിപാടികൾക്ക് വീണ്ടും ക്ഷണം തുടങ്ങിയിട്ടുണ്ട്.

◊ *ഈ ആട്ടവും പാട്ടുമല്ലാതെ അട്ടപ്പാടിക്ക് മറ്റെന്തൊക്കെ പ്രത്യേകതകളാണുള്ളത്?*

ഈ കുന്നും കാടും പുഴയുമൊക്കെ അട്ടപ്പാടിയുടെ ഭംഗിയല്ലേ? അതു കാണാൻ നിറയെ ആളുകൾ വരാറുണ്ട്. അട്ടപ്പാടിക്കു സ്വന്തമായി ചില അടുക്കളരുചികളുമുണ്ട്. ഞങ്ങൾ ആദിവാസികൾ പരമ്പരാഗതമായി ലളിതഭക്ഷണം ശീലിച്ചവരാണ്. തേനും കാട്ടുകിഴങ്ങുകളും, പറമ്പിൽ കാണുന്ന നൂറിലധികം ഇലക്കറികളും ഞങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരുന്നു. അരിയാഹാരം വളരെ കുറവ് ഉപയോഗിച്ചിരുന്ന ഞങ്ങൾ ചോളം, റാഗി, തിന, വരഗ്, കമ്പ്, ചാമ തുടങ്ങി വിവിധയിനം ചെറുധാന്യങ്ങളാണ് കൃഷി ചെയ്തിരുന്നത്. പോഷകസമ്പുഷ്ടമായിരുന്നു ഇതെല്ലാം. ചാക്കുകണക്കിനു ധാന്യങ്ങൾ ഓരോ ആദിവാസി വീട്ടിലും സൂക്ഷിച്ചിരുന്നു. മുളയരികൊണ്ടുള്ള വിഭവങ്ങൾ പ്രധാനമായിരുന്നു. ഇളംമുളങ്കമ്പുകൊണ്ടുള്ള കറി ആദിവാസികൾക്കു വിശിഷ്ടവിഭവമായിരുന്നു. 'മൂങ്കെസാറ' എന്നാണ് ഞങ്ങൾ പറയുക.

റാഗി വലിയ മൺകലത്തിലിട്ട് മുളയുടെ തവികൊണ്ട് ചെറുതീയിലിളക്കി വേവിച്ചുണ്ടാക്കുന്ന 'റായിപട്ടും' കൂടെ ഇലക്കറിയുമാണ് ഞങ്ങളുടെ പ്രധാന ആഹാരം.

പുഴയുടെ തീരത്ത് ധാരാളമായി കാണുന്ന പന്നൽവർഗത്തിൽപ്പെട്ട 'ചുരുളി'യാണ് ഇലകളിൽ ഏറ്റവും രുചിയുള്ളതായി തോന്നിയിട്ടുള്ളത്. ഈ ഇലക്കറികളെക്കുറിച്ചും അവയുടെ പ്രാധാന്യത്തെക്കുറിച്ചുമൊക്കെ ഞങ്ങൾക്കു പാട്ടുകളുമുണ്ട്. ഈ ലോക്ഡൗൺ കാലത്ത് ചാനലുകാരും യുട്യൂബുകാരും എന്നെക്കൂടി നിർത്തി ഇത്തരം പാചകപംക്തികൾ ഒക്കെ ചെയ്തിരുന്നു.

◊ *ഇപ്പോൾ നഞ്ചിയമ്മയുടെ ജീവചരിത്രപുസ്തകംകൂടി പ്രസിദ്ധീകൃതമായല്ലോ. എന്തു തോന്നുന്നു? ഈ ജീവിതത്തെക്കുറിച്ച്, ഇത്ര പെട്ടെന്ന് എല്ലാവർക്കും വേണ്ടപ്പെട്ട ഒരാളായതിനെക്കുറിച്ച്?*

നേരത്തേമുതലേ ഞങ്ങളുടെ വളർച്ചയോടൊപ്പമുള്ള ദിരാർ സാർ ആണ് 'നഞ്ചമ്മ എന്ന പാട്ടമ്മ' എന്ന പേരിൽ എന്റെ ജീവിതം പുസ്തകമാക്കിയത്. പുസ്തകത്തെക്കുറിച്ച് കൂടുതൽ പറയുന്നില്ല. അത് വായിച്ച് നിങ്ങളല്ലേ അഭിപ്രായം പറയേണ്ടത്? ഞാൻ അത്ര പെട്ടെന്ന് ആളായതല്ല എന്നെനിക്കുറപ്പുണ്ട്. നേരത്തേ പറഞ്ഞില്ലേ? 16 വർഷമായി ഞങ്ങൾ ഈ ആട്ടവും പാട്ടും കൊണ്ട് ഊരുചുറ്റുന്നു. ആ കഷ്ടപ്പാടിനു വൈകിയെങ്കിലും കിട്ടിയ അംഗീകാരമായാണ് ഞാൻ ഇതിനെയൊക്കെ കാണുന്നത്. പലരും കരുതുന്നതുപോലെ ഞാൻ പൊട്ടിമുളച്ചതൊന്നുമല്ല. 70 വയസ്സാകാറായി. എന്റെ ജീവിതം രണ്ടുമൂന്നു തലമുറ കണ്ടു. ആളുകൾക്കു വന്ന മാറ്റങ്ങൾ അറിഞ്ഞു.

ഏറ്റവും സന്തോഷം ആർക്കും വേണ്ടാതിരുന്ന ഞങ്ങളുടെ ഭാഷയും പാട്ടുകളും എല്ലാ ആളുകളും അറിഞ്ഞുതുടങ്ങിയതും ഏറ്റുപാടാൻതുടങ്ങിയതുമാണ്.

പുതിയ തലമുറയ്ക്ക് ഇതൊന്നും വേണ്ട. അവർ നമ്മുടെ ഭാഷതന്നെ ഉപേക്ഷിച്ച മട്ടാണ്. ഈ കഥകളും പാട്ടുകളുമൊക്കെ ഇവിടെ നിലനില്ക്കണം. ഇപ്പൊ സിനിമയിലൊക്കെ വന്നതുകൊണ്ട് പുതിയ കുട്ടികളും ആട്ടം പാട്ട് പഠിക്കാൻ ഉത്സാഹം കാണിക്കുന്നുണ്ട്. അത് വലിയ സന്തോഷം തരുന്നുണ്ട്. അങ്ങനെ ഈ ആദിവാസിവിഭാഗവും ഞങ്ങളുടെ സംസ്കാരവും ഭാഷയും ഇതിലെ പാട്ടുകളും ഈ ഭൂമി അവശേഷിക്കുന്നത്രയും കാലം നിലനിൽക്കണം. അതാണ് ആഗ്രഹം. അതു സാധിക്കട്ടെ.

■

നോവൽ 25



# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

മഹാരാജാവ് തന്നെ ആവശ്യപ്പെടുന്നതിന്റെ പൊരുളെന്തെന്നു മനസ്സിലാക്കിയ ദേവസഹായം പിള്ള ഒരു ദൂതൻവഴി ക്യാപ്റ്റൻ ഡിലനായിയെ വിവരമറിയിച്ചു.

മിത്രവത്സലനായ ക്യാപ്റ്റൻ ഡിലനായി ഉടനെതന്നെ ഉദയഗിരിയിൽനിന്നു പത്മനാഭപുരത്തെത്തി. ക്യാപ്റ്റനെ കണ്ടപ്പോഴേ ദേവസഹായം പറഞ്ഞു:

"മിത്രമേ, ഇനി എനിക്കു സഹനത്തിന്റെ കാലം..."

അങ്ങനെ പറയുമ്പോഴും ദേവസഹായത്തിന്റെ കണ്ണുകളിൽ ഭയത്തിന്റെയോ ആശങ്കകളുടെയോ നിഴൽപ്പാടുകൾ ഡിലനായി കണ്ടില്ല. ഡിലനായി പറഞ്ഞു:

"സഹനമില്ലെങ്കിൽ ഇയ്യോബ് എന്ന ഇതിഹാസമുണ്ടാകുമായിരുന്നില്ല."

ക്യാപ്റ്റൻ ഡിലനായിയോട് ദേവസഹായം അപൂർണമായി ചിരിച്ചു.

രാജഭടന്മാരെ ഡിലനായി സ്നേഹപൂർവം തടഞ്ഞുനിറുത്തി ദേവസഹായത്തിനെ പത്മനാഭപുരത്തിനടുത്തു താമസിച്ചിരുന്ന ഫാദർ ബാറ്റൈസിന്റെ പക്കൽ കൊണ്ടുചെന്നു. കാര്യങ്ങളുടെ അപകടാവസ്ഥ ഈ വൈദികൻ ദേവസഹായത്തോടു പറഞ്ഞു:

"ദൈവം നമുക്ക് ഉറപ്പുള്ള സങ്കേതമാണ്. തക്കസമയത്ത് നമുക്കു പരിചയും മാർച്ചട്ടയുമാകുന്നു. ഈ ലോകവും ഇവിടുത്തെ ജീവിതവും നീർപ്പോളകൾക്കു നിറംകൊടുക്കുന്ന മഴവില്ലുപോലെയാണ്. ക്ഷണികം. പ്രിയമകനേ, ലോകത്തെ ഭയപ്പെടുന്നവരാരും ദൈവത്തെ സ്നേഹിക്കുന്നില്ല. ദൈവത്തെ സ്നേഹിച്ചവരാരും ലൗകികസുഖങ്ങളിൽ നീന്തിത്തുടിച്ചവരുമല്ല."

"ബഹുമാനപ്പെട്ട വൈദികശ്രേഷ്ഠാ, എന്റെ ജീവിതം ഭൂമിയിലെ സൗഭാഗ്യങ്ങൾ അനുഭവിക്കലല്ല. അത് ഉപേക്ഷിക്കലാണ്. ഒരു മനുഷ്യന്റെ ജീവിതത്തിൽ നിത്യവും സത്യവുമായ ഒന്നു മാത്രമേയുള്ളൂ. അതവന്റെ സ്വർഗീയജീവിതമാണ്. അതിനായി ഞാൻ എന്നേ ഒരുങ്ങിക്കഴിഞ്ഞു."

ദേവസഹായത്തിന്റെ വിശ്വാസതീക്ഷ്ണതയും ആത്മധൈര്യവും ആ വൈദികനെ അദ്ഭുതപ്പെടുത്തി. അദ്ദേഹം ദേവസഹായത്തിന് പാപസങ്കീർത്തനം നല്കി.

വിശുദ്ധ സെബസ്ത്യാനോസിനെപ്പോലെ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച അനേകം വേദസാക്ഷികളുടെ കഥകൾ പറഞ്ഞുകൊടുത്തു. അവരുടെ രക്തത്തിന്റെ പരിമളമാണ് ഇന്നും സഭയിലെ ഓരോ വിശ്വാസികളുടെയും ആത്മാവിനെ സുഗന്ധപൂരിതമാക്കുന്നത്.

"പ്രിയമകനേ, അജ്ഞാനാന്ധതയെ പാടേ നശിപ്പിക്കാൻ ശക്തിയുള്ള ഒരാത്മാവിനെ പരമദയാനിധിയായ കർത്താവ് നിനക്കു തരുമാറാകട്ടെ." ഫാദർ ബാറ്റൈസ് ദേവസഹായംപിള്ളയെ അനുഗ്രഹിച്ചാശീർവദിച്ചു.

ക്യാപ്റ്റൻ ഡിലനായി ദേവസഹായംപിള്ളയെ ധൈര്യപ്പെടുത്തുന്നതിനായി ഓരോന്നു പറഞ്ഞുകൊടുത്തു. പക്ഷേ, ദേവസഹായത്തിന് അധൈര്യം എന്നൊരു വികാരമേ ഉണ്ടായിരുന്നില്ല. അദ്ദേഹം ഭടന്മാരോടൊപ്പം പോകാൻ തയ്യാറായി.

ഭടന്മാർ അദ്ദേഹത്തിന്റെ ഔദ്യോഗികവേഷവിധാനങ്ങൾ അഴിച്ചുമാറ്റി. ഒരു സാധാരണ മുണ്ട് അരയിൽ ചുറ്റി. കണ്ടുനിന്നവരുടെ കണ്ണുകൾ ഈറനണിഞ്ഞു. ക്യാപ്റ്റൻ ഡിലനായി ആകാശത്തേക്കു കണ്ണുകളുയർത്തി പറഞ്ഞു:

"ദൈവമേ ഇതാ നിന്റെ കുഞ്ഞാട്."

ഒരു കുറ്റവാളിയെ എന്നപോലെയാണ് ഭടന്മാർ ദേവസഹായത്തിനെ രാജസന്നിധിയിലേക്കു കൊണ്ടുപോയത്. ദേവസഹായം ഭയപ്പെട്ടില്ല. സങ്കടപ്പെട്ടില്ല.

പക്ഷേ, ദേവസഹായത്തിനെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ചിലർക്ക് ആ കാഴ്ച സങ്കടകരമായി. വഴിക്കുവച്ച് ബന്ധുമിത്രാദികളിൽ ചിലർ സത്യവേദത്തെ ഉപേക്ഷിക്കുന്നതിന് അദ്ദേഹത്തെ ഉപദേശിച്ചുനോക്കി. പക്ഷേ, ദേവസഹായം അതിനോടൊന്നു പ്രതികരിച്ചില്ല.

ദേവസഹായത്തെ ആദരവോടെ കണ്ടിരുന്ന ഉദ്യോഗസ്ഥരിൽ ചിലർ പറഞ്ഞു:

"നമ്മുടെ പൂർവികർ ആരാധിച്ചിരുന്ന ദേവന്മാരെ ആരാധിക്കുകയും രാജകല്പന അനുസരിക്കുകയും ചെയ്യുകയാണെങ്കിൽ



രാജാവിൽനിന്ന് ഇനിയും ബഹുമാനവും മറ്റു മഹിമകളും നിങ്ങൾക്കും ലഭിക്കും."

"സർവലോകങ്ങളെയും സൃഷ്ടിച്ച് അവയെ സംഹരിക്കുന്നതിനും പരിപാലിക്കുന്നതിനും ശക്തിയുള്ള ദൈവത്തെ ആരാധിച്ച് അവിടത്തെ അരുമയായി ജീവിതത്തിൽ വിജയം നേടുന്ന ഏവർക്കും സ്വർഗരാജ്യത്തിൽ അനന്തമായ മഹിമയനുഭവിക്കാൻ സാധിക്കും."

"ദൈവമല്ലാത്തവയെ ആരാധിച്ചു പിശാചിനെ സേവിച്ച് നരകപാതാളത്തിൽ നിത്യവേദന അനുഭവിക്കണമെന്നാണോ നിങ്ങൾ പറയുന്നത്? ഉന്നതഗോത്രത്തിൽ ജനിച്ച് ഏവർക്കും പ്രിയപ്പെട്ടവനായി വളർന്ന് മഹിമയുള്ള ഉദ്യോഗവും വഹിച്ച് ലോകമാന്യനായി ജീവിച്ചാലും ഒടുവിൽ അവന്റെ ആത്മാവ് സ്വർഗരാജ്യത്തിൽ പ്രവേശിച്ചില്ലെങ്കിൽ എന്തു ഫലം...?"

"അതുകൊണ്ട് ഈ ജീവിതത്തിൽ എന്തു പീഡാനുഭവങ്ങൾ വന്നു ഭവിച്ചാലും സങ്കല്പദൈവങ്ങളെ ഞാൻ വണങ്ങുകയില്ല. സത്യമതത്തിനുവേണ്ടി ജീവനുപേക്ഷിക്കേണ്ടിവന്നാലും എനിക്കു ഭയമില്ല. കാരണം, ഞാൻ പരലോകത്തിൽ സകലമഹിമകളും അനുഭവിക്കും."

ഉദ്യോഗസ്ഥരിൽ ചിലർ കൊട്ടാരത്തിൽചെന്ന് രാജാവിനോടുണർത്തിച്ചു:

"മഹാരാജൻ, നീലകണ്ഠനെ നേർവഴിക്കു കൊണ്ടുവരാൻ കഠിനശിക്ഷകളല്ലാതെ മറ്റുവഴികളൊന്നും കാണുന്നില്ല."

മരണത്തിന്റെയും പാതാളത്തിന്റെയും സഖ്യകക്ഷികൾ ദേവസഹായത്തിനുമേൽ ന്യായം വിധിച്ചു. കോപാകുലനായ മഹാരാജാവ് ദയാദാക്ഷിണ്യങ്ങളില്ലാതെ വിധിച്ചു:

"നീലകണ്ഠനെ കൈകാലുകളിൽ വിലങ്ങുതറച്ച് കാരാഗൃഹത്തിലടയ്ക്കുക."

രാജഭടന്മാർ വളരെ ക്രൂരമായ വിധത്തിലാണ് ദേവസഹായത്തോടു പെരുമാറിയത്. അവരദ്ദേഹത്തെ ക്രൂരമായി മർദിച്ചവശരാക്കി. കൈകാലുകളിൽ വിലങ്ങുതറച്ച് കാരാഗൃഹത്തിലടച്ചു.

കാരാഗൃഹത്തിലെ ആദ്യദിനങ്ങൾ ദേവസഹായത്തിന് ആത്മപീഡകളുടേതായിരുന്നു. ഗതകാലസ്മരണകളുടെ ഒരുഷ്ണജലപ്രവാഹം ദേവസഹായത്തിലൂടെ കൂലംകുത്തിപ്പാഞ്ഞു. കഴിഞ്ഞുപോയ ജീവിതം ഒരു കനവുപോലെ തോന്നി. തറവാട്, ബന്ധുമിത്രാദികൾ, ഭാര്യ ഭാർഗവി, കൊട്ടാരത്തിലെ സ്ഥാനമാനങ്ങൾ... ഇനി അതെല്ലാം മരീചികകൾ. വെറും മായക്കാഴ്ചകൾ.

തകർന്നും തളർന്നും പോയ നിമിഷങ്ങളെ അതിജീവിക്കാൻ ദേവസഹായത്തിനു പ്രാർത്ഥനമാത്രമായിരുന്നു അവലംബം. തടവറയിലെ കൂരിരുട്ടിൽ പ്രജ്ഞയെപ്പോലും തകർക്കുന്ന ഏകാന്തതയിൽ ദേവസഹായം ദൈവത്തിന്റെ പ്രകാശം കണ്ടു. കരുണാമയനായവന്റെ ആണിപ്പഴുതുകളേറ്റ കരങ്ങളിൽനിന്ന് കൃപയുടെ പ്രകാശധോരണികൾ ദേവസഹായത്തിൽവന്നു പതിക്കുന്നു.

പാപികളോടും വ്യാജം പറയുന്നവരോടുമൊപ്പം ജീവിക്കുന്നതിലും ഭേദം തടവറയിലെ ജീവിതം തന്നെ അമൃതം. ദേവസഹായം അങ്ങനെ ചിന്തിച്ചു.

തടവറയിലായിട്ട് എത്ര ദിനങ്ങൾ കഴിഞ്ഞിരിക്കും! ദേവസഹായത്തിനു നിശ്ചയം കിട്ടിയില്ല. ദേവസഹായത്തിനിപ്പോൾ ഒന്നിനെക്കുറിച്ചും നിശ്ചയം പോരാ. മരണം തൊട്ടടുത്തെവിടെയോ വായപിളർന്നു നില്ക്കുന്നുണ്ട്. പക്ഷേ, അദ്ദേഹത്തിനു ഭയമൊന്നും തോന്നിയില്ല.

ദേവസഹായത്തിന്റെ സ്ഥിതിഗതികൾ അറിയാനുള്ള വ്യഗ്രത ക്യാപ്റ്റൻ ഡിലനായിക്കു കലശലായി. അദ്ദേഹം ചില പടയാളികളെ സ്വാധീനിച്ച് തടവറയിലേക്കയച്ചു. അങ്ങനെ ദേവസഹായത്തിന്റെ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു.

ക്യാപ്റ്റൻ ഡിലനായിയുടെ നീക്കങ്ങൾ രാജഭൃത്യന്മാർ എങ്ങനെയോ മണത്തറിഞ്ഞു. അവർ മഹാരാജാവിനെ വിവരമറിയിച്ചു. ഈ വാർത്ത മഹാരാജാവിന് അത്യധികമായ വിഷമമുണ്ടാക്കി. ഈർഷ്യാകലുഷിതനായ മഹാരാജാവ് രാജ്യത്തെ സർവസൈന്യാധിപന് ആളയച്ചു. രാജാധികാരവും പ്രജാക്ഷേമതാത്പര്യവും നമ്മിൽ മാത്രം കുടികൊള്ളുമ്പോൾ, ഒരുവന്റെ ചെയ്തികൾ അവയ്ക്കു ഭംഗം വരുത്തുന്നതാണെങ്കിൽ രാജപക്ഷത്തിൽ സേനാനായകന്റെ കടമയെന്ത്?

കൊട്ടാരത്തിലെത്തിയ ക്യാപ്റ്റനോടു മഹാരാജാവ് സഗൗരവം പറഞ്ഞു:

"നിങ്ങൾ നമ്മുടെ സൈന്യത്തിന്റെയും രാജ്യത്തിന്റെയും ക്ഷേമാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുകയല്ലാതെ മറ്റു കാര്യങ്ങളിൽ ഏർപ്പെടേണ്ട ആവശ്യമില്ല."

ക്യാപ്റ്റൻ ഡിലനായി മഹാരാജാവിന്റെ മുമ്പിൽ ക്ഷമാപണം നടത്തി ഉദയഗിരിക്കു തിരിച്ചു. മഹാരാജാവിന്റെ ശാസനയിൽ അദ്ദേഹത്തിന് എന്തെന്നില്ലാത്ത മനോവ്യസനം അനുഭവപ്പെട്ടു. താൻ രാജാവിനെതിരേയോ രാജനീതിക്കു വിരുദ്ധമായോ പ്രവർത്തിച്ചിട്ടില്ല. തന്റെ ആത്മമിത്രത്തിന്റെ വിവരങ്ങളന്വേഷിക്കുക മാത്രമാണു ചെയ്തത്.

ഈ ഭൂമിയിൽ നന്മ ചെയ്യുന്നവർ എത്രയോ വിരളം! പാപത്തിൽ വീണുപോയതും താഴ്ചഭവിച്ചതുമായ മനുഷ്യവർഗം മരുപ്പച്ചയില്ലാത്ത മരുഭൂമിയും നക്ഷത്രങ്ങളില്ലാത്ത രാത്രിയും മുത്തില്ലാത്ത ചിതൽപ്പുറ്റും അടിത്തട്ടില്ലാത്ത നരകവുമാണ്. ദുർഗന്ധത്തിൽ ജോലി ചെയ്യുന്നവൻ ക്രമേണ ദുർഗന്ധം അറിയാതെ പോകുന്നു.

ദേവസഹായത്തിനുവേണ്ടി പ്രാർത്ഥിക്കുകയല്ലാതെ ഡിലനായിക്കും കുടുംബത്തിനും ഒന്നും ചെയ്യാനില്ലായിരുന്നു. ക്രിസ്തുവിനെപ്പോലെ കൊടിയ പീഡനങ്ങളുടെ അമിതഭാരമുള്ള കുരിശുവഹിക്കാൻ ദേവസഹായത്തിനു കരുത്തുണ്ടാകണേയെന്ന് അവർ നിത്യവും മനസ്സുവെന്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

നിരീശ്വരൻ തന്റെ കഷ്ടതകളിൽ നിസ്സഹായനും നിരസിതനും ആയിരിക്കും. എന്നാൽ, ദേവസഹായം അങ്ങനെ ആയിരുന്നില്ല. അവന്റെ വിശ്വാസം പാറപോലെ ഉറപ്പുള്ളതും മഹാപർവതങ്ങൾപോലെ ഉത്തുംഗവുമായിരുന്നു.

ക്രിസ്തുദേവന്റെ വരപ്രസാദത്താൽ ലൗകികമായ സകല ആകുലതകളും ദേവസഹായത്തിൽനിന്ന് ഒഴിഞ്ഞുപോകാൻ തുടങ്ങിയിരുന്നു. എങ്കിലും രാജാവിൽനിന്ന് ക്രിസ്ത്യാനികൾക്ക് എന്തെങ്കിലും ഉപദ്രവങ്ങൾ ഉണ്ടാകുമോ എന്ന് ആകുലപ്പെടാതുമിരുന്നില്ല. എങ്കിലും അദ്ദേഹം ഇങ്ങനെ സമാശ്വസിച്ചു.

ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നവർ ഒരു നാളും കുലുങ്ങിപ്പോകുകയില്ല.

*ശേഷം 13-ാം പേജിൽ*

# അമ്മഭാരതമേ, അഭിമാനിനി നീ

1-ാം പേജ് തുടർച്ച

പ്രാദേശികതലത്തിലും സാമുദായികതലത്തിലുമൊക്കെ നടന്ന ഈ നവോത്ഥാനശ്രമങ്ങൾ ദേശീയ സ്വാതന്ത്ര്യബോധത്തിന്റെ അന്തർധാരകളായിരുന്നുവെന്നത് മറ്റൊരു കാര്യം. ഒരു യാത്രാസംഘത്തിന്റെ ഗതിവേഗം നിർണയിക്കുന്നത് ഏറ്റവും പിറകിൽ സഞ്ചരിക്കുന്ന ഒട്ടകങ്ങളുടെ വേഗത്തെ ആശ്രയിച്ചാണെന്നു പറയാറുണ്ട്. ഭാരം വഹിച്ചു വലയുന്നവയാണ് ഈ പാവം മൃഗങ്ങൾ. ഇതുപോലെ, സമൂഹത്തിന്റെ ഏറ്റവും പിന്നിൽ നില്ക്കുന്ന ആളുകളുടെ ഉയർച്ചയിലൂടെ മാത്രമേ നമ്മുടെ സമൂഹത്തിനു ശാശ്വതമായ മോചനം നല്കാൻ സാധിക്കുകയുള്ളൂ. ഇത്തരം പ്രവർത്തങ്ങളിൽ ഒട്ടേറെ ആളുകൾ, പല തലങ്ങളിൽ പല കാലങ്ങളിൽ വ്യാപരിച്ചിട്ടുണ്ട് എന്നതും വസ്തുതയാണ്.

നൂറ്റാണ്ടുകളോളം അടിമത്തത്തിന്റെ മഹാഭാരം ചുമക്കപ്പെടാൻ വിധിക്കപ്പെട്ടവരായിരുന്നു നമ്മുടെ ജനത. വിദേശികളുടെ ആധിപത്യം പലഘട്ടങ്ങളിൽ നമുക്കു ദുർവഹമായിട്ടുണ്ട്. നമ്മെ അടിമകളാക്കി എന്നുമാത്രമല്ല; നമ്മുടെ സമ്പത്ത്, നമ്മുടെ അധ്വാനത്തിന്റെ ഫലം ക്രൂരമായി കൊള്ളയടിക്കുകകൂടി ചെയ്തിട്ടുണ്ട് ആ വിദേശമേധാവിത്വം. ഇങ്ങനെ ആത്മാഭിമാനത്തിനു ക്ഷതമേറ്റ ജനതയുടെ മോചനത്തിനുവേണ്ടിയുള്ള ആത്മരോദനം പല കാലങ്ങളിൽ നമ്മുടെ നാടിന്റെ പല ഭാഗങ്ങളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. പക്ഷേ, അവയെ ഏകോപിപ്പിച്ചുകൊണ്ട് വിദേശശക്തികൾക്കെതിരായി ഒരു സമരത്തിന്റെ മുന്നേറ്റം സൃഷ്ടിക്കുന്നതിനു പലപ്പോഴും സാധിച്ചില്ല. സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് എന്നു പ്രഖ്യാപിച്ച ലോകമാന്യബാലഗംഗാധര തിലകനെപ്പോലെയുള്ള ആളുകൾ സ്വാതന്ത്ര്യസമരപോരാട്ടത്തിൽ അവിസ്മരണീയമായ സംഭാവനകൾ നല്കിയിട്ടുള്ള പ്രകാശനക്ഷത്രങ്ങളാണ്. എന്നാൽ, ജനതയുടെ ഹൃദയത്തിലേക്കിറങ്ങിച്ചെന്ന്, അവരുടെ പ്രശ്നങ്ങളെ നേരിട്ട് അഭിസംബോധന ചെയ്തുകൊണ്ട് അവരെ അണിനിരത്തി വിദേശാധിപത്യത്തിനെതിരായ അന്തിമമായ ഒരു പോരാട്ടത്തിലേക്കു നയിക്കാൻ ഒരു മോഹൻദാസ് കരംചന്ദ്ഗാന്ധി - പിൽക്കാലത്ത് അദ്ദേഹം മഹാത്മാഗാന്ധി എന്ന് അറിയപ്പെട്ടു - വളർന്നുവരേണ്ടിവന്നു.

യഥാർത്ഥത്തിൽ, ഗാന്ധിജി ചെയ്തത് ഇന്ത്യയ്ക്കു രാഷ്ട്രീയസ്വാതന്ത്ര്യം വേണമെന്ന് ഒഴുക്കൻമട്ടിൽ പറയുകയല്ല; അല്ലെങ്കിൽ ഒരു പ്രമേയം പാസ്സാക്കി അതിന്റെ അടിയിൽ ഒപ്പുവയ്ക്കുകയായിരുന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഏറ്റവും വലിയ ശക്തികേന്ദ്രം ഗാന്ധിജിയായിരുന്നു എന്നു പറയുന്നതെന്തുകൊണ്ട് എന്നു നാം ചിന്തിക്കണം. എന്തുകൊണ്ടാണ് അദ്ദേഹം സ്വാതന്ത്ര്യസമരത്തിന്റെ അജയ്യനായ നേതാവായത്? ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നേടിക്കൊടുത്ത വലിയ പോരാട്ടത്തിൽ സമശീർഷരായി ആരുമില്ലാതെ ഒറ്റയ്ക്കുയർന്നുനിന്ന ഒരു വലിയ ഗോപുരമായിരുന്നു അദ്ദേഹം.

ഗാന്ധിജിക്കുമുമ്പേ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനു നേതൃത്വം കൊടുത്ത സമുന്നതരായ പല ആളുകളുമുണ്ടായിരുന്നു.



അവരിൽനിന്നൊക്കെ ഗാന്ധിജിയെ വ്യത്യസ്തനാക്കിയത്, അദ്ദേഹം കൃഷിക്കാരുടെയും തൊഴിലാളികളുടെയും സാധാരണക്കാരുടെയും പക്ഷത്തായിരുന്നു എന്നതാണ്. ആരാധനാലയങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടവരെയും അദ്ദേഹം ചേർത്തുനിറുത്തി. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അദ്ദേഹം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു ജനങ്ങളെ ഉണർത്തി. ഇന്ത്യ ഒരു വലിയ രാജ്യമാണ്. പല ഭാഷകൾ സംസാരിക്കുന്നവർ, പല ആചാരങ്ങളുള്ളവർ, പല ജാതികളിലും ഉപജാതികളിലും പെട്ടവർ. വൈവിധ്യമാർന്ന ഈ ജനതയെ ഒരുമിപ്പിക്കാൻ, അവരിൽ ഒരു ദിശാബോധം സൃഷ്ടിക്കാൻ ഗാന്ധിജിക്കാണ് ആദ്യം കഴിഞ്ഞത് എന്നു സത്യസന്ധമായി പറയാൻ കഴിയും.

ഇന്ത്യയിലെ സ്വാതന്ത്ര്യസമരചരിത്രത്തിൽ സുപ്രധാനസംഭവമായിരുന്നു ബീഹാറിലെ നീലം കൃഷിക്കാരുടെ സമരം. തങ്ങൾക്കാവശ്യമുള്ള അസംസ്കൃതവസ്തുക്കളും മറ്റ് ഉത്പന്നങ്ങളും വ്യവസായപുരോഗതിക്കാവശ്യമായ സാധനങ്ങളും ഉത്പാദിപ്പിക്കാനുള്ള കർഷകന്റെ അവകാശത്തെ നിഷേധിച്ച ബ്രിട്ടീഷ് ആധിപത്യത്തിനെതിരേ ഗാന്ധിജി നീലംകൃഷിക്കാരെ സംഘടിപ്പിച്ചു. അതിനു സമാനമായിരുന്നു ഉപ്പുസത്യാഗ്രഹവും.

ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ തെക്കേയറ്റത്തു ജനിച്ചുവളർന്ന ഞാൻ അദ്ഭുതത്തോടെ ചിന്തിച്ചിട്ടുണ്ട്, എന്തിനായിരുന്നു ഈ ഉപ്പുസത്യാഗ്രഹം? എന്തായിരുന്നു അതിന്റെ പ്രസക്തി? ഇന്ത്യയൊട്ടൊകെ സഞ്ചരിക്കാനും ഇന്ത്യയിലെ സാധാരണജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടു കാണാനും അവസരമുണ്ടായപ്പോഴാണ്, തീക്കനലിൽ ചുട്ടെടുത്ത റൊട്ടിയും ഒരുനുള്ള് ഉപ്പും ചേർത്തു ഭക്ഷിക്കുന്നവരാണ് ഇന്ത്യയിലെ ദരിദ്രകോടികൾ എന്നു ഞാൻ അറിഞ്ഞത്. അങ്ങനെയാണ് ഗാന്ധിജിയുടെ ഉപ്പുസത്യാഗ്രഹത്തിന്റെ, ദണ്ഡിയാത്രയുടെ മഹത്ത്വം മനസ്സിലാക്കാൻ കഴിഞ്ഞത്. കരയിലും കടലിലുമുള്ള എല്ലാ വസ്തുക്കൾക്കും അവയിൽനിന്നുണ്ടാകുന്ന ഉത്പന്നങ്ങൾക്കും നികുതി ഏർപ്പെടുത്തുന്ന വൈദേശികാധിപത്യത്തിനെതിരേ സാധാരണജനങ്ങളെ ഉണർത്തുകയായിരുന്നു ഗാന്ധിജി ആദ്യമായി ചെയ്തത്.

ആരാധനാലയങ്ങളിൽ ആളുകൾ പ്രവേശിക്കുന്നതിന് അനുമതി നിഷേധിക്കപ്പെട്ടിരുന്ന നാടായിരുന്നു കേരളം. ക്ഷേത്രപരിസരങ്ങളിലെ വഴികളിൽക്കൂടിപ്പോലും സഞ്ചരിക്കാൻ അനുവാദമില്ലാതിരുന്ന ജനങ്ങൾക്കുവേണ്ടി ഗുരുവായൂരും വൈക്കത്തും നടന്ന സമരങ്ങളിൽ അദ്ദേഹം നേരിട്ടു പങ്കെടുത്തു നേതൃത്വം കൊടുത്തു എന്നതും ചരിത്രം. ഇന്ത്യയുടെ തെക്കേയറ്റത്തൊരു കോണിൽ നടക്കുന്ന വളരെ ഒറ്റപ്പെട്ട, നിസ്സാരമായ ഒരു സംഭവമെന്നു കണക്കാക്കി തള്ളിക്കളയാവുന്ന ഒരു കാര്യമായിരുന്നു ഇത്. എന്നാൽ, ഇന്ത്യയുടെ സ്വാതന്ത്ര്യമെന്നത് ഇവിടെ ജീവിക്കുന്ന ഓരോ പൗരന്റെയും സ്വാതന്ത്ര്യമാണെന്ന് ഗാന്ധിജി അതിലൂടെ അടിവരയിട്ടു തെളിയിച്ചു. രാഷ്ട്രീയവും സാമ്പത്തികവും ജാതീയവും മതപരവുമായ എല്ലാത്തരം സ്വാതന്ത്ര്യവും ഇതിൽ ഉൾപ്പെട്ടു. അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ ആത്മാഭിമാനബോധത്തിന്റെ ഉണർച്ചയാണ് ഇന്ത്യയുടെ സമ്പൂർണസ്വാതന്ത്ര്യമെന്ന് ഗാന്ധിജി പഠിപ്പിച്ചു.

ഇതുപോലുള്ള ഒറ്റപ്പെട്ട സമരവേദികൾ തുറന്ന്, അതിനു നേതൃത്വം കൊടുത്ത് ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാക്കി മാറ്റുകയാണ് ഗാന്ധിജി ചെയ്തത്. ഇന്ത്യയൊട്ടാകെ അനുഭവപ്പെട്ടിരുന്ന, അടിമത്തത്തിന്റെ, അസ്വാതന്ത്ര്യത്തിന്റെ വേരുകൾ പിഴുതുകളയുന്നതിന്, ജനതയെ അഭിമാനബോധം ഉള്ളവരാക്കണമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അവരുടെ ആരാധനാസ്വാതന്ത്ര്യചിന്തകളെയും അധ്വാനത്തിന്റെ ഫലം അനുഭവിക്കാനുള്ള അവകാശബോധത്തെയും ഉണർത്തിയപ്പോഴാണ് അഭിമാനബോധത്തിന്റെ കൊടുങ്കാറ്റ് ആഞ്ഞടിച്ചത്; ദേശീയബോധത്തിന്റെ വിത്ത് മുളപൊട്ടി വളർന്ന് ഒരു വന്മരമായിത്തീർന്നത്.

ഇന്ത്യയുടെ ഓരോ കോണിലും ഓരോ കാലത്ത് ഉദിച്ചുയർന്ന സ്വാതന്ത്ര്യസമരനക്ഷത്രങ്ങളെയെല്ലാം നമുക്ക് ഓർമിക്കാം. അവർ കൊളുത്തിയ ചെറിയ കൈത്തിരിനാളങ്ങളെല്ലാം ഒരുമിച്ചുചേർന്നു വലിയൊരു അഗ്നിസ്തംഭമായി, സ്വതന്ത്രേന്ത്യയായി ഉയർന്നുനില്ക്കുന്നു. ഇന്ത്യക്കാരനെന്നാൽ നിസ്സാരനായ ഒരു മനുഷ്യനല്ലെന്നും ധീരമായ അഭിമാനബോധത്തിന്റെ ഉടമയാണെന്നും മനസ്സിലാക്കണം. ഇതുപോലൊരു സ്വാതന്ത്ര്യസമരം ലോകത്ത് മറ്റൊരിടത്തും നടന്നിട്ടില്ല. 1947 ഓഗസ്റ്റ് 15 ന് ഇന്ത്യയിൽ ദേശീയതയുടെ പതാകയുയർന്നു. സ്വാഭിമാനത്തിന്റെയും സ്വാശ്രയത്വത്തിന്റെയും വിജയകരമായ ഒരു പൂർത്തീകരണം.

പലതരത്തിലുള്ള പ്രശ്നങ്ങൾ നമുക്കു നേരിടേണ്ടിവന്നിട്ടുണ്ട്. ആഭ്യന്തരമായ വെല്ലുവിളികളെയും വിദേശശക്തികളുടെ ആക്രമണങ്ങളെയും നാം ധീരമായി അഭിമുഖീകരിച്ചു. അവയെല്ലാം മറികടന്നു മഹത്തായ വിജയപഥത്തിലേക്ക് ഇന്ത്യയെ നയിക്കാൻ കഴിഞ്ഞ രാഷ്ട്രനേതാക്കളെ ആദരപൂർവം സ്മരിക്കുന്നു. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും അസ്വാതന്ത്ര്യത്തിലേക്കും അതിന്റെ അന്ധകാരത്തിലേക്കും കൂപ്പുകുത്തിവീണപ്പോൾ ഇന്ത്യയുടെ പതാക സ്വാതന്ത്ര്യത്തിന്റെ പ്രഭാതത്തിൽ പറന്നുയരുകയാണു ചെയ്യുന്നത്; നമ്മുടെ ജനാധിപത്യവും സോഷ്യലിസവും മതേതരത്വവും ഉയർന്നുതന്നെ നില്ക്കുന്നു. വ്യക്തമായ ഭരണഘടനയുടെ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യം ഉത്തരോത്തരം പുരോഗതി പ്രാപിക്കുന്നതിൽ നാം നമ്മുടെ രാഷ്ട്രശില്പികളോടു കടപ്പെട്ടിരിക്കുന്നു.

നമ്മുടെ ഇന്ത്യയെ, അമ്മഭാരതം എന്നാണ് വിശേഷിപ്പിക്കുന്നത്. കാരണം, മാതൃത്വത്തിന് ഏറ്റവുമധികം പ്രാധാന്യം കല്പിക്കുന്ന ഒരു നാടാണ് നമ്മുടേത്. മാതൃദേവോഭവഃ എന്ന് ഈ രാജ്യം ലോകത്തോടു പറഞ്ഞു. അമ്മയെ സ്നേഹിക്കുന്ന, ആരാധിക്കുന്ന, ആ മഹത്ത്വത്തിൽ അഭിമാനം കൊള്ളുന്ന ഒരു ജനതയുടെ സ്വാതന്ത്ര്യദിനം ലോകമാകെ ദൈവമാതാവിന്റെ സ്വർഗാരോപണം ആഘോഷമായി കൊണ്ടാടുന്ന സന്ദർഭംകൂടിയാണെന്നുള്ളത് യാദൃച്ഛികമാകാം. എങ്കിലും അതൊരു ദൈവികനിയോഗമാണെന്നു ഞാൻ കരുതുന്നു. മാതൃഭക്തിയുടെ മനോഹരമായ ഓർമകൾ തിങ്ങിനിറഞ്ഞു നില്ക്കുന്ന സന്ദർഭമാണിത്.

മാതൃരാജ്യം, മാതൃഭാഷ... മാതൃത്വത്തിനു കൊടുക്കുന്ന മൂല്യവത്തായ ഒരു അടിസ്ഥാനം നമ്മുടെ രാജ്യത്തിനുണ്ട്, നമ്മുടെ സംസ്കാരത്തിനുണ്ട് എന്നതു എടുത്തുപറയേണ്ട ഒരു വസ്തുതതന്നെയാണ്. നമ്മുടെ മാതാവിന്റെ സ്വർഗാരോപണത്തിരുനാളിനെ അങ്ങനെ ബന്ധിപ്പിച്ചു കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഏതെങ്കിലുമൊരു മതവിശ്വാസത്തിന്റെ ബോധ്യത്തിന്റെ അടിസ്ഥാനത്തിലല്ല, എല്ലാ മനുഷ്യരുടെയും അമ്മ, ഈ ഭൂമിയുടെ മാതാവ്, അല്ലെങ്കിൽ സംസ്കാരത്തിന്റെ സുവർണകിരീടം ചൂടിനില്ക്കുന്ന സ്വർഗകന്യക എന്നുള്ള നിലയ്ക്കു പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ ഭാരതത്തിന്റെ സ്വാതന്ത്ര്യദിനാഘോഷത്തോടു കൂട്ടിച്ചേർത്താഘോഷിക്കാൻ നമുക്കു സാധിക്കുന്നുവെന്നത് അഭിമാനകരമാണ്.

■


## അർണോസ് പാതിരിയുടെ സംസ്കൃത വ്യാകരണഗ്രന്ഥം കാലടി സർവകലാശാല പ്രസിദ്ധീകരിക്കുന്നു

കാലടി: ആധുനികകേരളത്തിന്റെ സാംസ്കാരികസാഹിത്യമേഖലകളിൽ ഏറെ സംഭാവനകൾ നൽകിയിട്ടുള്ള ജർമൻ ജെസ്യൂട്ട് വൈദികനായ അർണോസ് പാതിരിയുടെ (ജോഹാൻ ഏണസ്റ്റ് ഹാൻഡൻ) സംസ്കൃത വ്യാകരണഗ്രന്ഥമായ ഗ്രമാറ്റിക്ക ഗ്രന്ഥാണിക്ക കാലടി സംസ്കൃത സർവകലാശാല പ്രസിദ്ധീകരിക്കുന്നു. 300 വർഷം പഴക്കമുണ്ടെന്നു കരുതപ്പെടുന്ന വ്യാകരണഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി, 2010 ൽ റോമിലെ കാർമലൈറ്റ് ലൈബ്രറിയിൽനിന്നാണു കണ്ടെടുത്തത്.

പിന്നീട് ജർമൻഭാഷയിൽ അവിടത്തെ യൂണിവേഴ്സിറ്റി ഇബുക്കായി പുസ്തകം പ്രസിദ്ധീകരിച്ചിരുന്നെന്നു വേലൂരിലെ അർണോസ് പാതിരി അക്കാദമി ഡയറക്ടർ ഫാ. ജോർജ് തേനാടികുളം പറഞ്ഞു. സംസ്കൃതം, ലാറ്റിൻ, ഇംഗ്ലീഷ്, മലയാളം എന്നീ നാലു ഭാഷകൾ സംയോജിപ്പിച്ചു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനാണ് സർവകലാശാല ആലോചിക്കുന്നതെന്ന് വൈസ് ചാൻസലർ ഡോ. എം. വി. നാരായണൻ പറഞ്ഞു.

**((((സാന്ത്വനം))))**

# മക്കളോടു സ്വപ്നങ്ങൾ പങ്കുവയ്ക്കണം



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.



ഇന്നത്തെ കൗമാരക്കാരുടെ ചിന്തകളും പ്രവർത്തനങ്ങളും നമ്മൾ മുതിർന്നവർ ചിന്തിക്കുന്നതിനും അപ്പുറത്താണ്. മിനിമോൾക്ക് പതിനഞ്ചു വയസ്സ് കഴിഞ്ഞിട്ടേയുള്ളൂ. പത്താംക്ലാസു കഴിഞ്ഞ് പ്ലസ് വണ്ണിലേക്ക് അവളെ മറ്റൊരു സ്കൂളിലാണ് ചേർത്തത്. പക്ഷേ, പുതിയ സ്കൂളുമായി പൊരുത്തപ്പെടാൻ പറ്റുന്നില്ല. സ്കൂൾ മാറുന്നതിന്റെ കാരണം അന്വേഷിച്ചപ്പോൾ അറിഞ്ഞു, ക്ലാസിലെ ജിബിൻ എന്ന കുട്ടിയോട് മിനിമോൾക്ക് അതിരുവിട്ട അടുപ്പമുണ്ടത്രേ! എന്നാൽ, ഞാൻ എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങിയില്ലേ എന്നായിരുന്നു അവളുടെ മറുപടി. പക്ഷേ, ഇപ്പോൾ പഠനം പുറകോട്ടായില്ലേ; ഇങ്ങനെയുള്ള ബന്ധങ്ങൾ പഠനത്തെ സഹായിക്കുന്നില്ലല്ലോ എന്നു മാതാപിതാക്കൾ. മിനിമോൾ കരഞ്ഞുകൊണ്ടു പറഞ്ഞു: ‘‘എനിക്ക് ജിബിനെ കല്യാണം കഴിച്ച് തരില്ലാന്നു പപ്പാ പറഞ്ഞു.”

മോൾക്ക് പതിനഞ്ചു വയസ്സ് കഴിഞ്ഞിട്ടല്ലേയുള്ളൂ, ഇപ്പോൾ വിവാഹജീവിതത്തെക്കുറിച്ചു ചിന്തിക്കാൻ സമയമായിട്ടില്ല, പ്രായപൂർത്തിയാകാത്ത സമയത്ത് നമ്മൾ മറ്റുള്ളവർക്ക് ഒരു വാഗ്ദാനം കൊടുക്കാൻ പാടില്ല എന്നൊക്കെ പറഞ്ഞ്, കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുന്നതിനിടയിൽ അവൾ ചോദിച്ചു: ‘‘ഞാൻ നന്നായി പഠിച്ച് നല്ല മാർക്കു വാങ്ങിയാൽ എന്നെ ജിബിനു കല്യാണം കഴിച്ചുകൊടുക്കുമോ?” മാതാപിതാക്കളോടു പറയാം എന്നു പറഞ്ഞപ്പോൾ കുട്ടി വിങ്ങിപ്പൊട്ടി: “പപ്പാ ജീവിച്ചിരിക്കുന്നിടത്തോളം കാലം സമ്മതിക്കില്ല.” മാതാപിതാക്കളോടു സംസാരിച്ചപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ പതിനഞ്ചു വയസ്സ് കഴിഞ്ഞ കുട്ടിയോട് ഇപ്പോഴേ കല്യാണം സമ്മതിക്കണോ? അവൾക്ക് വിവാഹം എന്താണെന്നറിയാമോ? ഒരു വർഷം അവളുടെ കൈയിൽനിന്നു രണ്ട് മൊബൈലാണ് ഞങ്ങൾ പിടിച്ചത്. മോൾ പറഞ്ഞു: “ആറുമാസമായി പപ്പാ അടിക്കാനും ശകാരിക്കാനുമല്ലാതെ എന്റെ അടുത്തു വരികയോ എന്റെ മുഖത്തു നോക്കുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. അമ്മ ഒരു പോലീസുകാരിയെപ്പോലെ സംശയിച്ചാണ് എന്നെ നോക്കുന്നതും അടുത്തു വരുന്നതും സംസാരിക്കുന്നതും.”

ഇവിടെ അച്ഛനും അമ്മയും അറിയാതെ കുട്ടി വളർന്നുപോയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നു മാതാപിതാക്കൾ പതിനഞ്ചും പതിനാറും വയസ്സായ മക്കളെ കൊച്ചുകുട്ടിയായി കാണുന്നു. എന്നാൽ, അവർ മുതിർന്നവരെപ്പോലെ പെരുമാറുന്നു, സംസാരിക്കുന്നു. ഇത് മാതാപിതാക്കൾക്ക് ഒരു പരിധിയിൽ കൂടുതൽ അംഗീകരിക്കാൻ പറ്റുന്നില്ല. മുകളിൽ പറഞ്ഞ മിനിമോളുടെ കാര്യത്തിൽ, വിവാഹസംബന്ധമായ കാര്യം പിതാവിന് അംഗീകരിക്കാനേ പറ്റുന്നില്ല എന്നതിന്റെ പ്രതിഫലനമാണ്, ആറുമാസമായി ആ കുട്ടിയെ ഒന്നുനോക്കി പുഞ്ചിരിക്കാനോ വാത്സല്യം കാണിക്കാനോ സാധിക്കാതെ അവളെ അടിക്കുകയും താഴ്ത്തിക്കെട്ടി സംസാരിക്കുകയുമൊക്കെ ചെയ്യുന്നത്. എന്നാൽ, ഇതിലൂടെ മക്കൾ അവരുടെ സ്നേഹബന്ധം ദൃഢപ്പെടുത്തുമെന്ന് മാതാപിതാക്കളേ, നിങ്ങൾ അറിയാതെപോകരുത്.

നിങ്ങളുടെ മക്കൾ ഒരു ആറാം ക്ലാസിൽ അല്ലെങ്കിൽ ഏഴാംക്ലാസിൽ പഠിക്കുമ്പോഴേ ഇടയ്ക്കൊക്കെ നിങ്ങൾക്ക് അവരെക്കുറിച്ചുള്ള സ്വപ്നങ്ങൾ പറയണം. കൂടാതെ, അത്താഴസമയത്ത് എല്ലാവരും ഒരുമിച്ചിരുന്നു സംസാരിക്കണം, സംസാരത്തിനിടയിൽ കളിയും കാര്യവുമായി വിവാഹവും പ്രണയവുമൊക്കെ ചർച്ച ചെയ്യുകയും ശരിയായ ബോധ്യങ്ങളിലെത്താതെ ആർക്കും വാഗ്ദാനങ്ങൾ നല്കരുതെന്നും പറഞ്ഞു മനസ്സിലാക്കണം. നിങ്ങൾ അവരുമായി ഒരു സൗഹൃദം കെട്ടിപ്പടുക്കുകയാണെങ്കിൽ, ഒരു മൊബൈൽ ആരെങ്കിലും കൊടുത്താൽ, ഒരു വഴിവിട്ട മെസേജ് കിട്ടിയാൽ, ആരെങ്കിലും തങ്ങളെക്കുറിച്ച് ഒരു കമന്റ് പറഞ്ഞാൽ അവർ ഓടിവന്ന് അത് നിങ്ങളോടു പങ്കുവയ്ക്കും. അതിനുള്ള സ്വാതന്ത്ര്യം അവർക്കു തോന്നും. അടിയും വഴക്കുമില്ലാതെ സ്നേഹത്തോടെ കൈകാര്യം ചെയ്യാനുള്ള പക്വത കാണിക്കണമെന്നു മാത്രം. മക്കളുടെ സ്നേഹബന്ധത്തെക്കുറിച്ചു കേൾക്കുമ്പോൾ മാതാപിതാക്കൾ വെറുതെ മക്കളെ തല്ലിച്ചതയ്ക്കരുതേ, റൂമിൽ പൂട്ടിയിടരുതേ. കാരണം, അത് അവരറിയാതെ അവരുടെ ബന്ധത്തെ ദൃഢപ്പെടുത്താൻ കാരണമാകും. ഇവിടെ ക്ഷമയും സ്നേഹവുംകൊണ്ട് അവരെ തിരുത്തുകയും എങ്ങനെ ഇതിൽ അകപ്പെട്ടു എന്നു ചോദിച്ചു മനസ്സിലാക്കുകയും വിവാഹപ്രായമാകുമ്പോൾ ഇതിനെപ്പറ്റി ആലോചിക്കാമെന്നു പറഞ്ഞുകൊടുക്കുകയും വേണം. ഇപ്പോൾ നന്നായി പഠിക്കാൻ എന്തു ചെയ്യണമെന്ന് അവരോടു കൂടിയിരുന്ന് ആലോചിച്ച് ഒരു തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്യണം.

ഇന്നത്തെ ജീവിതസാഹചര്യങ്ങൾ, സിനിമകൾ, അവർ കാണുന്നതും കേൾക്കുന്നതുമായ വാർത്തകൾ, ആശയവിനിമയസൗകര്യങ്ങൾ (ഫോൺ, ഇന്റർനെറ്റ്) തുടങ്ങിവയൊക്കെയാണ് മക്കളെ വഴിതെറ്റിക്കുന്നതും ഏറെ സ്വാധീനിക്കുന്നതും. അതിനാൽ, ഇന്റർനെറ്റിന്റെ സ്വതന്ത്രമായ ഉപയോഗത്തിന് 18 വയസ്സുവരെ ഒരു നിയന്ത്രണം വയ്ക്കുന്നതാണ് നല്ലത്. ■



11-ാം പേജ് തുടർച്ച

കാരാഗൃഹത്തിൽ ദേവസഹായത്തിന് രാജഭടന്മാരുടെ ഉപദ്രവങ്ങൾ ഏറെ സഹിക്കേണ്ടിവന്നു. അത് അധികാരികളുടെ കല്പനപ്രകാരമൊന്നുമായിരുന്നില്ല. മനുഷ്യത്വം ഉറഞ്ഞുപോയ മനുഷ്യരുടെ ലീലാവിനോദങ്ങൾ. മാർജാരൻ മൂഷികനോടെന്നപോലെ അവർ അദ്ദേഹത്തോടു പെരുമാറി. എന്നാൽ, അവർക്കു വേണ്ടിക്കൂടിയും ദേവസഹായം പ്രാർത്ഥിച്ചു:

‘‘കർത്താവേ, ക്രൂരരും അജ്ഞാനികളുമായ ഒരു കൂട്ടം മനുഷ്യർ എന്നെ തടവിൽ പാർപ്പിച്ചു നിന്ദിക്കുന്നു. ക്രൂരമായി പീഡിപ്പിക്കുന്നു. എന്നാൽ, അങ്ങേക്കുവേണ്ടി ഏതു വിധേനയുള്ള പീഡനങ്ങളും ഞാൻ സഹിക്കും. എന്നെ ഉപദ്രവിക്കുന്ന ഈ സാധുജനങ്ങളോടു ക്ഷമിക്കേണമേ. അവർക്ക് ഭൂമിയിൽ നിത്യസമാധാനവും നിത്യനന്മയും കൊടുത്തരുളണമേ.”

ദേവസഹായത്തിനെ പാർപ്പിച്ചിരുന്ന തടവറയിലേക്ക് മിക്കവാറും ബ്രാഹ്മണർ വന്ന് വിഭൂതി കൊടുക്കുകയും ക്രിസ്തുമതം ഉപേക്ഷിക്കുന്നതിന് ഉപദേശിക്കുകയും ചെയ്തിരുന്നു. പക്ഷേ, ദേവസഹായം അതിനൊന്നും വഴിപ്പെട്ടില്ല. അത് ബ്രാഹ്മണരെ കൂടുതൽ പ്രകോപിപ്പിച്ചു.

ദേവസഹായത്തിനെ തിരുത്തുക സാധ്യമല്ലെന്ന് അവർക്കു മനസ്സിലായി. ഇത്രമാത്രം പീഡനങ്ങൾ സഹിച്ചിട്ടും ഇവനിൽ ഒരു മാറ്റവും കാണുന്നില്ല. സമയാസമയങ്ങളിൽ ഭക്ഷണമോ കുടിക്കാൻ വെള്ളമോ കൊടുത്തിരുന്നില്ല.

പലപ്പോഴും വിശപ്പും ദാഹവുംകൊണ്ട് ദേവസഹായം പരിക്ഷീണനായി. എങ്കിലും അദ്ദേഹം പുറത്തുകാട്ടിയില്ല. ഒന്നും ആവശ്യപ്പെട്ടില്ല. ഒരാന്തരികമായ ശക്തി അദ്ദേഹത്തിൽ വന്നുനിറഞ്ഞുകൊണ്ടിരുന്നു.

‘‘ഹേയ്... നീലകണ്ഠാ, ഞങ്ങൾ പറയുന്നപ്രകാരം നീ വിഭൂതി സ്വീകരിക്കുകയും നമ്മുടെ ദേവന്മാരെ വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നില്ലെങ്കിൽ ദേവി ഭദ്രകാളിയാണേ സത്യം നിനക്ക് തൂക്കുമരമായിരിക്കും ഫലം.” ബ്രാഹ്മണർ പറഞ്ഞു.

“അല്ലയോ വൈദികശ്രേഷ്ഠരേ, ഒന്നറിയുക. നിത്യമായ ദൈവം മനുഷ്യനായി ഭൂമിയിലവതരിച്ചതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു. അതുപോലെ എളിയവനായ ഞാനും ഭൂമിയിൽ പിറക്കാനിടയായതിന് ചില കാരണങ്ങളുണ്ടാകും. അത് കർത്താവായ ദൈവം മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതാണ്. അതിൻപ്രകാരം തൂക്കുമരമാണ് എനിക്കായി ഒരുക്കിയിട്ടുള്ളതെങ്കിൽ അതങ്ങനെതന്നെ സംഭവിക്കട്ടെ. എന്റെ കഴുത്ത് ഒരു തൂക്കുകയറിനായി എന്നേ പരുവപ്പെട്ടിരിക്കുന്നു.”

(തുടരും)

# ഔഷധസസ്യങ്ങളെ സ്നേഹിക്കുന്ന ജെയിംസ്

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഔഷധസസ്യവളർത്തലിനു പ്രോത്സാഹനം നൽകുന്നതിനു വളരെ മുമ്പുതന്നെ കോട്ടയം കടനാട് പഞ്ചായത്തിലെ കൊടുമ്പിടിയിലുള്ള (എലിവാലി) ജെയിംസ് മാത്യു വടക്കേട്ട് ഔഷധസസ്യങ്ങൾ വളർത്താൻ തുടങ്ങിയിരുന്നു. മുപ്പതുവർഷമായി ജെയിംസ് ഔഷധസസ്യക്കൃഷി തുടങ്ങിയിട്ട്. ആനത്തുളസി, കമ്പിപ്പാല, അണലിവേഗം, പല തരത്തിലുള്ള മുറുകൂട്ടി, അയ്യപ്പാന, വാതംകൊല്ലി, കുറ്റിപ്പാണൽ, വെള്ള ഉമ്മം, നീല ഉമ്മം, കറ്റാർവാഴ, കിരിയാത്ത, ആരോഗ്യപ്പച്ച, ആവണക്ക്, പഴുതാരകൊല്ലി, മിറക്കിൾ ഫ്രൂട്ട്, ദന്തപാല, നിലപ്പന, മലതാങ്ങി, ആടലോടകം വലുത് ചെറുത്, കാഴ്ചവാഴ, ചെറുവുള എന്നീ ഔഷധസസ്യങ്ങൾ ഇദ്ദേഹത്തിന്റെ വീട്ടുമുറ്റത്തെ തൊടിയിൽ വളർത്തുന്നു. കൂടാതെ, പഴവർഗങ്ങളുടെ ലിസ്റ്റിൽ മിറക്കിൾ ഫ്രൂട്ട്, ഫാഷൻ ഫ്രൂട്ട്, എഗ്ഫ്രൂട്ട്, മുള്ളാത്ത, മധുരനെല്ലി, സ്റ്റാർഫ്രൂട്ട്, ഓറഞ്ച് നാരകം, ആത്ത, ഞാവൽ, പേര, പപ്പായ, ടൂപ്പിളി, ശീമച്ചാമ്പ, ചാമ്പ എന്നിവയുമുണ്ട്.

ഔഷധവൃക്ഷവിഭാഗത്തിൽ കുളമാവ്, കൂവളം, അത്തി, കാട്ടുഞാവൽ, പാരിജാതകം, ചന്ദനം, മന്ദാരം, വെള്ളറോസ്, പ്ലാവ്, ആഞ്ഞിലി എന്നിവ വേറെ.

തൊടുപുഴയിൽ 22 വർഷമായി സൗഖ്യ ആയുർവേദ ഹോസ്പിറ്റൽ & സ്കൂൾ നേഴ്സിങ് സെന്റർ എന്ന സ്ഥാപനം നടത്തുന്ന ജെയിംസ് ഇടുക്കി ജില്ലയിലെ മികച്ച ആയുർവേദ സ്ഥാപനത്തിനുള്ള എക്സലൻസി അവാർഡും ഭാരത് സേവക് അവാർഡും നേടിയിട്ടുണ്ട്. ഇതിനോടകം 54 ബാച്ചുകളിലായി 3600 വിദ്യാർത്ഥികൾ പഠിച്ചിറങ്ങി ഇന്ത്യയ്ക്കകത്തും പുറത്തുമായി ജോലി ചെയ്യുന്നു.



സഹോദരസ്ഥാപനമായി എലിവാലിയിലും സൗഖ്യ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ വീട്ടിലും ചികിത്സകൾ നടത്തുന്നുണ്ട്.

ജെയിംസിന്റെ മാതാപിതാക്കൾ പാരമ്പര്യമായി നാട്ടുചികിത്സ നടത്തിവന്നിരുന്നു. അതിൽനിന്നെല്ലാം ലഭിച്ച അറിവുകൂടി തന്റെ പ്രവർത്തനങ്ങൾക്കു മികവു നൽകിയതായി ഇദ്ദേഹം പറയുന്നു.

കേരളത്തിനകത്തും പുറത്തുമുള്ള വൈദികരും സിസ്റ്റേഴ്സുമടക്കം ഇവിടെ ചികിത്സയ്ക്കായി എത്താറുണ്ട്.

വിവിധ സ്കൂളുകളിൽ യോഗയും കരാട്ടെയും പരിശീലിപ്പിക്കുന്നുണ്ട് ഇദ്ദേഹം. പൗർണമി മ്യൂസിക് ക്ലബ്ബിന്റെ രക്ഷാധികാരിയായി പ്രവർത്തിക്കുന്ന ജെയിംസ് പോൾ സ്റ്റാർ ചാരിറ്റബിൾ സൊസൈറ്റി, രക്ഷാ റെസിഡൻസ് അസോസിയേഷൻ, ഗ്രീൻ വാലി ഫാർമേഴ്സ് ക്ലബ് എന്നിവയിലും അംഗമാണ്.

വനിതകൾക്കുള്ള ചികിത്സ ജെയിംസിന്റെ ഭാര്യ ഷൈബി ജെയിംസിന്റെ നേതൃത്വത്തിലാണ്. സഫലം, ലീഗൽ സർവീസ് എന്നീ സംഘടനകളിലും ഇവർ അംഗങ്ങളാണ്. നിരവധി അവാർഡുകൾ ഇതിനോടകം ഇദ്ദേഹത്തിനു ലഭിച്ചുകഴിഞ്ഞു.

**- ജോസഫ് കുമ്പുക്കൻ**

# മണിപ്പൂരിന്റെ മഹാമിഷണറി



ഡോ. കുര്യൻ മാതോത്ത്

**ഭാ**രതത്തിലെ കത്തോലിക്കാസഭ ഒരു മിഷണറിസഭയാണ്. 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവിൻ' എന്ന ഈശോയുടെ കല്പന നേരിട്ടു ശ്രവിച്ച വി. തോമസ്, തന്റെ ദൗത്യനിർവഹണത്തിനായി അങ്ങകലെ ഈ ഭാരതനാട്ടിലെത്തി നമ്മുടെ പൂർവികരെ നാഥന്റെ സുവിശേഷമറിയിച്ചു. ക്ലേശകരമായ പ്രേഷിതപ്രവർത്തനത്തിനൊടുവിൽ തന്റെ രക്തംചിന്തി അദ്ദേഹം ഈശോയ്ക്കു സാക്ഷ്യം നൽകി. തോമാശ്ലീഹാ നമുക്കു കൈമാറിയ വിശ്വാസത്തിന്റെ ദീപശിഖയുമായി ആയിരക്കണക്കിനു മിഷനറിമാർ നമ്മുടെ മുമ്പിലൂടെ കടന്നുപോയിട്ടുണ്ട്. സ്വന്തം മാതാപിതാക്കളും സോദരരും എതിർത്തിട്ടുപോലും അതൊന്നും ഗണ്യമാക്കാതെ നാടും വീടും ഉപേക്ഷിച്ച് മിഷൻപ്രദേശങ്ങളിൽ പോയി സധൈര്യം ക്രിസ്തുവിനു ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന എത്രയോ വൈദികരും സമർപ്പിതരും നമ്മുടെ ഇടയിൽ നിന്നുതന്നെയുണ്ട്! ഭാരതത്തിൽ മാത്രമല്ല, വിദേശരാജ്യങ്ങളിലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ നമ്മുടെ ആളുകൾ എത്തിക്കഴിഞ്ഞു.

ആധുനികമിഷനറിമാരിൽ സുപ്രധാന വ്യക്തിയാണ് ജൂലൈ 16 ന് മണിപ്പൂരിൽ അന്തരിച്ച മോൺ. ജോസഫ് കച്ചിറമറ്റം. 96-ാം വയസ്സിൽ മണിപ്പൂരിലെ വൈദികമന്ദിരത്തിൽവച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഈ മിഷനറിവൈദികൻ സ്വന്തം നാട്ടിൽ ഒട്ടും തന്നെ അറിയപ്പെട്ടിരുന്നില്ല. പാലാ രൂപതയിൽപ്പെട്ട രാമപുരം കച്ചിറമറ്റം കുടുംബത്തിൽ അബ്രാഹം-മേരി ദമ്പതികളുടെ ഏഴു സന്താനങ്ങളിൽ നാലാമനായി 1926 മാർച്ച് 12 നായിരുന്നു അദ്ദേഹത്തിന്റെ ജനനം. മരങ്ങാട് മഞ്ചാടിമറ്റം സ്കൂളിലെ പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം ഭരണങ്ങാനം സേക്രഡ് ഹാർട്ട് സ്കൂളിൽ പഠനം തുടർന്നു.

പത്താംക്ലാസ് പൂർത്തിയായപ്പോൾ ഉപരിപഠനത്തിന് കോളജിൽ പോകണമോ അതോ സെമിനാരിയിൽ പോകണോ എന്ന് അല്പം സന്ദേഹമുണ്ടായി. മാതാപിതാക്കൾ തങ്ങളുടെ പുത്രൻ ഒരു വൈദികനാകുന്നതിൽ സന്തോഷിച്ചു. അതുപോലെതന്നെ, പിതൃസഹോദരനായ വൈദികനും ആ യുവാവിനെ പ്രോത്സാഹിപ്പിച്ചു. ആ വല്യച്ചൻ ജോസഫിനെ മദ്രാസിലെ മൈലാപ്പൂർ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ലൂയിസ് മത്തിയാസ് പിതാവിന്റെ പക്കൽ കൊണ്ടുപോയി. അദ്ദേഹം അവനെ സസന്തോഷം സെമിനാരിയിൽ സ്വീകരിക്കുകയും ചെയ്തു. അങ്ങനെ ജോസഫ് കച്ചിറമറ്റം തന്റെ 21-ാം വയസ്സിൽ ഒരു വൈദികവിദ്യാർത്ഥിയായി.

പഠനത്തിലും സെമിനാരിയിലെ നിയമങ്ങൾ പാലിക്കുന്നതിലും എല്ലാവർക്കും ഉത്തമമാതൃകയായിരുന്ന ബ്രദർ ജോസഫ് കച്ചിറമറ്റം 1958 ഏപ്രിൽ 24 ന് പുനമല്ലി സെമിനാരിചാപ്പലിൽവച്ച്, വെല്ലൂർ ബിഷപ് ഡോ. ഡേവിസ് മരിയനായകത്തിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു.

ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലകളിൽ വളരെ സ്തുത്യർഹമായി സേവനം ചെയ്തിരുന്ന ബിഷപ് മരേൻഗോയുടെ ക്ഷണപ്രകാരം മണിപ്പൂർ മിഷനിൽ ചേർന്നു പ്രവർത്തിക്കാനാണ് നമ്മുടെ കൊച്ചച്ചൻ നിശ്ചയിച്ചത്. ഇത്രയും വിദൂരത്തു പോകുന്നതിൽനിന്ന് അച്ചനെ പിന്തിരിപ്പിക്കാൻ മാതാപിതാക്കളും പിതൃസഹോദരനായ ജോസഫ് വല്യച്ചനും ശ്രമിച്ചെങ്കിലും ജോസഫച്ചൻ തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. അക്കാലത്ത് നമ്മുടെ നാട്ടിൽനിന്ന് ആരുംതന്നെ ഇത്രയകലെ പ്രേഷിതവേലയ്ക്കായി പോയിരുന്നില്ല. ബിഷപ് മരേൻഗോ തന്നെ കൊച്ചച്ചനെ ആ പ്രേഷിതരംഗത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഇപ്പോഴത്തെ തേസ്പൂർ, ഡിബ്രുഗാർ, ഇംഫാൽ, കൊഹിമ എന്നീ രൂപതകളുടെയെല്ലാം പ്രഥമ മെത്രാനായിരുന്ന ഇറ്റാലിയൻ മിഷനറിയായിരുന്നു ബിഷപ് മരേൻഗോ. ഇംഫാൽ രൂപതയാണ് ഇപ്പോൾ മണിപ്പൂർ എന്നറിയപ്പെടുന്നത്. മണിപ്പൂരിലെ പ്രഥമ ഏതദ്ദേശീയ മിഷനറിയായിട്ടാണ് ഫാ. കച്ചിറമറ്റം നിയമിതനായത്.

കേരളത്തിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു ആ പ്രദേശം. ഭാഷ, സംസ്കാരം, ജീവിതരീതി തുടങ്ങി എല്ലാക്കാര്യങ്ങളിലും ആ ദേശവാസികളോടു ബന്ധപ്പെടേണ്ടിയിരുന്നു. മണിപ്പൂരിഭാഷ പഠിക്കാനായിരുന്നു ജോസഫച്ചൻ ആദ്യം ശ്രദ്ധ ചെലുത്തിയത്. ഇംഗ്ലീഷ് ഒട്ടും വശമില്ലാത്ത ആ ജനത്തോട് സംവദിക്കണമെങ്കിൽ അവരുടെ ഭാഷ അറിയുക അത്യാവശ്യമായിരുന്നു. ഏതാനും മാസങ്ങൾകൊണ്ട് ആ ഭാഷ നന്നായി കൈകാര്യം ചെയ്യാൻ അച്ചനു സാധിച്ചു.

കച്ചിറമറ്റം അച്ചൻ ഗ്രാമങ്ങൾതോറും സന്ദർശനം നടത്തുമായിരുന്നു. സ്നേഹമസൃണമായ തന്റെ സമീപനം കൊണ്ടും സംഭാഷണരീതി

**ആധുനികമിഷനറിമാരിൽ സുപ്രധാന വ്യക്തിയാണ് ജൂലൈ 16 ന് മണിപ്പൂരിൽ അന്തരിച്ച മോൺസിഞ്ഞോർ ജോസഫ് കച്ചിറമറ്റം. സ്നേഹമസൃണമായ തന്റെ സമീപനം കൊണ്ടും സംഭാഷണരീതികൊണ്ടും ആയിരങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.**

കൊണ്ടും ആ ജനതയെ ക്രിസ്തുവിലേക്ക് ആകർഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഒരു മതത്തിലും അംഗങ്ങളല്ലാത്ത



മോൺ. ജോസഫ് കച്ചിറമറ്റം

അവർ ആദ്യമായിട്ടാണ് ക്രിസ്തുമതത്തെയും ക്രൈസ്തവവിശ്വാസത്തെയുംപറ്റി കേൾക്കുന്നത്. മോട്ടോർബൈക്കിലായിരുന്നു യാത്ര. അത്യാവശ്യസാധനങ്ങളെല്ലാം ബൈക്കിന്റെ പിറകിൽ കെട്ടിവച്ചുകൊണ്ട് എത്ര അകലെവരെ പോകുന്നതിനും അച്ചനു മടിയില്ലായിരുന്നു. മണിപ്പൂരിൽ പല മിഷൻ സെന്ററുകളും ആരംഭിക്കുന്നതിനും നേരത്തേ ഉണ്ടായിരുന്നവ ഇടവകകളായി ഉയർത്തുന്നതിനും കച്ചിറമറ്റത്തച്ചനു സാധിച്ചു.

അടുത്തകാലത്തു നിര്യാതനായ മണിപ്പൂർ ആർച്ചുബിഷപ് ഡോ. ജോസഫ് മിറ്റത്താനിയുടെ സഹപ്രവർത്തകനായും കച്ചിറമറ്റം സേവനം ചെയ്തു. അതിരൂപതയുടെ വികാർ ജനറാൾ, ജുഡീഷ്യൽ വികാർ, കത്തീഡ്രൽ പള്ളി വികാരി തുടങ്ങി ഉത്തരവാദിത്വപ്പെട്ട പല ജോലികളും അദ്ദേഹം കാര്യക്ഷമമായി നിർവ്വഹിച്ചു.

നരച്ച താടിയുള്ള, സദാ പുഞ്ചിരിക്കുന്ന ആ മുഖം ഒരിക്കൽ കണ്ടാൽ പിന്നീടു മറക്കുമായിരുന്നില്ല. 1981 ലെ ഒരു മിഷൻപര്യടനവേളയിലാണ് ബഹു. കച്ചിറമറ്റത്തിലച്ചനെ പരിചയപ്പെടാനും സംസാരിക്കാനും എനിക്കു ഭാഗ്യം ലഭിച്ചത്.

തന്നെ ഏല്പിച്ചതും താൻ സ്വയം ഏറ്റെടുത്തതുമായ ജോലികളെല്ലാം പൂർത്തിയാക്കി 2008 ൽ കച്ചിറമറ്റത്തച്ചൻ റിട്ടയർ ചെയ്തു. വൈദികമന്ദിരത്തിലായിരുന്നു തുടർന്നുള്ള വിശ്രമജീവിതം. വാർദ്ധക്യസഹജമായ അസുഖങ്ങളൊന്നുമില്ലായിരുന്നു. തന്റെ നാഥന്റെ പക്കലേക്കു യാത്രയാകാനുള്ള തയ്യാറെടുപ്പിൽ അദ്ദേഹം സദാ ഉത്സുകനായിരുന്നു. വൈദികരും സന്ന്യസ്തരുമുൾപ്പെടെ ധാരാളം പേർ ആധ്യാത്മികോപദേശം തേടിയും പാപസങ്കീർത്തനത്തിനായും അച്ചനെ സമീപിച്ചിരുന്നു.

2022 ജൂലൈ 16 ന് 96-ാം വയസ്സിൽ മണിപ്പൂരിലെ ആ മഹാമിഷനറി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജൂലൈ 20 ന് മണിപ്പൂർ കത്തീഡ്രലിൽ ആ പൂജ്യശരീരം സംസ്കരിക്കപ്പെട്ടു. അറുപതു വർഷത്തിലേറെ മണിപ്പൂരിൽ പ്രേഷിതപ്രവർത്തനം നടത്തിയ ബഹു. കച്ചിറമറ്റത്തിലച്ചൻ തലമുറയ്ക്ക് ഒരു മാർഗദീപവും വഴികാട്ടിയുമായിരിക്കട്ടെ.

■



*പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ സംഘടിപ്പിച്ച 'നിറക്കൂട്ട് 2022' പ്രോജക്ടിന്റെ പ്രവർത്തനമികവിനുള്ള പുരസ്കാരം വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി കോളേജ് പ്രിൻസിപ്പൽ സി. ഡോ. ബീനമ്മ മാത്യുവിനും പ്രോജക്ട് സ്റ്റുഡന്റ് കോർഡിനേറ്റർ സോജോ ജോണിനും കൈമാറുന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ജലവിഭവമന്ത്രി റോഷി അഗസ്റ്റിൻ, ഡോ. തോമസ് മൂലയിൽ, ഫാ. ബെർക്കുമാൻസ് കുന്നുംപുറം, ആന്റോ ജോസ് പടിഞ്ഞാറേക്കര, ഡോ. റ്റി. സി. തങ്കച്ചൻ എന്നിവർ സമീപം.*




■ വീയെൻ

# കന്യാത്വവും പ്രായവും പ്രധാനപ്പെട്ടതാകുമ്പോൾ

**ഭാ**ര്യയ്ക്കു ഭർത്താവിനെക്കാൾ പ്രായക്കുറവായിരിക്കണം. കന്യകൻ എന്ന വാക്ക് ഇല്ലാത്തതുകൊണ്ടാവാം ഭാര്യ കന്യകയുമായിരിക്കണം. ഭർത്താവിന് ഏതറ്റം വരെയും എങ്ങനെയും പോകാം. അവൻ പുരുഷനാണല്ലോ. പക്ഷേ, ഭാര്യയ്ക്ക് അതു പാടില്ല. കാരണം, അവൾ സ്ത്രീയാണല്ലോ. അതായത്, ഭരിക്കപ്പെടേണ്ടവൾ.

സാങ്കേതികതയിൽ ഏറെ വളർന്നിട്ടും ഇന്നും ഇത്തരത്തിലുള്ള ചിന്താഗതികളാണ് നാം വച്ചുപുലർത്തുന്നത്. സമൂഹത്തിലും കുടുംബത്തിലും സ്ത്രീകളോടുള്ള സമീപനവും വ്യത്യസ്തമല്ല. ഒരു സ്ത്രീ വിധവയാകുന്നുവെന്നിരിക്കട്ടെ. സാധാരണഗതിയിൽ അവൾ രണ്ടാമതു വിവാഹിതയാകുന്നത് അപൂർവമാണ്. ഇനി വിവാഹിതയാവുകയാണെങ്കിൽത്തന്നെ അവളെക്കാൾ പ്രായക്കൂടുതലുള്ള, ബാധ്യതയുള്ള ഒരു രണ്ടാംകെട്ടുകാരനായിരിക്കും അവളുടെ ഭർത്താവ്. അല്ലാതെ വിവാഹം കഴിച്ചിട്ടില്ലാത്ത ഒരുവൻ അവളെ വിവാഹം കഴിക്കും എന്നു വിചാരിക്കാൻ പാടില്ല.

എന്തിനാണ് ഇതൊക്കെ പറയുന്നത് എന്നാണോ? മലയാളസിനിമയിലുമുണ്ട് ഇത്തരം ചില തനതുശീലങ്ങളും കീഴ്‌വഴക്കങ്ങളും... നായിക സുചരിതയും കന്യകയുമായിരിക്കണം. കന്യകയല്ലാത്ത, അല്ലെങ്കിൽ വിധവയായ ഒരുവൾ നായകന്റെ ജോഡിയായി സിനിമ അവസാനിക്കുമെന്നു ചിന്തിക്കാനേ വയ്യ. അങ്ങനെ ഒരു സാധ്യത വന്നാൽ ഒന്നുകിൽ ഏതെങ്കിലും ഗിമ്മിക്കുകൾ കൊണ്ട് നായികയ്ക്കു ചാരിത്രം കൈമോശം വന്നിട്ടില്ലെന്നു സമർത്ഥിക്കും. ഇനി അത്തരമൊരു സാധ്യതയില്ലെങ്കിൽ രണ്ടും കല്പിച്ച അവരെ ഏതുവിധേനയും കൊന്നുകളയും. മാത്രവുമല്ല, പുരുഷന്റെ അധരമുദ്ര കൊണ്ട് വശംവദയായിപ്പോകത്തക്ക അതീവദുർബലകളായിട്ടാണ് ഈ സ്ത്രീകളെ ലോഹിതദാസിനെപ്പോലെയുള്ള മഹാരഥന്മാർപോലും ചിത്രീകരിച്ചിരിക്കുന്നത് (മഹായാനം, കന്മദം).

ഇതിൽ മഹായാനത്തിലെ രാജമ്മ എന്ന ചായക്കടക്കാരി സവിശേഷമായ ശ്രദ്ധ അർഹിക്കുന്നുണ്ട്. ചതിക്കപ്പെട്ട ഒരു പ്രണയകഥയിലെ നായികയാണ് അവൾ. പ്രണയത്തിന്റെ താജ്മഹലുകളിൽ മനവും തനുവും ഒന്നുപോലെ സമർപ്പിച്ചവൾ. പക്ഷേ, കാമുകനിൽനിന്നുള്ള ചതി അവളെ പുതിയൊരാളാക്കി മാറ്റി. അന്നു മുതൽ ലോകത്തുള്ള സകലമാനപുരുഷന്മാരോടും അവൾക്കു വെറുപ്പായി. അവളെ പേടിച്ചാരും ആ വഴിനടപ്പീല എന്ന് പണ്ടു കവി പാടിയതുപോലെയായി കാര്യങ്ങൾ. അങ്ങനെയുള്ള അവളുടെ ജീവിതത്തിലേക്കാണ് ലോറിക്കാരൻ ചന്ദ്രു കടന്നുവരുന്നത്. സ്വാഭാവികമായും അവർ തമ്മിലുള്ള ആദ്യകണ്ടുമുട്ടൽതന്നെ ഉടക്കിലാണ് അവസാനിക്കുന്നത്. പിന്നീട് അതിന്റെ തുടർച്ചകൾ. ഒടുവിൽ സഹികെട്ടെന്നോണം ചന്ദ്രു ഒരുനാൾ അവളെ ചുംബിക്കുന്നുണ്ട്. ആ ചുംബനം അവളെ പെട്ടെന്ന് മറ്റൊരാളാക്കിമാറ്റി!

പുരുഷന്റെ ചൂടും ചൂരും പെണ്ണൊരുവളെ ശാന്തയാക്കുമെന്ന തത്ത്വം ഇവിടെ സമർത്ഥിക്കുകയാണു തിരക്കഥാകൃത്ത്. ഇരുവരും ആഴമായ ഒരു സ്നേഹബന്ധത്തിലേക്കു വളരുകയും അതു വിവാഹം കഴിക്കാനുള്ള തീരുമാനത്തിലെത്തുകയും ചെയ്യുന്നു. രാജമ്മയുടെ ഭൂതകാലം മുഴുവൻ മനസ്സിലാക്കിക്കൊണ്ടുതന്നെയായിരുന്നു തന്റെ ജീവിതത്തിലേക്കുള്ള ചന്ദ്രുവിന്റെ ക്ഷണം. പക്ഷേ, മറ്റൊരുവനു ശരീരം പങ്കിട്ടു നല്കിയ, പങ്കിലയായ രാജമ്മയെ നായകൻ ചന്ദ്രുവിനു വിവാഹം കഴിച്ചുകൊടുക്കാൻ തിരക്കഥാകൃത്ത് തയ്യാറാകുന്നില്ല. നായിക അനാഘ്രാതപുഷ്പമായിരിക്കണം എന്ന പരമ്പരാഗതസങ്കല്പത്തിൽനിന്നു മുക്തമാകാൻ തയ്യാറല്ലാത്ത ആ മനസ്സ് രാജമ്മയെ സിനിമയുടെ അവസാനം കൊന്നുകളയുന്നു.

ഭരതന്റെ കാതോടു കാതോരത്തിൽ സംഭവിക്കുന്നതും ഇതുതന്നെയാണ്. അസ്വസ്ഥമായ ദാമ്പത്യബന്ധത്തിന്റെ എല്ലാ ചവർപ്പും അനുഭവിക്കുന്നവളാണ് നായികയായ മേരിക്കുട്ടി. വളരെ അപ്രതീക്ഷിതമായിട്ടാണ് നായകനായ ലൂയിസ് അവളുടെയും മകന്റെയും ജീവിതത്തിലേക്കു കടന്നുവരുന്നത്. മേരിക്കുട്ടിക്കും മകനും ഒരു ജീവിതം നല്കാൻ നല്ലവനായ ലൂയിസ് തയ്യാറാകുമ്പോഴും അതിനു വിഘാതമായി ഒരുപാട് ഭൗതികസാഹചര്യങ്ങൾ അവർ നേരിടുന്നു. ഒടുവിൽ നാടുവിട്ട് മറ്റൊരു ദേശത്ത് താമസം ആരംഭിച്ചപ്പോഴും ജീവിക്കാൻ അനുവദിക്കാത്തവിധത്തിലാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്.



അതിന്റെയും അവസാനം മേരിക്കുട്ടിയുടെ ജീവനാശത്തിലാണ്.

ജോഷിയുടെ സംഘം എന്ന ചിത്രത്തിലുമുണ്ട് ഇതിന്റെ ആവർത്തനം. നായകൻ കുട്ടപ്പായിയുടെ കോളജുകാലത്തെ ഒരു വികൃതിയാണ് അമ്മിണിയെന്ന പെൺകുട്ടിയുടെ ജീവിതം തകർക്കുന്നത്. സമൂഹവിവാഹത്തിൽ കുട്ടപ്പായി വിവാഹം ചെയ്തത് അമ്മിണിയെയായിരുന്നു. പക്ഷേ, മകന്റെ ഈ തോന്ന്യാസം അറിഞ്ഞ അപ്പൻ റപ്പായി രായ്ക്കു രാമാനം അമ്മിണിയെ മകനിൽനിന്നകറ്റുകയും എന്നാൽ, മകൻമൂലം അവളുടെ ജീവിതം തകരാതിരിക്കാൻ ഒരു രക്ഷകനെ ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്നു. പക്ഷേ, രക്ഷകനായി മാറേണ്ട ആൾ അമ്മിണിയെ വേശ്യാവൃത്തിയിലേക്കാണു തള്ളിവിട്ടത്. അവൾക്ക് അതിൽനിന്നു രക്ഷപ്പെടാൻ പിന്നീട് മരണംവരെ കഴിഞ്ഞുമില്ല. കുട്ടപ്പായിക്ക് തന്റെ മകളെ അപകടകരമായ ജീവിതസാഹചര്യങ്ങളിൽനിന്നു രക്ഷപ്പെടുത്താൻ കഴിയുന്നുണ്ട്. പക്ഷേ, മോളിക്കുട്ടിയെന്ന കുലസ്ത്രീയുടെ ഭർത്താവായി ജീവിക്കുന്ന കുട്ടപ്പായിയുടെ ജീവിതത്തിലേക്കു വല്ലവിധേനയും അമ്മിണിയെ പ്രവേശിപ്പിക്കാൻ തയ്യാറാകാത്ത തിരക്കഥാകൃത്ത് അവളെ വണ്ടികയറ്റി കൊല്ലുന്നു. അല്ലെങ്കിലും വേശ്യയായ അമ്മിണി കുട്ടപ്പായിയുടെ ജീവിതത്തിൽ മിസ് ഫിറ്റാണല്ലോ. അയാൾക്ക് നല്ലവളായ മകളെ മാത്രം കൊടുത്താൽ മതിയെന്നാണ് തിരക്കഥാകൃത്തിന്റെ ചിന്ത. അമ്മിണിയെ വകവരുത്തി അതയാൾ നടപ്പിൽവരുത്തുകയും ചെയ്യുന്നു.

കിളിച്ചുണ്ടൻമാമ്പഴം എന്ന സിനിമയിൽ നായിക മറ്റൊരാളുടെ മൂന്നാംഭാര്യയായിട്ടുപോലും തന്റെ കന്യകാത്വം കാമുകനു സമർപ്പിക്കാനായി ദാമ്പത്യധർമത്തിൽനിന്ന് പല നുണകൾ പറഞ്ഞ് ഒഴിഞ്ഞുനില്ക്കുന്നവളാണ്. കിളിച്ചുണ്ടൻ മാമ്പഴമേ കിളി കൊത്താതേൻപഴമേ എന്നാണ് പാട്ടുപോലും. ഏതെല്ലാം കളികളിച്ചാണെങ്കിലും നായകനു നായികയെ കൊടുക്കുമ്പോൾ അവൾ കന്യകയായിരിക്കണമെന്ന നിശ്ചയം മാമ്പഴക്കാലം എന്ന സിനിമയിലും നടപ്പിൽവരുത്തിയിട്ടുണ്ട്. ഗൾഫ് ജീവിതവും കുടുംബസ്നേഹവും കാരണം നേരായ പ്രായത്തിൽ വിവാഹം കഴിക്കാതെപോയ നായകൻ അപ്രതീക്ഷിതമായി തന്റെ പഴയസ്നേഹഭാജനത്തെ കണ്ടുമുട്ടുന്നു. പക്ഷേ, അവൾ ഇതിനകം വിവാഹിതയും അമ്മയുമായിക്കഴിഞ്ഞിരിക്കുന്നു. ഒരു മകളുണ്ട് എന്നതാണ് വിവാഹം നടത്താതിരിക്കാനായി വീട്ടുകാർ കണ്ടെത്തുന്ന കാരണവും. പക്ഷേ, ആ മകൾ നായികയുടെയല്ലെന്നും അവൾ വിവാഹം കഴിച്ചിട്ടുണ്ടെങ്കിൽപ്പോലും കന്യകയാണെന്നുമാണ് ചിത്രം പറയുന്നത്. അതോടെ നായകനും നായികയും തമ്മിലുള്ള വിവാഹത്തിന്റെ തടസ്സങ്ങൾ മാറിക്കിട്ടുന്നു.

വിധുരനും പിതാവുമായിരുന്നിട്ടും നായകനെ മധുരപ്പതിനേഴുകാരികളും അവിവാഹിതരും പ്രണയിക്കാനും വിവാഹം കഴിക്കാനും മത്സരിക്കുന്ന രീതിയും മലയാള സിനിമയിലുണ്ട്. പപ്പയുടെ സ്വന്തം അപ്പൂസ്, എന്റെ വീട് അപ്പൂന്റേം തുടങ്ങിയ സിനിമകൾ ഓർമിക്കുക. എന്നാൽ, വിധവയോ ഡിവോഴ്സിയോ ആയ ഒരു നായികയെ സുന്ദരനും സൽസ്വഭാവിയും അവിവാഹിതനുമായ നായകൻ വിവാഹം കഴിക്കുന്നത് മലയാളസിനിമയ്ക്ക് ഇനിയും സങ്കല്പിക്കാൻ കഴിയില്ല.

എന്നാൽ, പ്രകടമായ ഈ ചിന്താഗതികളെ ചെറുതായിട്ടൊന്നു കുലുക്കാൻ കഴിഞ്ഞ സിനിമയായിരുന്നു അടുത്തയിടെ റീലിസായ ലളിതം സുന്ദരം. കേന്ദ്രകഥാപാത്രമല്ലെങ്കിലും സിനിമയിൽ ശ്രദ്ധേയമായ ഒരു കഥാപാത്രത്തെ അവതരിപ്പിച്ച അവിവാഹിതനായ ജെറി (അനു മോഹൻ) വിവാഹം കഴിക്കാൻ തീരുമാനിച്ചിരിക്കുന്നത് തന്നെക്കാൾ മുതിർന്ന ഡിവോഴ്സിയായ സിമിയെ(ദീപ്തി സതി)യാണ്. പ്രായവ്യത്യാസവും വിവാഹമോചനവും പറഞ്ഞ് ആ ബന്ധത്തെ ചോദ്യം ചെയ്യുന്നവരെ അതിനെന്താണ് എന്ന മറുചോദ്യം കൊണ്ടാണ് ജെറി നിശ്ശബ്ദരാക്കുന്നത്. അതെ, അതിനെന്താണ്.

നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടത്തിൽത്തന്നെ പ്രായവ്യത്യാസം കണക്കിലെടുക്കാതെയുള്ള സെലിബ്രിറ്റികളുടെ വിവാഹജീവിതങ്ങൾ കൺമുമ്പിലുണ്ടല്ലോ. അഭിഷേക് ബച്ചൻ - ഐശ്വര്യ റായ്, സച്ചിൻ തെണ്ടുൽക്കർ - സംഗീത, നിക്ക് - പ്രിയങ്ക ചോപ്ര എന്നിങ്ങനെ എത്രയോ ഉദാഹരണങ്ങൾ.

പറഞ്ഞുവരുന്നത് ഇതാണ്. മനസ്സുകൾ തമ്മിലുള്ള അടുപ്പമാണ് മറ്റെന്തിലും പ്രധാനം. ബാഹ്യമായ ചില ഘടകങ്ങൾ വച്ചുകൊണ്ടായിരിക്കരുത് വിവാഹമെന്ന ഉടമ്പടിയിലേർപ്പെടേണ്ടത്. വിധവകൾ വിവാഹിതരാകുന്നതിനോടോ വിധവകളെ വിവാഹം കഴിക്കുന്നതിനോടോ ഇന്നത്തെ കാലത്തുള്ളതുപോലെ അസ്പൃശ്യത കാലം ഇത്രയൊന്നും മാറിയിട്ടില്ലാത്ത മുപ്പതുകളിൽ കേരളത്തിലുണ്ടായിരുന്നില്ലെന്നും ഓർമിക്കണം. വി.ടിയുടെയും എം.ആർ.ബിയുടെയും മറ്റും നേതൃത്വത്തിലുള്ള വിധവാവിവാഹങ്ങൾ എന്തൊരു സംഭവമായിരുന്നു! പക്ഷേ, ഇന്ന് അത്തരം മുന്നേറ്റങ്ങൾ നമുക്കിടയിലുണ്ടാകുന്നില്ല എന്നതല്ലേ സത്യം?

പീഡനത്തിന് ഇരകളാകുന്ന പെൺകുട്ടികളോട് ഇനി നിങ്ങളുടെ മുമ്പിലുള്ളത് ആത്മഹത്യമാത്രമാണെന്നു പറഞ്ഞുകൊടുക്കുന്ന നേതാക്കന്മാരുടെ കാലത്താണ് നാം ജീവിക്കുന്നത്. തന്റെ അറിവോ സമ്മതമോ ഇല്ലാതെ ബലാൽക്കാരമായി ഒരാൾ ശരീരം കീഴടക്കിയിട്ടും അതിന്റെ മുറിവുമായി ജീവിതകാലം മുഴുവൻ ജീവിക്കേണ്ടിവരുന്ന എത്രയോ നിഷ്കളങ്കരായ പെൺകുട്ടികൾ നമുക്കിടയിലുണ്ട്! അവരെ വിവാഹം കഴിക്കാനോ അവർക്കൊരു ജീവിതംകൊടുക്കാനോ തയ്യാറായി ആരും വരുന്നില്ല. പീഡിപ്പിക്കപ്പെട്ടത് അസമയത്ത് യാത്ര ചെയ്തതിന്റെയോ വസ്ത്രധാരണം മോശമായതിന്റെയോ പേരിലാണെന്നു വിധിയെഴുതുന്നത് ഒരുതരം സാഡിസമാണ്. ഇത്തരം അബദ്ധപ്രസ്താവങ്ങളാണ് ശരിക്കും അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നത്. ശാരീരികപീഡനം ഏതാനും മണിക്കൂറുകൾ നേരത്തേക്കു മാത്രമായിരുന്നുവെങ്കിൽ ഇതാവട്ടെ, ജീവിതകാലം മുഴുവനുമുള്ള പീഡനമായി മാറുന്നു. അതിന്റെ ബാക്കിയെന്നോണമാണ് വെറും കമ്മോഡിറ്റി കണക്കെ അവരെ ഉപയോഗപ്പെടുത്താൻ പലരും മുന്നോട്ടുവരുന്നത്.

പുരുഷന് ആവശ്യമില്ലാത്തതും സ്ത്രീക്കു മാത്രം ആവശ്യമുള്ളതുമാണ് ചാരിത്ര്യശുദ്ധിയെന്നത് കാലഹരണപ്പെട്ട ആശയമാണ്. ചാരിത്ര്യശുദ്ധിയും സാന്മാർഗികതയും എല്ലാവർക്കും ഒന്നുപോലെ വേണ്ടതാണ്. വൈധവ്യത്തിന്റെ പേരിൽ, എന്നോ ആരോ നഷ്ടപ്പെടുത്തിയ വിശുദ്ധിയുടെ പേരിൽ ജീവിതകാലം മുഴുവൻ കണ്ണീർചിന്തിയും അപകർഷത അനുഭവിച്ചും ജീവിക്കേണ്ടവരൊന്നുമല്ല സ്ത്രീകൾ. ആത്മധൈര്യത്തോടെ ഭാവിയെ നോക്കിക്കാണാനും ജീവിതത്തെ കെട്ടിപ്പടുക്കാനും കഴിയുന്ന വിധത്തിലുള്ള അത്തരം സ്ത്രീകളുടെ കഥകൾകൂടി മലയാളസിനിമയിലുണ്ടാവട്ടെ. അത് സ്ത്രീകൾക്കു കൊടുക്കുന്ന ആത്മവിശ്വാസവും ധൈര്യവും കുറവൊന്നുമായിരിക്കുകയില്ല. ■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 23 Date of Publication 4 aug 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil *Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org